Great changes in the field of our education are yet to take place. The current trend seems to be to emphasise technical education. The increasing demand for more and more technical men and the alluring prospects held out by industrial magnates are attracting a large number of students to technology. The emphasis on technical education is so great that art seems almost to have gone into eclipse. But in some countries which have gone ahead in technology and have ignored art, human values are at a discount. So it will be foolish to think that technical education alone will satisfy human needs and art may be left to take care of itself. Let us not, in our eagerness to keep step with industrialised nations, subordinate man to the machine!

"You had better ask for manners than money", said a dandy to a beggar. "I asked for what I thought you had most of."

* * * * * *

"I see a villain in your face", said a Judge to a prisoner. "May it please your honour", said the latter, "that is a personal *reflection*".


You don't have to be a PROFESSOR...



to own

The New

Doric Skyliner Pen



The new Doric Skyliner pen is outstanding value at its price – a solid 14ct. Gold Nib ground to suit every hand-writing need, a Magic Feed designed to write to the last drop of ink, a Breather Tube guaranteed to take in a larger ink supply and a Rolled Gold Clip and Band that will not tarnish for years. Yet this pen can be yours at an amazingly low price. See and buy the DORIC SKYLINER at your store today.

★ Regular
Rs. 15.00
★ Self-filler
Rs. 15.50
★ Aerometric
Rs. 16.00

DORIC PRODUCTS

Hornby Road, Bombay 1.

DP-35/MAS

Vegetarian Versus Non-Vegetarian.

(M. Sukumar, II B. Sc)

The people of the world may be divided into two categories when we consider their diet — vegetarian and non-vegetarian. It is a matter for debate which of these is preferable. The question can be examined from three stand points—health, principle and practice.

Under ideal conditions both vegetarianism and non-vegetarianism are capable of keeping us healthy and fit. Flesh is recommended as an article of diet chiefly because of its proteins of high nutritional value. In a vegetarian dietary, cheese is one of the few equivalents of flesh. Soya-beans also contain high grade protein. In small proportions it is present in milk and vegetables. When taken in adequate quantities milk and vegetables alone can supply all the demands of the body for first class proteins. We should bear in mind that optimum health is often built on an adequate combination of various nutritive elements and not upon the best proteins alone. Since the vegetarian gets second grade proteins in abundant measure from his dietary we cannot condemn vegetarian diet as inadequate.

On the other hand large amounts of protein obtained from flesh diet is harmful to health since it might give rise to Uric acid in such abundance that some systems might find it difficult to get rid of it. The accumulation of Uric acid in the system leads to all sorts of physical ailments. Also undigested proteins get attached to the colon or large intestines and cause the production of toxins and poisons which are absorbed by the body and give rise to various types of diseases. Therefore the meat-eater has to practise considerable moderation during his meals to escape the harmful consequences of an excess of proteins and the vegetarian has to see to it that his diet provides him with sufficient mixed proteins for the maintenance of perfect health.

As for the influence of food on the intellect, the evidences are equally balanced on both sides. We see persons of equal keenness

of intellect, initiative and smartness among both vegetarians and non-vegetarians. Hitler whose acute though perverse intellect won the admiration of the whole world, was a pure vegetarian. He was a militarist but generally speaking the vegetarian food is known to exercise a more humane and softening influence on men than a meat diet. We see that vegetarians are in general less cruel and brutal but more kind and humane than non-vegetarians.

The question may next be examined from the stand-point of principle. The two factors to be considered here are the economic factor and the spiritual or religious factor. The practice of vegetarianism which meets the economic test of right diet is a social duty since it provides work for so many thousands of people who prepare the soil for growing different crops. On the other hand an animal diet provides less work for the people since animals are fed on pasture lands which require no cultivation. Again religion recognizes a simple satvika diet as a means to pure life which looks to the highest satisfaction of the soul. On principle, therefore, the vegetarian diet is the right one. In practice, however, people have to adjust themselves to their circumstances and environments. It is ideal to think of cheese, milk and buttermilk ('vegetables' produced by the plant 'cow') as parts of one's daily life. The cost is high and the supply small whereas in the case of meat the supply is abundant. Thus the economic factor is one of the reasons that drives a vast number of people to meat-eating. Other environmental reasons also account for the adoption of the non-vegetarian diet by many a vegetarian. Large numbers of vegetarian students who go abroad for higher education take to meat-eating. There are a good number of people who change a vegetarian for a non-vegetarian diet and vice versa from personal predilections or on the advice of their doctors.

EXCHANGES.

Alwaye	Union Christian College,		Magazine.
Bhopal	Govt. Hamidia	,,	,,
Changanachery	St. Berchman's	,,	,,
,,	Assumption	,,	,,
Calicut	Providence	,,	,,
Ernakulam	Law	,,	,,
,,	St. Alberts'	,,	,,
,,	Maharaja's	,,	,,
Kozhikode	Guruvayurappan	,,	,,
,,	St. Joseph's	,,	,,
Kottayam	B. C. M.	,,	,,
Mannanam	St. Joseph's Training	,,	,,
Muvattupuzha	Nirmala	,,	,,
Madras	Layola	,,	,,
Palai	St. Thomas	,,	,,
Palayamkottai	St. Xavier's	,,	,,
Pandalam	N. S. S.	,,	,,
Palghat	Gov. Victoria	,,	,,
Quilon	Fatima	,,	,,
Trichur	St. Thomas	,,	,,
,,	St. Mary's	,,	,,
,,	Kerala Varma	,,	,,
Trivandrum	University	,,	,,
,,	Mar Ivanios	,,	,,
Tiruvalla	Mar Thoma	,,	,,
Thevara	Sacred Heart	,,	,,
Trichinapoly	St. Joseph's	,,	,,
Tambaram	Madras Christian	,,	,,

THE FEDERAL BANK LIMITED,

H. O. ALWAYE.

BRANCHES: ANGAMALLY, CHALAKUDY, ERNAKULAM, EDAVANAKAD, PERUMBAVOOR & KOOTHATTUKULAM.)

PROGRESS STATEMENT.

Year	Capital	Deposits	Working Capital	Reserves
1948	1,30,340. 00	2,32,071. 32	4,24,623. 12	2,200. 00
1950	1,31,590. 00	6,33,010. 40	8,63,707. 81	5,000. 00
1952	1,42,860. 00	8,73,889. 78	11,70,282. 49	17,393. 75
1954	1,42,860. 00	13,33,676. 15	16,59,496. 98	27,534. 58
1956	1,42,860. 00	27,32,210. 07	43,02,367. 05	42,500. 00
1958	1,42,860. 00	39,85,887. 31	66,88,230. 59	89,781. 12

Year	Investment	Net Profit	Dividend
1948	41,700. 09	6,921. 05	2 1/3% free of Tax
1950	39,237. 50	7,412. 33	2 1/2% ,,
1952	89,719. 43	15,008. 15	3 1/2% ,,
1954	1,58,960. 56	21,751. 80	5 % ,,
1956	5,74,525. 35	34,885. 39	5 1/2% ,,
1958	10,38,887. 62	42,802. 62	6 % ,,

PHONE: 27

K. V. KORU & Co.,

GENERAL MERCHANTS & COMMISSION AGENTS,

MARKET ROAD,

IRINJALAKUDA.

"Sir," said the lawyer to the clergyman, "If a priest and a devil went to law, who, do you think, would win?"

"The devil, Sir, for all the lawyers (liars) would be on his side", replied the priest.

* * * * * *

Two ladies asked a polite Irishman whom he thought the elder. "Sure", said he, "you both look younger than the other."

* * * * * *

He: "You used to say there was something about me you liked."

She: "Yes, but you have spent it all now."

* * * * * *

"The Police say that you and your wife had some words", said the Judge.

"I had some" replied the prisoner, "but did'nt get a chance to use them".

* * * * * *

"Have you any idea of what Hell is like?" "Yes, come up to my house to-night and I'll introduce you to my mother-in-law."

* * * * * *


Counsel: "Was the prisoner sober?"

Witness: "No, Sir, he was drunk as a Judge."

Judge: "You mean drunk as a lord?"

Witness: "Yes, my lord."

IN MEMORIAM



P. RAVINDRAN

Born 1—7—1939

Expired 4—2—1959

R. I. P.

Life and love all a dream,
Oh! scenes in strong remembrance set
Scenes never, never to return!

It is with deep regret we record the sudden and unexpected demise of one of our beloved students, **M. P. George** of the Pre-University on the 14th May 1959.

George's end was the result of a shock he received from lightning and thunder while he was reading in his room.

We do not find words to express our sorrow at the merciless hit of fate. It is all the more great since this is the second misfortune during the year.

May his soul rest in Peace.

R. I. P.

സാഹിത്യകുതുകം

ഗവൺമെന്റ് പ്രസ്സ്

രസകരമായ ഒരു യാത്ര.

(സുരേന്ദ്രനാഥൻ കെ. കെ., I. B. Com.)

ഒരു ഞായറാഴ്ച രാവിലെ കുസുമഗിരിയുടെ വിഭവസമൃദ്ധമായ സദ്യയും, വിറകൊള്ളിക്കുന്ന കുളിരും നിസ്സാരമാക്കിക്കൊണ്ട് ഞങ്ങളും റെയിൽവേസ്റ്റേഷനിൽ എത്തി. അങ്ങനെ മൂന്നു് അദ്ധ്യാപകരടക്കം ഞങ്ങളും ഇരുപത്തഞ്ചുപേർ രസകരമായ ഒരു യാത്ര പുറപ്പെട്ടു.

ഒരു മണിക്കൂർ വൈകിയാണു് ''കൊച്ചിൻ എക്സ്പ്രസ്സു്'' ഓടിക്കിതച്ചെത്തിയതു്. നാലു മുറികളുള്ള ബോംബെ കമ്പാർട്ടുമെൻറു് പ്ലാറ്റ്ഫാമിന്നടുത്തു വന്നുനിന്നു. ജനലിൽ ഇരുമ്പഴികളും കതകിന്നു പൂട്ടുമുള്ള സുരക്ഷിതമായ, തുടച്ചു വൃത്തിയായ മൂന്നു മുറികളിലായിട്ടായിരുന്നു ഞങ്ങളുടെ റിസർവ്ഡു് സീറ്റുകൾ. അടിയിലത്തേയും അതിന്നു മുകളിലത്തേയും സീറ്റുകളിൽ കിടക്കുവിരിച്ചു് ഏറ്റവും മുകളിലത്തേതിൽ പെട്ടികളും വെച്ചു് അവരവരുടെ സ്ഥാനം സുരക്ഷിതമാക്കി. ഞങ്ങളുടെ കമ്പാർട്ടുമെൻറിൽ കയറാൻ ശ്രമിച്ചു് പല യാത്രക്കാരും നിരാശരായി മടങ്ങിപ്പോയി. രണ്ടുമണിയോടുകൂടി ഞങ്ങളേയും വഹിച്ചുകൊണ്ടു് വണ്ടി പുറപ്പെട്ടു. കേരളത്തിൻെറ വടക്കേ അതിർത്തിയായ ''വാളയാർ'' കടന്നു്, കോയമ്പത്തൂർ, ഈറോഡു്, സേലം തുടങ്ങിയ സ്റ്റേഷനുകളും തരണംചെയ്തു പ്രഭാതത്തിൽ ഞങ്ങളും ആക്കോണത്തെത്തി. ഇന്ത്യയുടെ നാനാഭാഗത്തേയ്ക്കും സദാസമയവും വണ്ടി വന്നുംപോയുമിരിക്കുന്ന, തെക്കേ ഇന്ത്യയിലെ, ഒരു വലിയ ജങ്ഷനാണു് ഇതു്. ഒമ്പതുമണി കഴിഞ്ഞു. വണ്ടി സത്വരം ഓടിത്തുടങ്ങി. പ്രകൃതിയുടെ ശക്തിയും ഭംഗിയും കാണണമെങ്കിൽ അതിന്നുള്ള അവസരമാണിതു്. മലയുടെ കിഴക്കാംതൂക്കായ ഭാഗങ്ങളിൽ ഭീമമായ ഉരുളൻ പാറക്കല്ലുകളും തങ്ങിനില്ക്കുന്നു. അവയ്ക്കു മുകളിൽ മുകളിലായി പിന്നേയും കല്ലുകളും തങ്ങിനില്ക്കുന്നതു കാണാം. വണ്ടി കടക്കുമ്പോഴേയ്ക്കും ഇവയിലേതെങ്കിലും അടർന്നുവീഴുമോയെന്നു ഭയം തോന്നുമെങ്കിലും, രസമുള്ള കാഴ്ചതന്നെ. പർവ്വതപ്രാന്തം പിന്നിട്ടാൽ ഫലപുഷ്ടിയില്ലാത്ത തരിശുഭൂമിയായി. ഏതാനും ഭാഗം വെള്ളത്തിൽ മുങ്ങി വരിവരിയായി നിന്നിരുന്ന വൃക്ഷങ്ങളുടെ ഇടയിലൂടെ വരുന്ന ബാലാർക്ക കിരണങ്ങളേറ്റു വർണ്ണശബളമായിത്തീർന്ന പ്രകൃതിയുടെ ലാവണ്യം അവർണ്ണനീയംതന്നെ.

മലയും മേടും കുണ്ടും കുഴിയും നിറഞ്ഞതു, മാനും മയിലും കുയിലും കുരങ്ങനും സൈരമായി ജീവിക്കുന്ന കുറിക്കാടുകളാൽ ആവൃതമായ ഒരു വലിയ ഭൂവിഭാഗം പിന്നിട്ടു വിശാലമായ വയലുകൾക്കിടയിലൂടെയാണു് വണ്ടി പോകുന്നതു്. പത്തിരുപതു നാഴികയ്ക്കിടയ്ക്കു്, വൃത്തിയുള്ള സാമാന്യം വലിയ വളരെ കുറച്ചു വീടുകളും, അവയ്ക്കു ചുറ്റും ഏതാനും കുടിലുകളുമുള്ള ചെറിയ ഗ്രാമങ്ങൾ കാണാം.

27-ാംനു- ഞങ്ങൾ പൂനയിലിറങ്ങി. ആദ്യമായി അവിടെനിന്നും പതിനാലു നാഴിക അകലെയുള്ള കടക്കവാസലയിൽ ''നേഷനൽ ഡിഫെൻസു് അക്കാഡമി''കാണുവാൻ പോയി. നേവി, എയർഫോഴ്സു്, മിലിട്ടറി, ഇവയെക്കുറിച്ചു്, ഏകസ്ഥലത്തു പരിശീലനം നല്കുന്ന, ഇന്ത്യയിലെ ഏകസ്ഥാപനമാണിതു്. നാലുഭാഗത്തും മലകളാൽ ചുറ്റപ്പെട്ട സുരക്ഷിതമായ ഇവിടെ ആയിരക്കണക്കിനാളുകൾക്കു താമസിക്കുന്നതിന്നു സൗകര്യമുള്ള കപ്പാർട്ടേഴ്സു് വണ്ടിയിലിരുന്നാൽ കാണാം. ഇവിടെ 1500 ആളുകൾക്കു് ഒരുമിച്ചിരുന്നുണ്ണാവുന്ന ഒരു ഹാളും അതിനോടു ചേർന്നു് അടുക്കളയുമുണ്ടു്. ഇവിടെ പാൽ കാച്ചുന്നതും, മത്സ്യം വറുക്കുന്നതും പാത്രം

കഴുകുന്നതും, എല്ലാം യന്ത്രങ്ങളാണു്. ഉന്നത മദ്ദത്തിൽ ചൂടുവെള്ളവും പച്ചവെള്ളവും പാത്രത്തിൽ തട്ടിച്ചാണു് പാത്രം വൃത്തിയാക്കുന്നതു്. ഇവിടെ പാൽ പിരിയുകയില്ല; പാത്രം ഉടയുകയില്ല; കാരണം സകലതും ചെയ്യുന്നതു് ഇലക്ട്രിസിറ്റിയാണു്, ബലഹീനനായ മനുഷ്യനല്ല. എജ്യുക്കേഷൻ ഹാളും, സിനിമാഹാളും, സ്വിമ്മിങ്ങ്പൂളും നാടകവും കണ്ടു ഞങ്ങൾ മടങ്ങിപ്പോന്നു. അടുത്ത ദിവസം പ്രഭാതത്തിൽ "സന്ബാജി പാക്ക്" കണ്ടു. പിന്നെ ശിവാജിയുടെ കോട്ട കാണുവാൻ പോയി. അതു് ഇന്നും ശിവാജിയുടെ കഴിവുകളെ ഉച്ചൈസ്തരം ഉൽഘോഷിക്കുകയാണു്. പൂനയിലെ ദൃശ്യങ്ങളിൽ തൊണ്ണൂറുശതമാനവും, സ്ത്രീപുരുഷഭേദമെന്യേ, സൈക്കിളിലാണു് സഞ്ചരിക്കുന്നതു്. ശയനമുറിയുടെ സൗകര്യക്കുറവും, രാത്രിയിലെ അതിശൈത്യവുംനിമിത്തം 28–ാംനു- ഉച്ചതിരിഞ്ഞുതന്നെ ഞങ്ങൾ ബോംബെയ്ക്കു പുറപ്പെട്ടു.

ഇരുപത്തൊന്നു തുരങ്കങ്ങൾ കടന്നു് ഇലക്ട്രിക് ടെയിൻ ഏഴുമണിക്കു് ബോംബെയിലെത്തി; എട്ടുമണിക്കു് ഞങ്ങൾ ഡോൺബോസ്കോ സ്റ്റാളിലും. സ്റ്റാളെന്നുപറഞ്ഞാൽ, ഒരു പള്ളിയുടെ ഇരുഭാഗത്തും സ്ഥിതിചെയ്യുന്ന, മൂന്നുനിലയിലുള്ള അടി മാർബിളിട്ട, രണ്ടു ക്കൻ കെട്ടിടങ്ങൾ. ആ രാത്രിതന്നെ വ്യായാമത്തിനുവേണ്ടി രണ്ടു ഫർലോങ്ങ് നടന്നു, തിരിച്ചുപോരുമ്പോൾ വഴി തെറ്റിയതിനാൽ രണ്ടു നാഴിക നടക്കേണ്ടിവന്നു. പിറേറന്നു സിറ്റിയിൽ ആകെയൊന്നു കറങ്ങി—അംബരചുംബികളായ ഉന്നതസൗധങ്ങളും, ആറൊഴുകുന്നപോലെ വാഹനങ്ങളും, വിശിഷ്യ കാറു്, ഓടിക്കൊണ്ടിരിക്കുന്ന റോഡുംതന്നെ. പത്തുപതിനഞ്ചുമിനിട്ടു നിന്നാലേ ഒരു റോഡു വിലങ്ങനെ കടക്കാൻ പറ്റുകയുള്ളൂ. "സചിവാലയത്തിൽ"വെച്ചാണു് ഞങ്ങളിൽ പലരും ആദ്യമായി "ലിഫ്റ്റിൽ" കയറിയതു്.

ബോംബെയിൽ ഒരു സാധാരണ സ്റ്റേഷനിൽ കുറഞ്ഞതു് എട്ടൊമ്പതു പ്ലാറ്റ്ഫോമെങ്കിലുമുണ്ടായിരിക്കും. സെൻട്രൽ സ്റ്റേഷനിൽ ഇരുപത്തൊന്നു പ്ലാറ്റ്ഫോമുകളുണ്ടു്. ദൂരദിക്കിലേയ്ക്കുള്ള മിക്ക വണ്ടികളും പുറപ്പെടുന്നതു് ഇവിടെനിന്നാണു്. ആധുനികരീതിയിൽ പണിചെയ്തിട്ടുള്ള ഒരു വലിയ ഏഴുനിലയിലുള്ള തീവണ്ടിസ്റ്റേഷനാണു് "ചർച്ച്ഗെയിറ്റു്". ഇവിടേയ്ക്കു് ആളുകൾ വരുന്നതും പോകുന്നതുമെല്ലാം റോഡിന്റെ അടിഭാഗത്തുള്ള വഴിയിലൂടെയാണു്. ഏതു ടെയിനും ഒരു മിനുട്ടിലധികം ഒരു സ്റ്റേഷനിലും നിൽക്കുകയില്ല. വണ്ടി പുറപ്പെട്ടു പോയ്ക്കഴിയും അതിന്റെ മാക്സിമം സ്പീഡിലോടുകയായി. എല്ലാ പ്ലാറ്റ്ഫോമിലും അടുത്തു് അവിടെ എത്തുന്ന വണ്ടിയുടെ സമയവും, അതു നിറുത്തുന്ന സ്റ്റേഷനുകളും കാണിക്കും.

30–ാംനു- സ്റ്റീം വാനിൽ ഞങ്ങൾ പാക്കിലെത്തി. ഒരു മണിക്കൂറുകൊണ്ടു് ഓടിനടന്നു കണ്ടു. ഞങ്ങളിൽ ചിലർ സെൻറ് സേവിയേഴ്സ് പള്ളിയിലേയ്ക്കു പോയി; മറ്റുള്ളവർ മ്യൂസിയത്തിലേയ്ക്കും, പിന്നീടു് ഗെയിറ്റ് വേ ഓഫ് ഇന്ത്യയിലേയ്ക്കും. വെയിത്സ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സല്ക്കരിക്കുന്നതിനു് ബ്രിട്ടീഷ് ഗവൺമെണ്ടു് പണിയിച്ചതാണിതു്. ഇംഗ്ലീഷുകാക്കെതിരായി "ടാറ്റ" പണിയിച്ച "താജ്മഹാൽ ഹോട്ടൽ" ഇതിനു സമീപംതന്നെയാണു്. ഇവിടെനിന്നും ഞങ്ങൾ മലബാർ ഹില്ലിലേക്കാണു് പോയതു്.

"Hanging Garden" സമീപം വണ്ടി നിന്നു തോട്ടത്തിന്റെ തെക്കുഭാഗത്തെത്തിയ ഞങ്ങളെ ഹഠാൽകഷ്ടിച്ച ആ കാഴ്ച അവർണ്ണനീയംതന്നെ. പടിഞ്ഞാറു് വിശാലനീലിമയാർന്ന കടൽ, കിഴക്കോട്ടു് പടിപടിയായി വിതികുറഞ്ഞ ആച്ചാകൃതിയിലുള്ള മണൽത്തീരം, റോഡ്, നടപ്പാത, വീണ്ടും റോഡ്, ഒരേ പൊക്കത്തിലും ഒരേ ആകൃതിയിലുമുള്ള മൂപ്പതുമുപ്പത്തഞ്ചു് കെട്ടിടങ്ങൾ, അതിനപ്പുറം ചക്രവാളാന്തംവരെ, അനവധി ആകൃതിയിലും, നിറത്തിലും വലുപ്പത്തിലുമുള്ള ഉന്നത സൗധ

ങ്ങളും, കണ്ണും കരളും കവരുന്ന, അനവദ്യസുന്ദരമായ ആ കാഴ്ച ഞങ്ങളെ രോമാഞ്ചംകൊള്ളിച്ചു. അതുവരെ തമാശയുടേയും പൊട്ടിച്ചിരിയുടേയും കൂത്തരങ്ങായിരുന്ന അന്തരീക്ഷം നിശ്ശബ്ദതയുടെ നൃത്തവേദിയായി മാറി; ഹൃദയമിടിപ്പിന്റെ മൃദുലസ്പന്ദനങ്ങളുമാത്രം മന്ദമാരുതനിൽ വിലയം പ്രാപിച്ചുകൊണ്ടിരുന്നു. ഞാൻ സ്വപ്നംകാണുകയാണോ, അതോ സത്യത്തിലാണൊ? സംശയനിവൃത്തിക്കുവേണ്ടി ഞാൻ കണ്ണു തിരുമ്മി ചുറ്റുപാടുമൊന്നു പരിശോധിച്ചു. പലരും പിൻതിരിഞ്ഞുനോക്കുന്നതു കണ്ടു. ആ ആനന്ദലഹരി അല്പംകൂടി ആസ്വദിച്ചു മനസ്സില്ലാ മനസ്സോടെ ഞങ്ങളും മലബാർ ഹില്ലിനോടു യാത്ര പറഞ്ഞു.

അടുത്തദിവസം ആദ്യം ''ടാറാ കോട്ടൺ മില്ലാ''ണു് കണ്ടതു്. 20000-ത്തിൽപരം തൊഴിലാളികളും ജോലിചെയ്യുന്ന ഇൻഡ്യയിലെ ഒരു പ്രമുഖ വ്യവസായശാലയാണിതു്. അസംസ്കൃതമായ പഞ്ഞിയിൽനിന്നു് ഉറപ്പുള്ള നല്ല നൂൽ ഉണ്ടാക്കുന്നതുവരെയുള്ള പ്രവൃത്തികളും ഒരു കെട്ടിടത്തിൽ നിർവ്വഹിക്കുന്നു. ചായയും മുക്കലും, ബ്ലീച്ചിങ്ങും, പ്രിൻറിങ്ങും മറ്റൊരു കെട്ടിടത്തിലാണു്. ഇവയെല്ലാം വിവരിച്ചതന്നതിനു പുറമെ ചായ സമ്മാനിക്കുകകൂടി ചെയ്ത അവിടത്തെ ഡോക്ടറോടു് നന്ദി പറഞ്ഞു ഞങ്ങളും ''ബമ്മാ ഷെൽ റിഫൈനറി'' കാണുവാൻ പോയി. ശരീരത്തിന്റെ എല്ലാ അവയവങ്ങളിലേയ്ക്കും രക്തം എത്തിക്കുന്ന ഹൃദയംപോലെ, ഭാരതത്തിന്റെ വാഹനങ്ങളുടെ മുഴുവൻ ഹൃദയമായി അതു സ്ഥിതിചെയ്യുന്നു. ഉച്ചയ്ക്കുശേഷം ഇൻറർ നാഷണൽ വിമാനത്താവളം കണ്ടു. ഇന്ത്യയ്ക്കകത്തും പുറത്തുംനിന്നു ദിനംപ്രതി അനവധി വിമാനങ്ങളും ഇറങ്ങുകയും പോവുകയും ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും വലിയ വിമാനത്താവളമാണിതു്. 1-ാംനു- പലരും ബോംബെയിലുള്ള തങ്ങളുടെ ബന്ധുമിത്രാദികളെ കാണാൻ പോയി. അല്പം ചിലർ സിനിമയ്ക്കും.

സകല വ്യവസായരംഗങ്ങളുടേയും കേന്ദ്രസ്ഥാനമായ ലോകത്തിലെ രണ്ടാമത്തെ വ്യാവസായികപട്ടണമാണു് ബോംബെ. ഇന്ത്യയിലേറ്റവും ജനത്തിരക്കുള്ള ഈ പട്ടണം ഇപ്പോഴും അനവധി തൊഴിൽരഹിതരെ പല ഭാഗങ്ങളിൽ നിന്നും ആകഷ്ടിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും കീറിയതോ മുഷിഞ്ഞതോ ആയ വസ്ത്രം ധരിച്ച വളരെപ്പേരെ കാണാൻ സാധിച്ചില്ല. 1-ാംനു- രാത്രി പത്തുമണിക്കുള്ള ടെയിനിൽ ഞങ്ങളും ഇന്ത്യയുടെ ഹൃദയസ്ഥാനത്തുനിന്നും ആന്ധ്രയുടെ തലസ്ഥാനത്തേയ്ക്കു പുറപ്പെട്ടു.

2-ാംനു- രാത്രി ഹൈദരാബാദിലെത്തിയ ഞങ്ങളും 3-ാംനു- ഗോൽക്കൊണ്ട ഫോർട്ടു് കണ്ടു. അവിടത്തെ പ്രധാന പ്രവേശനദ്വാരം കടന്നു് അല്പം ഉള്ളിലേയ്ക്കു മാറി ഒരാൾ കൈകൊട്ടിയാൽ അല്പം അകലെ നില്ക്കുന്നവർക്കു് കേൾക്കാൻ കഴിയില്ല. എന്തൊരത്ഭുതം! അതേ ശബ്ദം അര മൈലകലെ കോട്ടയുടെ മുകളിൽ നില്ക്കുന്നവർക്കു കേൾക്കാം. ശത്രുക്കളെ സംബന്ധിച്ചുള്ള സിഗ്നലുകളും കൈമാറിയിരുന്ന സ്ഥലമായിരുന്നിരിക്കണമിതു്. പട്ടാളക്കാരുടെ സങ്കേതസ്ഥാനങ്ങളായിരുന്ന അനേകം ഹാളുകളും മുറികളും ഇതിനുള്ളിൽ കാണാം. കുന്നിന്മേൽ സ്ഥിതിചെയ്യുന്ന ഈ കോട്ടയുടെ മുകളിലെത്താൻ രണ്ടു നാഴിക നടക്കണം. സിറ്റിയുടെ ഒരു വിഹഗവീക്ഷണത്തിനും ഈ അവസരമുപയോഗിക്കാം. ''ഗണ്ടിപ്പെട്ടു്'' തടാകവും ''അഗ്രിക്കൾച്ചറൽ ഫോറസ്റ്റ് ഇൻസ്റ്റിട്യൂട്ടും'' കണ്ടു ഞങ്ങൾ സലാർജങ്ങ് മ്യൂസിയത്തിലേയ്ക്കു മടങ്ങി. ഇന്ത്യയിലെ ഏറ്റവും വലിയതായ ഈ മ്യൂസിയം ഒരു ദിവസം മുഴുവൻ കാണാനുള്ളതുണ്ടു്. മാർബിൾപ്രതിമകളും, ചായപ്പണികളും, ക്ലോക്കുമാണു് ഞങ്ങളെ അധികം ആകഷ്ടിച്ചതു്. അരികൊണ്ടും കട്ടകൊണ്ടും മറ്റുമുള്ള കടലിനേറെയും കപ്പലിനേറെയും മറ്റും ചിത്രങ്ങളും ആരെയാണു് അത്ഭുതപരതന്ത്രരാക്കാത്തതു്? അതാ പലരും പ്രതീക്ഷാനിർഭരരായി ആ വലിയ ക്ലോക്കിലേയ്ക്കു് ഉറ്റുനോ

ക്കുന്നു. നാലിന്നു രണ്ടു മിനിട്ടുള്ളപ്പോൾ ഉയത്തിപ്പിടിച്ച വടിയുമായി ഒരാൾ ക്ലോക്കിന്റെ ഒരു ഭാഗം തുറന്നു. അതിന്നുള്ളിലുള്ള മണികളം സമീപം വന്നുനിന്നു. കൃത്യം നാലിന്നു് നാലു മണിയടിച്ചു് ആൾ അപ്രത്യക്ഷനായി. വാതിലടഞ്ഞു. ഇതാണു് ആ ക്ലോക്കിന്റെ പ്രത്യേകത. പിന്നീടു ഞങ്ങൾ ചാർമിനാറിൽ കയറിയിറങ്ങി നേരെ പാക്കിലേയ്ക്കു പോയി. സമുദ്രത്തിൽനിന്നു വളരെ വിട്ടരതയിലാകയാൽ ഇവിടെ അത്യുഷ്ണവും അതിശൈത്യവുമനുഭവപ്പെടുന്നു. 4–ാംനു- രാത്രി ഞങ്ങൾ ഹൈദരാബാദിൽനിന്നു ടെയിൻ കയറി, പിറേന്നു 4 മണിക്കു് മദിരാശിയിലെത്തി. അന്നു്, ഇരുഭാഗങ്ങളും വ്യാപാരശാലകളാൽ അലംകൃതമായി, നൊട്ടനീളെ സ്ഥിതിചെയ്യുന്ന മദ്രാസിലെ പ്രധാന സ്ഥലമായ "ചൈനാ ബസാർ" നടന്നുകണ്ടു. രാത്രി മിഷനറിമാരുടെ കൂടെ കഴിച്ചുകൂട്ടി. 6–ാംനു- മരീനാ ബീച്ചിൽ പോയി. വളരെ ചെറിയതെങ്കിലും, ഇന്ത്യയിലെ ഏറ്റവും വലിയതായ അക്വേറിയവും കണ്ടു് മൂർമാക്കറിലേയ്ക്കു മടങ്ങുമ്പോൾ ലൈറ്റ് ഹൌസിന്റെ മുകളിൽ കയറി. മൂർമാക്കറിൽനിന്നു പലരും പലതും വാങ്ങി. മൂന്നുമണിക്കു് ഞങ്ങൾ നാട്ടിലേയ്ക്കു വണ്ടികയറി; 7–ാംനു- അവിടെനിന്നു വീട്ടിലേയ്ക്കും.

തോളിൽ എയർബാഗും ഒരു കയ്യിൽ പെട്ടിയും മറെറക്കയ്യിൽ കിടക്കയുമായി വീട്ടിൽച്ചെന്നു കയറിയപ്പോൾ ഞാനറിയാതെ പറഞ്ഞുപോയി—രസകരമായ ഒരു യാത്ര കഴിഞ്ഞു.....

അമ്പതുകൊല്ലം മുമ്പു്.

സയൻസ് ക്ലാസ്സിൽ അദ്ധ്യാപിക പറഞ്ഞു:—"ജോനാസ്സ്, 50 കൊല്ലം മുൻപ് ഇല്ലാതിരുന്ന മൂന്നു വസ്തുക്കളുടെ പേരുപറയൂ."

ജോനാസ്സ്—"ജെറ്റ് വിമാനം.....ഹൈഡ്രജൻ ബോംബു്'.....'"

അദ്ധ്യാപിക—"വേഗം പറയൂ. അല്ലെങ്കിൽ ഞാനൊരു മാർക്കും തരില്ല."

ജോനാസ്സ്—"ഞാനും, ടീച്ചർ!"

അനുഭവം.

"താങ്കളുടെ മകളെ വല്ല വിദേശഭാഷകളും പഠിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?" ആ പ്രൊഫസ്സറോടു് ഒരു സുഹൃത്തു് ചോദിച്ചു.

"ഇല്ല," ദൃഢനിശ്ചയത്തോടെ തലയാട്ടിക്കൊണ്ടു് പ്രൊഫസ്സർ മറുപടി പറഞ്ഞു. "ഒരു സ്ത്രീക്കു് ഒരൊറ്റ ഭാഷയറിഞ്ഞാൽത്തന്നെ അധികമായെന്നാണു് എന്റെ അനുഭവം."

കരയിലാശാൻ.

(കെ. കുമാർ, II. B. Sc.)

ഒരു നാല്പതുകൊല്ലം മുമ്പ് നടക്കാവു ന്നൊരു കഥ. ശങ്കരമ്മാൻ കരയിലെ ആശാനാണ്—കിരീടം വെയ്ക്കാത്ത രാജാവ്. കരയിലാശാന്മാക്ക് "കൊല്ലിനും കൊലയ്ക്കും" അധികാരവും അവകാശവുമുണ്ടായിരുന്ന കാലം. അന്നൊക്കെ വിരലിൻതുമ്പത്തു കാര്യങ്ങളും നടത്താമായിരുന്നു. ആശാന്റെ നാലുകെട്ടും തളവും നട്ടുമുറ്റവും ഉള്ള കുറുന്പ്രാൻ പുര പടിപ്പുര വഴിയിലേയ്ക്കഭിമുഖമായിട്ടാണ്. ഊണുകഴിഞ്ഞു വിശ്രമിക്കാൻ ആശാൻ കയ്യുള്ള കസേരയിൽ ചായുമ്പോഴായിരിക്കും മൂളിപ്പാട്ടമായി ഒരു ചെറുപ്പക്കാരൻ വഴിയിൽക്കൂടി പോവുക. നിവന്നിരുന്നു ആശാൻ വേലിയരികിലുള്ള വാഴക്കൂട്ടങ്ങളുടെ ഇടയിൽക്കൂടി പഥികനെ കാണും. "പിടിക്കവനെ, കൊട്ടക്കു രണ്ടു." പെട്ടെന്നായിരിക്കും ആ അട്ടഹാസം. കുറെപ്പേർ വേട്ടനായ്ക്കൾപോലെ എടുത്തുചാട്ടം—അനന്തിരവന്മാരോ ശിഷ്യന്മാരോ.

പിടിച്ചുകെട്ടിയ കുറവാളിയെ തുളച്ചു കയറുന്നൊരു നോട്ടം വെച്ചുകൊടുത്തിട്ട് ആശാൻ അലറും. "കൊട്ടക്കവനു രണ്ടു. അവന്റെയൊരു തോന്ന്യവാസം." ഓ, ഓ, എന്ന പൊട്ടലാണ് പിന്നീട്; കുതിരച്ചാട്ട തോറെ പോകും.

"മതിയെടാ പിള്ളരെ, പോവിൻ അപ്പുറത്തു." അടി നില്ക്കും. കുറവാളി അതോടെ ചതഞ്ഞിട്ടുണ്ടാവും. പിന്നെ മുൻപിൽ നില്ക്കുന്ന അവനെ നോക്കി ആശാൻ വിചാരണ നടത്തും.

"എടാ, ഞാൻ ആരെന്നാ കരുതിയതു? പറ, ആരാന്നാ കരുതേ?"

അവൻ നിശ്ശബ്ദനായിരിക്കും. അപ്പോഴും ആശാൻ തുടരും. "കരേമ്മലാശാന്റെ ഉമ്മറത്തുകൂടി പാട്ടപാടി പൂവ്വാറായോ? അതുക്കും വളന്നോടാ നിയ്യ്?"

"അങ്ങനൊരബദ്ധം പറ്റിപ്പോയി." അവന്റെയീ ഉത്തരം ആശാനെ കൂടുതൽ ക്രുദ്ധനാക്കും. പക്ഷെ, താനായിട്ട് ഒന്നും വേണ്ടെന്നു വയ്ക്കും. കാരണം, തന്റെ കൈകൊണ്ട് ഒന്നു കിട്ടിയാൽ അതവന്റെ അവസാനമായിരിക്കുമെന്നറിയാം. ഒടുവിൽ അവനോട് പറയും: "വടക്കേപ്പുറത്തു ചെന്നോ; കഞ്ഞിയുണ്ടാക്കും. കഞ്ഞികുടിച്ചു പൊയ്ക്കോ. മേത്തു കുറച്ചു പിണ്ഡതൈലം കുഴമ്പിട്ടാമതി, എല്ലാം ഭേദമാകും. മേലാലിതാവത്തിക്കുന്നതു കാണട്ടെ."

വീടിന്റെ തെക്കുകിഴക്കേ കോണിലായിട്ട് കളരിപ്പുരയാണ്. അതി വെളുപ്പിനു കച്ചകെട്ടിയ ആശാനേയും അതുപോലെത്തന്നെ കുറെ ശിഷ്യന്മാരേയും അവിടെ കാണാം. മെയ്വഴക്കവും ആയുധാഭ്യാസവും ആശാൻതന്നെ പഠിപ്പിക്കും. ആദ്യം ഉഴിച്ചിലാണ്. ദേഹത്തിനു വഴക്കവും ഉലച്ചിലും ദാർഢ്യവും ലഭിക്കുന്നതിന്നാണ് ഉഴിച്ചിൽ. പിന്നെ ശരിയായ പരിശീലനം ആരംഭിക്കും. ആരംഭിക്കുന്നതു മുൻപിലിരിക്കുന്ന നിലവിളക്കു മൂന്നു പ്രദക്ഷിണം വെച്ചു ഗുരുക്കന്മാരെ വന്ദിച്ചു വിടവാങ്ങി തൊഴുതിട്ട് ചില്ലറ പൊടിക്കൈകളോടെയാണ്. ഗണപതിയങ്കം, സരസ്വതിയങ്കം, വാമനത്താരിയങ്കം, പുലിയങ്കം, അങ്ങനെ ക്രമത്തിൽ പൊരുതിലേയ്ക്കു പ്രവേശിക്കും. ആശാൻ വായ്ത്താരി ചൊല്ലിക്കൊണ്ടിരിക്കും. വഴക്കല്ലുള്ള ഉറച്ച ചുവന്ന മണ്ണുള്ള നിലത്താണ് അഭ്യാസം നടത്തുന്നതു. മുച്ചാൺ പയറും, കാരിപ്പയറും എന്നിവയെല്ലാം അതിൽപ്പെടും. കൂടുതൽ അഭ്യാസം ലഭിച്ച ചില ശിഷ്യർതന്നെ കീഴാശാന്മാരായി മറുള്ളവരെ അഭ്യസിപ്പിക്കും.

പറമ്പിൽത്തന്നെ ഒരെഴുത്തുപള്ളിയുമുണ്ട്. മെയ്പ്പരിശീലനത്തിനുശേഷം വൃത്തിയായി

കളിച്ചു പൊടിയരിക്കഞ്ഞി കുടിക്കും. പിന്നെ എഴുത്തുപള്ളിയിലേയ്ക്കാണ്. അവിടെ എല്ലാ തരക്കാരുമുണ്ട്. അക്ഷരം പഠിച്ചുതുടങ്ങുന്നവരും, സംസ്കൃത മഹാഗ്രന്ഥങ്ങൾവരെ വായിച്ചത്ഥം പറയുന്നവരും. ഉപകരണങ്ങളും മണലും, താളിയോലയും, നാരായവും. ആശാനെ എല്ലാവർക്കും ബഹുമാനമാണ്. കരയിലെ എല്ലാ കുട്ടികളും ശങ്കരമ്മാന്റെ അടുത്തേയ്ക്കു ശിഷ്യത്വം സ്വീകരിപ്പാൻ പോകും. കുട്ടികൾക്കു ലഭിക്കുന്ന ശിക്ഷയെപ്പറ്റി അവർക്കു നോട്ടമില്ല. നല്ല ശിക്ഷ ലഭിച്ചാലല്ലെ കുട്ടികൾ നന്നാവൂ. മുറുക്കുന്നതിനുള്ള അടയ്ക്കയും പുകയിലയും എന്നും കാഴ്ച വെയ്ക്കുന്നവനു് ശിക്ഷ കുറയും. എങ്കിലും ആർക്കും അതിനെക്കുറിച്ചാക്ഷേപമില്ല.

ആശാനു രണ്ടു പുത്രന്മക്കളുണ്ട്. അവരേയും ശിഷ്യന്മാരായിട്ടേ കണക്കാക്കിയിട്ടുള്ളു. വല്ലപ്പോഴുമൊക്കെ ഭാര്യവീട്ടിൽ പോയെങ്കിലായി എന്നു മാത്രം. ഭാര്യവീട്ടിലും കാരണവന്മാരുണ്ട്. അതുകൊണ്ടു് താനവിടെ അനേഷിക്കാറില്ല. കരയിലാശാനായതുകൊണ്ടു് മക്കളെ പരിശീലിപ്പിക്കണമെന്നു മാത്രം. അതിൽക്കവിഞ്ഞു തനിക്കു ഭാര്യവീട്ടുകാരുമായി ബാധ്യതയൊന്നുമില്ല.

എങ്കിൽ, ആശാൻ കുടുംബക്കാരണവരാണു്; തനിക്കക്കാര്യം നല്ലവണ്ണമറിയാം. അതനുസരിച്ചു് തറവാട്ട നോക്കുകയുംചെയ്തിരുന്നു. അനന്തിരവന്മാരെ കൂട്ടുതലായി ശാസിക്കുകയും ചെയ്യും. "എടാ, കേശവാ! ആ വാഴക്കുടയൊക്കെ ചെത്തിക്കളഞ്ഞിട്ടു്. മുളകിനു് കട തുറന്നു കുറച്ചു വളമിട്ടൊ. ഇനിയൊക്കെ നിങ്ങളാടാ തറവാട്ട നോക്കാനുള്ളോർ. തെണ്ടി നടന്നാ പറ്റൂല്യ." കുറെ മറവുള്ളവരോടും കുറെ സ്വയമായിട്ടും ആശാൻ പറയും.

ശങ്കരമ്മാനു് സ്ത്രീവിഷയത്തിൽ കുറച്ചു ഭ്രമമാണു്. ഈ സംഗതി വീട്ടുകാർക്കും ശിഷ്യന്മാർക്കും നല്ലവണ്ണമറിയാം. പക്ഷേ ആരും അറിഞ്ഞതായി നടിച്ചില്ല. അതിനൊട്ടു ധൈര്യപ്പെടുകയുമില്ല.

കീഴേവീട്ടിൽ കല്യാണിയമ്മയുമായി ആശാൻ കുറച്ചു പഥ്യമാണു്. അവരുടെ ഭർത്താവു് അവരെ ഉപേക്ഷിച്ചുപോയിട്ടു് കൊല്ലം രണ്ടായി. എന്തോ നിസ്സാര കാരണംകൊണ്ടു് പിണങ്ങിപ്പോയതാണു്. ഒരു മദ്ധ്യവയസ്സു. കണ്ടാലാകെക്കൊള്ളാം ഒരു മോടി. ഏറെ തടിയില്ല.

ആശാൻ സ്ത്രീകളുടെ മുൻപിൽ വാചാലനാണെന്നു. ശരിയാണോ എന്നറിയില്ല. എങ്ങനെയായാലും കീഴേവീട്ടിൽ പറഞ്ഞിട്ടുണ്ടു്. കല്യാണിയമ്മയ്ക്കു് ഇങ്ങോട്ടും പിടിപ്പത്തമാണു്. കാരണം നല്ലൊരു തറവാട്ടുകാരനാണു്. ആശാന്റെ പോക്കുവരവുകൊണ്ടു് താണുപോകുന്ന കുടുംബം പുലർത്താം. തനിക്കാണെങ്കിൽ ഉറ്റവരും ഉടയവരുമായി ഒരമ്മ മാത്രമെയുള്ളു. തനിക്കും അമ്മയ്ക്കും വേണ്ടതു് ആശാൻ കൊണ്ടുവന്നു തരുന്നുണ്ടു്.

പല ദിവസം ആശാന്റെ കിടപ്പു് കീഴേവീട്ടിൽത്തന്നെയാണു്. പുടമുറിക്കു് ആശാനു സമ്മതമില്ല. താൻ വിധിപ്രകാരം വേട്ട ഭാര്യ വേറെയുണ്ടു്. എങ്കിലും പതിവുമൂലം ആശാൻ അവിടത്തെ ഒരാളായിത്തീർന്നു. അറിഞ്ഞുകൊടുക്കുന്നതു് ആശാന്റെ സ്വഭാവവുമാണു്. കല്യാണിയമ്മയുടെ മുഖം കറുത്തുകണ്ടാൽ ആശാൻ ചോദിക്കും: "എന്താ കല്ലോ, നീയിന്നു വിറങ്ങലിച്ചു നില്ക്കുന്നതു്? എന്താ വേണ്ടേച്ചാ പറഞ്ഞുടെ?" തെല്ലൊന്നു പുഞ്ചിരിച്ചു മുടി മാറത്തേയ്ക്കിട്ടു് തുമ്പു കെട്ടുന്നതിൽ, ചെരിഞ്ഞുനോക്കിക്കൊണ്ടു് കല്യാണിയമ്മ പറയും: "അമ്മയ്ക്കു കുറച്ചു തുണിടത്താൽ കൊള്ളാമുണ്ടു്." അപ്പോൾ ആശാൻ ഗൗരവം കലർന്ന അനുനയസ്വരത്തിൽ പറയും: "ന്നാ അതങ്ങട പറഞ്ഞാപ്പോരെ, ങ്ങനെ മുഖം വീർപ്പിക്കണോ?" പിറേദിവസം ഒരു കുത്തു മല്ലുമായിട്ടേ ആശാൻ അവിടെപ്പോകൂ. കല്യാണിയമ്മ മനസ്സിലുള്ളതു മറച്ചുവെച്ചു് ഇങ്ങനെ പറയും. "തുണ്ടൊന്നും ഞാൻ നിരീച്ചില്യാട്ടൊ." അപ്പോൾ ആശാൻ വടിയൊടിക്കുംപോലെ നേരെ

തട്ടം ''പോടീ പെണ്ണേ, ഈ പെണ്ണുങ്ങളൊക്കെ ഇങ്ങനെ തന്ന്യാന്നെനിക്കറിയാം. ഞാനെത്ര കണ്ടിരിക്കണു.''

അങ്ങനെയിരിക്കെയാണ് ആനക്കാരൻ രാമൻനായക്ക കല്യാണിയമ്മയുടെ സേവ ലഭിച്ചതു്. രാമൻനായർ ആശാന്റെ പോക്കുവരവു് നേരത്തെ അറിഞ്ഞിരുന്നു. അതിനാൽ അയാളം അവിടെ സൂക്ഷിച്ചേ പോവുകയുള്ളു; അതും പകൽസമയത്തു മാത്രം.

രാമൻനായർ നല്ലൊരു കരുത്തനായിരുന്നു. പറയാമല്ലൊ, ഒരിരുപതാളെ അടിച്ചുവീഴ്ത്താൻ അയാളൊറ്റയ്ക്കു മതി. പയറ്റും മുറയും അഭ്യാസവുമെല്ലാം അയാളംക്ക നല്ലപോലെ വശമായിരുന്നു. എന്നാലും അയാളം ആശാനെ നേരിടാൻ നിന്നില്ല.

ഒരു ദിവസം രാമൻനായക്ക തോന്നി, കീഴേവീട്ടിൽ കഴിച്ചുകൂട്ടിയാൽ നന്നായിരിക്കുമെന്നു്. അതയാളം കുറെ ദിവസമായി ആലോചിച്ചുവരുന്നതുമാണു്. ആശാനുള്ളിടത്തോളം കാലം പെട്ടെന്നൊരു നിവൃത്തിമാർഗ്ഗം അയാളംക്ക കാണാൻ കഴിഞ്ഞില്ല.

ഒരു രാത്രി ഏതോ ഒരു ധൈര്യം അയാളെ കീഴേവീട്ടിലേയ്ക്കു വലിച്ചുകൊണ്ടുപോയി. അപ്പോഴാണു് കല്യാണിയമ്മ പറഞ്ഞതയാളം ഓർത്തതു്. ''സൂക്ഷിച്ചേക്കണേ, അങ്ങോരു് ആളിത്തിരി പോന്നോനാ.''

''ഹ്മ!!'' രാമൻനായർ എന്തോ ആലോചിച്ചുകൊണ്ടു് നിലത്തുറക്കെ കാൽകൊണ്ടൊരു തുപ്പു്. ''പോന്നോനായതെ.'' അയാളം പിറുപിറുത്തു. രാമൻനായരുടെ ഓരോ രോമവും പട്ടാളക്കാരായം നാറിയിരുന്നു. മദ്യപാനംകൊണ്ടു ലഭിച്ച ധൈര്യമാണു് അയാളെ കല്യാണിയമ്മയുടെ അടുത്തേയ്ക്കു വലിച്ചിഴച്ചതു്.

സ്ഥലത്തെത്തിയപ്പോളം അയാളവിടെ കുറച്ചുനേരം നിന്നു. എന്തോ തീരുമാനമെടുത്തിരിക്കണം. പിന്നെ ഇറയത്തു കയറി പെട്ടെന്നു മൂന്നാലു മുട്ടു മുട്ടി. മറുപടി ഉണ്ടായില്ല. ആഞ്ഞു കതകിന്മേൽ രണ്ടിടികൂടി വെച്ചുകൊടുത്തു.

''ആരടാ അതു്?'' അകത്തുനിന്നും ഉച്ചത്തിലുള്ള ചോദ്യം കേട്ടു. കുറച്ചുനേരം നിശ്ശബ്ദത. കതകു വലിച്ചു തുറക്കപ്പെട്ടു. റാന്തലിന്റെ വെളിച്ചത്തിൽ ആശാന്റെ മുഖം കാണുന്നതിനു മുമ്പുതന്നെ ഒറ്റച്ചാട്ടത്തിനു വട്ടംവരഞ്ഞുള്ള കുത്തായിരുന്നു മറുപടി. ''ഹെൻറമ്മേ'' ആശാൻ ഇടത്തുകൈകൊണ്ടു വയറു പൊത്തിപ്പിടിച്ചു. ഉടനെ ''ഹെടാ, എന്നാലിതു തട്ടത്തോ'' എന്നു പറഞ്ഞു് ആശാൻ പുറകോട്ടൊരു ചോട്ടുവെച്ചു ചാടി രാമൻനായരുടെ മുഖംപൊത്തിയൊന്നുകൊടുത്തു. ചോര ചാത്തിയ ആനക്കുത്തിയുമായി അയാളം മലന്നടിച്ചുവീണു. ആ വീഴ്ചയിൽനിന്നയാളംക്കു് അപ്പോഴൊന്നും എഴുന്നേല്ക്കേണ്ടി വന്നില്ല. മൂക്കിന്റെ എല്ലൊടിഞ്ഞു തകർന്നു. ഭീമനാൽ വീഴ്ത്തപ്പെട്ട ദുശ്ശാസനനെപ്പോലെ അയാളം ചോര ചീറ്റിക്കൊണ്ടു് കിടക്കുന്നു.

അരുവിപോലെ ചോര ചാടുന്ന വയറുമായി ആശാൻ വെളിയിലേയ്ക്കോടി. വഴിയിലെവിടെയോ വീഴുകയുംചെയ്തു. കുത്തുകൊണ്ട കുടൽ പുറത്തു ചാടിയിരുന്നു. അവിടമെല്ലാം രക്തം തളംകെട്ടിക്കിടക്കുന്നു.

കണ്ണു തുറന്നപ്പോളം ആശാൻ ശിഷ്യന്മാരാൽ ചുറ്റപ്പെട്ട കട്ടിലിൽ കിടക്കുകയാണു്. എല്ലാ മുഖങ്ങളിലും കഠിനവ്യഥ നിഴലിച്ചിരുന്നു. ആരുമൊന്നും പറഞ്ഞില്ല. എന്തോ പറയാൻ ആശാൻ നാവനക്കി. ഒച്ച പൊന്തിയില്ല. കണ്ണടഞ്ഞുപോവുകയുംചെയ്തു. കുറച്ചു കഴിഞ്ഞു കണ്ണു മെല്ലെ തുറന്നു. നാക്കുകൊണ്ടു് ചുണ്ടു നനച്ചു ക്ഷീണിച്ച ശബ്ദത്തിൽ പറഞ്ഞു: ''ആ എരഹത്തൻ അവൻ.....അവൻ ഒരാണാണോ.....അവനെന്നെ.....ഒളിക്കുത്തു കുത്തി. കളരീം കാന്നോമ്മാരേം വണങ്ങ്യോനാ അവനൊക്കെ?.....പൊരുതാൻ വന്നിരിക്കുന്നു! മാനോള്ളോരു്.....ചെയ്യോ?....ചെയ്യോന്നു?....'' വേദന സഹിക്കാതെ ആശാൻ വയർ പൊത്തിപ്പിടിച്ചു. അല്പം കഴിഞ്ഞു് ബലിഷ്ഠങ്ങളായ ആ കയ്യുകളം തളർന്നു വിറങ്ങലിച്ചു. കണ്ണുകളം എന്നന്നേയ്ക്കുമായി അടഞ്ഞു.

കഥകളിയും ആധുനികലോകവും.

(മോഹൻദാസ് സി., P. U. C)

കഥകളി കേരളത്തിന്റെ സന്ദേശവുമേന്തി ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇന്നു് സഞ്ചരിച്ചുവരികയാണു്. സംഗീത—സാഹിത്യ — നൃത്തനൃത്ത്യാദികലകളുടെ ഒരു സമഞ്ജസസമ്മേളനമായ ഈ കല പാശ്ചാത്യരും പൌരസ്ത്യരുമായ കലാസ്വാദകന്മാരെയെല്ലാം ഒരുപോലെ ഇന്നു് ആകഷ്ടിച്ചുകൊണ്ടിരിക്കയാണു്. ഇന്ത്യയുടെ ഈ തെക്കേമൂലയിൽ ഒതുങ്ങിക്കഴിയുന്ന കൊച്ചു മലനാട്ടിന്റെ സൌന്ദര്യബോധവും ഭാവനാശക്തിയും വികാരാവിഷ്കരണവൈഭവവും കഥകളിയിൽക്കൂടി കണ്ടു് അത്ഭുതപ്പെടുകയാണവർ. എന്നാൽ വിശ്വകലാവേദിയിൽത്തന്നെ പ്രമുഖസ്ഥാനം ആജ്ഞിച്ചു കഴിഞ്ഞ കഥകളിയുടെ ഏറ്റവും വലിയ ശത്രുക്കൾ ഈ കേരളത്തിൽത്തന്നെയാണെന്നുള്ളതു വിചിത്രവും ഖേദകരവുമാണു്.


എട്ടാം ശതകത്തിന്റെ അവസാനമായപ്പോഴേയ്ക്കു് കഥകളിക്കു് കേരളത്തിൽ പ്രചുര പ്രചാരമുണ്ടായിരുന്നുവെന്നു് ചരിത്രരേഖകൾ കൊണ്ടു് തെളിയുന്നുണ്ടു്. അപ്പോൾ അതിനു മുമ്പുതന്നെ കഥകളി രൂപം പ്രാപിച്ചിട്ടുണ്ടായിരിക്കണമല്ലോ. കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടമാണു് കഥകളിയുടെ കനകക്കോവിലിന്റെ അടിത്തറ. രാമനാട്ടം വളരെ പ്രാകൃതമായിരുന്നു എന്നുവേണം വിചാരിക്കാൻ. ഒരുതരം പാളക്കിരീടങ്ങളും, പൊയ്മുഖങ്ങളുമായിരുന്നു അന്നത്തെ വേഷവിധാനങ്ങൾ. കലാസ്വാദകരായ പല രാജാക്കന്മാരുടേയും, നമ്പൂതിരിമാരുടേയും പരിശ്രമഫലമായി കഥകളിയിൽ പിൽക്കാലത്തു് പല പരിഷ്കാരങ്ങളും വന്നുചേർന്നു. ഇന്നത്തെ കഥകളിയിൽ പ്രധാനമായി രണ്ടു രീതികളാണുള്ളതു്. ''കല്ലടിക്കോടൻ'' രീതിയും ''കപ്പിങ്ങോടൻ'' രീതിയും. ഇതിൽ ഒന്നിൽ ഭാവരസങ്ങൾക്കാണു് കൂടുതൽ പ്രാധാന്യം കല്പിക്കുന്നതെങ്കിൽ മറേറതിൽ നൃത്തത്തിനാണു് കൂടുതൽ പ്രാധാന്യം. എന്നാൽ കേരള കലാമണ്ഡലത്തിലും മറവും ഈ രണ്ടു രീതികളും ചേർന്ന ഒരു ''മദ്ധ്യകേരളരീതി'' യാണു് അഭ്യസിപ്പിച്ചുവരുന്നതു്.

കഥകളി കലയല്ല!!


ലോകത്തിലെ പരിഷ്കൃതരാജ്യങ്ങളിലെ കലാകാരന്മാരും ആസ്വാദകന്മാരും കഥകളി ലോക കലകളിൽ കനിഷ്ഠാംഗുലിയത്തിൽ എണ്ണാവുന്ന ഒന്നാണെന്നു് സമ്മതിക്കുമ്പോഴും നമ്മുടെ നാട്ടിലെ—കഥകളി പെറ്റു വളർന്ന കേരളത്തിലെ—ഒരു വിഭാഗം അഭ്യസ്തവിദ്യർ കഥകളി ഒരു കലയേ അല്ലെന്നുപോലും പറയുവാൻ ധൈര്യപ്പെടുന്നുവെന്നുള്ളതു് തികച്ചും അനുകമ്പാർഹമായ ഒരു വസ്തുതയാണു്. മോഹനാംഗിയായി രംഗപ്രവേശം ചെയ്യുന്ന പൂതന ''സുകുമാര നന്ദകുമാര!'' എന്നുപറഞ്ഞു ശ്രീകൃഷ്ണനെ സമീപിക്കുന്ന ഭാഗം അഭിനയിച്ചു കണ്ട ഒരു പാശ്ചാത്യ കലാകാരൻ സമീപത്തിരുന്ന ഒരു മലയാളി സുഹൃത്തിനോടു് ''ഹോ! എന്തൊരു കലാവൈഭവം!'' എന്നു പറഞ്ഞു് അത്ഭുതപ്പെട്ടപ്പോൾ ആ മലയാളി സുഹൃത്തു് അകലെ തിരക്കിൽ നടന്നു മറയുന്ന കടലവില്പനക്കാരനെ കൈകൊട്ടി വിളിക്കുകയായിരുന്നു. എന്തൊരു ഭാഗ്യവൈപരീത്യം!

കഥകളി ഒരു ഊമക്കളിയാണു്; അതു് ആസ്വദിക്കാൻ അംഗുലീപരിമിതമായ ഒരു വിഭാഗം ജനതയ്ക്കേ കഴിയൂ; ഇതിനെല്ലാം പുറമെ കഥകളിക്കു് വളരെയേറെ സമയം വേണം, ഈ ''യന്ത്രയുഗ''ത്തിൽ മനുഷ്യനു് വിനോദത്തിനുവേണ്ടി ഇത്രയധികം സമയം ചിലവഴിക്കാൻ സാദ്ധ്യമല്ല എന്നൊക്കെയാണു് എതിരാളികളുടെ വാദങ്ങൾ.


COLLEGE DAY:—



You are all Welcome.




Presidential Address.




Receiving The President.

UNION VALEDICTORY:—




MR PETER ALWAREZ
in the College.





MR. PETER ALWAREZ
Addressing Students.


COLLEGE DAY:— DRAMATIC ENTERTAINMENTS.



"വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു."







കഥകളി ഒരു ഉന്മക്കളിയാണു്. അതിൽ നടൻ സംസാരിക്കാറില്ല. അതു് ഒരു പരമാത്മാം മാത്രമാണു്. പക്ഷെ അഭിനയമെന്നു് പറഞ്ഞാൽ കാണാപ്പാഠം പഠിച്ചു് സ്റ്റേജിൽ കയറി ഒന്നാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ പാഠം ചൊല്ലുന്നതുപോലെ ഒറ്റ ശ്വാസത്തിൽ പറഞ്ഞവസാനിപ്പിക്കലാണെന്നാണു് ഈ വിമർശകർ ധരിച്ചിരിക്കുന്നതെങ്കിൽ അവരോടൊന്നും പറയാനില്ല. ഒരാൾ ഒരു കളിക്കാരനായി അംഗീകരിക്കപ്പെടുന്നതു് ഏഴോ എട്ടോ വഷ്ത്തെ നിരന്തരമായ അഭ്യാസത്തിനു ശേഷമാണു്. അഭ്യാസമെന്നുപറഞ്ഞാൽ പ്രഭാതത്തിൽ മൂന്നുമണിമുതൽ രാത്രി ഒമ്പതുമണിവരെയുള്ള കഠിനമായ അഭ്യാസം. നവരസങ്ങളും ഇത്ര ഭംഗിയായി പ്രകടിപ്പിക്കുന്ന വേറെ ഏതു കലയുണ്ടു് ലോകത്തിൽ? ഒരിക്കൽ പ്രഗത്ഭനായ ഒരു കഥകളി നടൻ കാട്ടാളന്റെ വേഷംകെട്ടി "തിര നോക്കു്" സമയത്തു് വിളക്കിനുമുമ്പിലിരുന്ന ഒരു കുട്ടിയെ എടുത്തു പൊക്കുകയും, ഭയന്നു വിറച്ച ആ കുട്ടി ഉടൻ മരിക്കുകയുംചെയ്തുവെന്നും, അതിനുശേഷമാണു് കാട്ടാളന്റെ "തിര നോക്കു" സമയത്തു് മുൻപിലിരിക്കുന്ന ഏതെങ്കിലും ഒരു കുട്ടിയെ എടുത്തു പൊക്കുകയെന്ന മുൻപതിവു് നിർത്തിയതെന്നും ശ്രീ. കെ. പി. എസ്സ്. മേനോൻ "കഥകളിരംഗം" എന്ന പുസ്തകത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്. കുട്ടിക്കാലത്തു് ദുശ്ശാസനന്റെ വേഷം കണ്ടു് ഭയന്നു വിറച്ചു ഞാൻ ഒരു മുക്കിലൊളിച്ചതു് എനിക്കിന്നും ഓർമ്മയുണ്ടു്. "ലവണാസുരവധ"ത്തിലെ ഹനുമാൻ "സുഖമോ ദേവി" എന്ന പദം ആടുമ്പോഴും, "സന്താനഗോപാല"ത്തിലെ ബ്രാഹ്മണൻ നെഞ്ചത്തടിച്ചു് നിലവിളിച്ചു് ശ്രീകൃഷ്ണന്റെ കൊട്ടാരത്തിൽ പ്രവേശിക്കുന്ന രംഗം അഭിനയിച്ചു കാണുമ്പോഴും, ദൂതിനു പുറപ്പെടുന്ന കൃഷ്ണന്റെ സമീപത്തു് ചെല്ലുന്ന പാഞ്ചാലി "പരി പാഹിമാം ഹരേ" എന്ന പദം ആടുമ്പോഴും കാട്ടിൽ ഉപേക്ഷിക്കപ്പെട്ട ദമയന്തി "അലസത വിലസിതമതിനാൽ ഞാനുറങ്ങിനോൻ" എന്ന പദം അഭിനയിക്കുമ്പോഴും കലാസ്വാദനഹൃദയമുള്ള ഏതൊരു വ്യക്തിയാണു് ബാഷ്പനിർഝരകണനാകാതിരിക്കുക! അതുപോലെ ശൃംഗാരം, വീരം, രൌദ്രം തുടങ്ങിയ എല്ലാ രസങ്ങളുടേയും ഹൃദയസ്പൃക്കായ അഭിനയം കഥകളിയിലുണ്ടു്. ഇതെല്ലാമാണെങ്കിലും കഥകളി കലയല്ല! അതിൽ അഭിനയവും ഇല്ല!!!

ഒരു കഥകളിനടൻ "കേകിനൃത്ത"മവതരിപ്പിച്ചാൽ അതിൽ കലാംശം ഒട്ടുമില്ല! ഇന്നുമിക്കവാറും എല്ലാ നൃത്തകരും ഇതേ കേകിനൃത്തമാണു് "മയൂരനൃത്ത"മായി അവതരിപ്പിക്കുന്നതു്. അങ്ങിനെ കേകിനൃത്തം മയൂരനൃത്തമാക്കി ഒരു ആധുനികനൃത്തകൻ കാണിച്ചാൽ അതിൽ കലാസുഭഗത വഴിഞ്ഞൊഴുകുകയായി. അതേസമയം അതിലും എത്രയോ മനോഹരമായി ഒരു കഥകളിനടൻ അവതരിപ്പിച്ചാൽ അതു കാണാൻ ഈ "കലാകാര"ന്മാരില്ല.

കഥകളിയിൽ സംഗീതംതന്നെയില്ലെന്നു് പറയുന്നവരുണ്ടു്. ശാസ്ത്രീയസംഗീതത്തിന്റെ അടിസ്ഥാനത്തിലാണു് കഥകളിപ്പാട്ടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു നല്ല പാട്ടുകാരൻ ശ്രുതിലയവും താളവുമൊപ്പിച്ചു് കഥകളിപ്പാട്ടുകൾ രംഗത്തിൽ പാടിയാൽ അതു് ആസ്വദിക്കുന്നതു പോരായ്മയായിക്കരുതുന്ന കർണ്ണാടകസംഗീതരസികന്മാരെപ്പോലും കാണാൻ കഴിയും. അപ്പോൾ ശാസ്ത്രീയസംഗീതത്തിന്റെ നേരെ ചെവി കൊട്ടിയടയ്ക്കുന്ന പച്ചപ്പരിഷ്കാരികളുടെ കാര്യം പറയാനേ ഇല്ലല്ലൊ. പഴയതിനെയെല്ലാം പുതുക്കുന്ന പരിഷ്കാരത്രമത്തിന്റെ അന്ധതയെന്നല്ലാതെ എന്തു പറയട്ടെ!

അതുപോലെതന്നെ കഥകളി സാഹിത്യം തുലോം ശോഷിച്ചതാണെന്നു് ഒരഭിപ്രായവുമുണ്ടു്. ഡിഗ്രിക്ലാസ്സിൽ ഉണ്ണായിവാരിയരുടെ "നളചരിതം" ആട്ടക്കഥ പഠിക്കുമ്പോൾ അതു് സാഹിത്യരസം നിറഞ്ഞു തുളുമ്പുന്നതാണു്. കോട്ടയത്തു് തമ്പുരാന്റേയും, കാർത്തിക തിരുനാളിന്റേയും കൃതികൾ സാഹിത്യരസംകൊണ്ടനുഗ്രഹീതങ്ങളാണു്. എങ്കിലും കഥകളിക്കൊരു സാഹിത്യസമ്പത്തുമില്ല!

ഈ അഭിപ്രായഗതികളുടെയെല്ലാം പിന്നിലുള്ളതു് ഒന്നു മാത്രമാണു്. കഥകളി കാണാനും മനസ്സിലാക്കാനും ഇവരാരും തുനിഞ്ഞിട്ടില്ല. അല്പം സങ്കീർണ്ണമായ ഏതു ശ്രേഷ്ഠകലയും—നൃത്തമായാലും, സംഗീതമായാലും, സാഹിത്യമായാലും, ചിത്രമായാലും — ആസ്വദിക്കണമെങ്കിൽ അല്പം പരിശ്രമം കൂടിയേ തീരൂ. ആ പരിശ്രമത്തിന്റെ ഫലമായി കിട്ടുന്ന ആനന്ദമോ അളവറ്റതത്രെ. ആദ്യം ഒരുപക്ഷെ കഥകളി ആസ്വാദ്യമായി തോന്നുകയില്ലായിരിക്കാം. പക്ഷെ ഒന്നോ രണ്ടോ പ്രാവശ്യം ശ്രദ്ധിച്ചു കണ്ടാൽ ഏതൊരാൾക്കും കഥകളി ആസ്വദിക്കാൻ കഴിയും. അതുകൊണ്ടു് എനിക്കു് ഈ "ആധുനിക വിമർശകരോടു്" ഒരപേക്ഷയേയുള്ളൂ. ആദ്യം കഥകളി ഒന്നു കണ്ടു നോക്കൂ. എന്നിട്ടാകാം വിമർശിക്കാൻ.

പിന്നത്തെ വാദം കഥകളി ന്യൂനപക്ഷത്തിനു മാത്രമേ ആസ്വദിക്കാൻ കഴിയുന്നുള്ളുവെന്നുള്ളതാണു്. അതു കഥകളിയുടെ ഔന്നത്യത്തെയാണു് കാണിക്കുന്നതു്. നാമെല്ലാം ആ ഔന്നത്യത്തിലേയ്ക്കുയരാനാണു്; കഥകളിയെ വലിച്ചു് താഴെ ഇടാനല്ല പരിശ്രമിക്കേണ്ടതു്. കഥകളിക്കു് വളരെയധികം സമയം വേണം. അതു് ശരിയാണു്. ചില ഭാഗങ്ങൾ കുറയ്ക്കുകയും വേണം. പക്ഷെ സമയം ചുരുക്കാൻ കലയുടെ സാരാംശംതന്നെ വെട്ടിച്ചുരുക്കണമെന്നുപറഞ്ഞാൽപിന്നെ "കല" എന്ന വാക്കിനുതന്നെ അർത്ഥമില്ലാതായിപ്പോകുമല്ലോ.

കഥകളി എങ്ങിനെ പരിഷ്കരിക്കാം?

കഥകളി വളരെ വളർന്നുകഴിഞ്ഞിട്ടുണ്ടു്. അതോടൊപ്പം കഥകളി കലാകാരന്മാരിൽ പലർക്കും ഉയരാൻ കഴിഞ്ഞിട്ടില്ല. വിശാലലോകത്തെക്കുറിച്ചു് നടനു് കുറെയെങ്കിലും അറിവുണ്ടായിരിക്കണം. സാംസ്കാരികലോകത്തിലാണു് താൻ ജീവിക്കുന്നതെന്നു് ഓരോ കലാകാരനും സ്വയം മനസ്സിലാക്കണം.

ചെറുതുരുത്തിയിലുള്ള "കേരള കലാമണ്ഡലം", കോട്ടയ്ക്കൽ "പി. എസ്. വി. നാട്യസംഘം", പേരൂർ "ഗാന്ധി സേവാസദനം കഥകളി വിദ്യാലയം", ഇരിങ്ങാലക്കുട "ഉണ്ണായിവാരിയർ സ്മാരകകലാനിലയം" തുടങ്ങി അനേകം കഥകളികലാലയങ്ങളും ഇന്നു് കേരളത്തിലുണ്ടു്. ഈ കലാലയങ്ങളിലെല്ലാം വിദ്യാർത്ഥികൾക്കു് സ്ഥിരം വിദ്യാഭ്യാസം ലഭിക്കുന്നതിനു് സൌകര്യം ഏർപ്പെടുത്തുക. ഈ കലാലയങ്ങളിൽനിന്നും കോഴ്സു് പൂർത്തിയാകുന്നതോടെ ചുരുങ്ങിയതു് പതിനൊന്നാം സ്റ്റാൻഡേർഡെങ്കിലും വിദ്യാർത്ഥികൾ പാസ്സായിരിക്കണമെന്നു് നിബ്ബന്ധംവയ്ക്കുക. ഇങ്ങിനെ ഈ യുവകലാകാരന്മാരുടെ സാംസ്കാരികവളർച്ചകൊണ്ടു് മാത്രമേ കഥകളിയാകുന്ന മഹാസൌധം താങ്ങിനിർത്താൻ കഴിയൂ.

അതുപോലെ കഥകളി, ക്ഷേത്രങ്ങളേയും, ദേവസ്വങ്ങളേയും മാത്രം ആശ്രയിച്ചുനില്ക്കാതെ സാധാരണക്കാർക്കും — ജാതിമതഭേദമെന്യേ — കണ്ടാസ്വദിക്കാൻ സൌകര്യം നല്കുക. പുരാണങ്ങളെ മാത്രം അവലംബിച്ചുനില്ക്കാതെ നൂതനങ്ങളും, മനുഷ്യജീവിതത്തെ സ്പർശിക്കുന്നതുമായ പുതിയ കഥകളും കഥകളിയിൽകൂടെ ആവിഷ്കരിക്കുക. ഇങ്ങിനെയെല്ലാം പരിശ്രമിച്ചാൽ കഥകളിക്കു് ഇനിയും ഉയരാൻ കഴിയും. ഈ സാവ്വലൌകിക കല വാനോളം വളരട്ടെ!

"നിങ്ങൾക്കു് ഒരിക്കലും മനുഷ്യനിലുള്ള വിശ്വാസം നശിക്കേണ്ടതില്ല",

ഒരു രാഷ്ട്രീയനേതാവിന്റെ പ്രസംഗം.

ശരിയാണു്. രാഷ്ട്രീയക്കാരല്ലാത്തവരുമുണ്ടല്ലൊ ലോകത്തിൽ.

പ്രേമലേഖനം.

(പി. നവ്യാതൻ നമ്പൂതിരി, I. B. Sc.)

"മൽപ്രിയ! ഞാനെത്ര കാലമായ് നിന്നുടെ–
യാഗമമിച്ഛിച്ചു മേവിടുന്നു.
താവക സ്നേഹത്തിൻ തേൻ നുകർന്നീടുവാൻ
പാവമിവനുക്കിട കിട്ടിടുമോ?
പച്ചവില്ലീസു വിരിച്ച തകിടിയിൽ
സച്ഛമാം തുഖെള്ളി ചന്ദ്രികയിൽ,
പിച്ചകപ്പൂക്കളെതൻ ഗന്ധം വഹിച്ചുള്ള–
പിച്ചുവെച്ചെത്തുന്ന തെന്നലിലായ്
താരകമൗക്തികസഞ്ചയം കോരിത്താരു–
ഹാരഖചിതമാം വിൺപന്തലിൽ
ഒന്നിച്ചിരുന്നല്പം നമ്മസല്ലാപങ്ങളാ
തുന്നുവാനെത്ര ഞാൻ മോഹിക്കുന്നു!
തമ്മിലഹംകൃതിയില്ലാതെ നിത്യാഭി–
കാമ്യമാം സ്നേഹത്തിൻ പീയൂഷത്തിൽ
പൂണ്ണ നിമഗ്നരായ് മേവിടാനെന്നുള്ളിൽ–
ത്തിങ്ങി നിറയുന്നിതാശ മേലേ.
ആകസ്മികമായി നാം പിരിഞ്ഞീടുകിൽ
പാകതവന്നൊരെൻ പ്രേമപാശം
ഹാ! കടന്നെന്തൊക്കെച്ചെയ്യുമെന്നുള്ളൊരു
ഭീകര ഭാവന ജൃംഭിക്കുന്നു!
അങ്ങനെയെങ്ങാനും നിർഭാഗ്യം കാരണം
വന്നുപോയെങ്കിലെൻ പ്രാണനാഥാ!
മാമക പ്രേമോപഹാരമാമീനവ്യ
കോമളത്താരിനെയെങ്ങാരിക്കൽ
ചുംബനം ചെയ്കയോ, മെയ്യിലണിയുകിൽ
എണ്ണുവേൻ ധന്യരിൽ ധന്യയായി,
ആയതു ചെയ്യുമെന്നോർത്തു ഞാൻ നിർവൃതി–
ക്കോമരമായ,ഹോ! തുള്ളുമെന്നും.
സ്നേഹത്തിൻ നിർവൃതി ദേഹസംഗത്തിൽനി–
ന്നല്ലെന്നു ചൊല്ലുന്നു തത്വവേദി.
എങ്കിലുമെൻമേനി കോമളമായിർക്കൊള്ളുന്നു
താവകസംഗപ്രതീക്ഷയാലെ!"

ഒരു സൈക്കിൾവ്യാപാരി ഒരു നാട്ടുമ്പുറത്തുകാരനെക്കൊണ്ട് ഒരു സൈക്കിളെടുപ്പിക്കുവാൻ ശ്രമിക്കുകയാണു്. കർഷകൻ പറഞ്ഞു: എനിക്കൊരു പശുവാണു് കൂടുതൽ പ്രയോജനപ്പെടുക. സൈക്കിളല്ല.

വ്യാപാരി: അങ്ങനെയല്ല. പശുവിന്റെ പുറത്തു് സവാരി ചെയ്യുന്നതു പരിഹാസ്യമല്ലെ?

കർഷകൻ: അല്ലല്ല. സൈക്കിളിനെ കാണുമ്പോലെ പാലെടുക്കാൻ ശ്രമിക്കുന്നതോളം പരിഹാസ്യമല്ലല്ലൊ!

മുഴമിക്കാത്ത കവിതകൾ.

(By M. A. Jose, II. B. Sc.)

രാത്രിയുടെ നിശ്ശബ്ദതയിൽ എന്റെ തൊട്ടടുത്ത മുറിയിൽനിന്നു് ആ ചുമ നീണ്ടു കേൾക്കാം. ആദ്യം രോദനംപോലെ തുടങ്ങിയിട്ടു് ഭീകരമായ ശബ്ദത്തിൽ അതു് അവസാനിക്കും. രാത്രിയുടെ ഏകാന്തത ആ ചുമയുടെ ഭീകരതയ്ക്കു് മാറ്റു വർദ്ധിപ്പിക്കും.


ഞാനന്നു് 'ട്യൂട്ടോറിയ'ലിൽ പഠിക്കയായിരുന്നു. സെപ്തമ്പറിൽ പരീക്ഷയ്ക്കിരിക്കണം. ജൂലായ്മാസത്തിന്റെ അവസാനത്തിലാണെന്നു തോന്നുന്നു അയാൾ എന്റെ തൊട്ടടുത്ത മുറി കരസ്ഥമാക്കിയതു്. ഞങ്ങൾ ഇരുവരും പരിചയപ്പെടേണ്ടവരായിരുന്നു. പക്ഷെ ആ മനുഷ്യൻ (ചുരുങ്ങിയതു് 24 വയസ്സു് പ്രായം തോന്നിക്കും) മുറിയിൽനിന്നു് പുറത്തിറങ്ങാറില്ല. അഥവാ പുറത്തിറങ്ങിയാൽത്തന്നെ ആരോടും സംസാരിക്കാറുമില്ല. ഒരു മാസമേ ആയുള്ള അയാളിങ്ങനെ ചുമ തുടങ്ങിയിട്ടു്. രാത്രിസമയത്തു് അയാൾ പോട്ടിക്കോയിൽ വന്നിരുന്നു് വിദൂരതയിലേയ്ക്കു് നോക്കി നെടുവീർപ്പിടുന്നതു്, എനിക്കു് ചിലപ്പോഴെല്ലാം കാണാമായിരുന്നു.

സെപ്തമ്പർ രണ്ടാംതിയതിയാണെന്നതോന്നുന്നു ആ സംഭവം നടന്നതു്. പരീക്ഷയ്ക്കു ഞാൻ പൊരിഞ്ഞ വായനയാണു്. പെട്ടെന്നാണു് വാതിലിൽ മുട്ടു കേട്ടതു്. ഞാൻ വാതിൽ തുറന്നപ്പോൾ കണ്ടതു് അടുത്ത മുറിയിലെ ആ മനുഷ്യനെയായിരുന്നു. അയാൾ വളരെ പരവശനായി കാണപ്പെട്ടു. അയാൾ വാതിലിന്മേൽത്തന്നെ കൈവെച്ചുകൊണ്ടു് പറഞ്ഞു:— "ഏയ് മിസ്റ്റർ, എന്റെ മുറിയിലേയ്ക്കു് ഒന്നു വരുവാൻ സൗകര്യമുണ്ടാവുമോ? ഇപ്പോഴോ, കുറച്ചുനേരം കഴിഞ്ഞിട്ടോ വന്നാൽ മതി." അയാളുമായി പരിചയപ്പെടാൻ പറ്റിയ ഒരു സന്ദർഭമാണിതു്. ഈ സുവർണ്ണാവസരം പാഴാക്കിക്കളഞ്ഞുകൂടാ! ഞാൻ സമ്മതിച്ചു. വായിക്കാനെടുത്ത പുസ്തകം മേശപ്പുറത്തുതന്നെ നിക്ഷേപിച്ചിട്ടു് ഞാൻ അയാളെ പിന്തുടർന്നു് മുറിയിലേയ്ക്കു പ്രവേശിച്ചു.

ഒരു അടുക്കും ചിട്ടയുമില്ലാത്ത മുറി. കുറെ പുസ്തകങ്ങളും മാസികകളും മേശപ്പുറത്തു് ചിതറിക്കിടക്കുന്നുണ്ടു്. ചുവരിൽ ചിലന്തിവലയും അഴുക്കും പൊടിയുംകൊണ്ടു് വൃത്തികേടായിക്കിടക്കയാണു്. മുറിയിൽ ഒരു ചാരുകസേരയും ഒരു കട്ടിലും കട്ടിലിൽ അഴുക്കായ വസ്ത്രങ്ങളും ചിതറിക്കിടക്കുന്നു. മുറിയുടെ ഒരറ്റത്തു് ഒരു വീഞ്ഞുപ്പെട്ടിയും അതിന്മേൽ ഒരു ഭംഗിയുള്ള മരക്കുതിരയും. ആ ചിട്ടയില്ലായ്മതന്നെ അയാളുടെ പ്രകൃതത്തെ വിളിച്ചുപറയുന്നുണ്ടു്. അയാൾ ഒരു കസേര നീക്കിയിട്ടു് ഇരിക്കാൻ ക്ഷണിച്ചുകൊണ്ടു് പറഞ്ഞു: "ഞാൻ ഈ മുറിയിൽ വന്നിട്ടു് രണ്ടു മാസമായെന്നു താങ്കൾക്കറിയാമല്ലൊ?"


"ഉവ്വു്". അയാൾപെട്ടെന്നു പറഞ്ഞു:— "താങ്കൾക്കെന്റെ ആത്മകഥ കേൾക്കാൻ വിരോധമുണ്ടോ?" യാതൊരു ഉപചാരവുംകൂടാതെ പെട്ടെന്നു തൊട്ടടുത്ത ആ ചോദ്യമേറു് ഞാൻ അല്പമൊന്നു കുഴഞ്ഞു. എന്റെ അനുവാദത്തിനു കാത്തുനില്ക്കാതെ അയാൾ കഥ തുടങ്ങി. യാതൊരു മുഖവുരയുംകൂടാതെ അയാൾ കഥയിലേയ്ക്കു് പ്രവേശിച്ചു: "സമാന്യം ധനസ്ഥിതിയുള്ള ഒരു കുടുംബത്തിലാണു് ഞാൻ ജനിച്ചതു്. ഹൈസ്കൂൾ വിദ്യാഭ്യാസംകഴിഞ്ഞപ്പോൾ എന്നെ കോളേജിലേയ്ക്കയച്ചു. ഹോസ്റ്റൽജീവിതം മുഷിപ്പനായി തോന്നി. ഒഴിവുദിവസം കിട്ടുമ്പോഴെല്ലാം ഞാൻ വീട്ടിലേയ്ക്കു പോയിരുന്നു. ക്രിസ്തുമസ്സു് വെക്കേഷനുശേഷം വീട്ടിൽ പോയതു് പരീക്ഷയെല്ലാം കഴിഞ്ഞപ്പോഴായിരുന്നു.


COLLEGE ANNUAL SOCIAL.




Chief Guest

District Collector.






'Ottan Thullal'



C. K. Bharathan & Party.



Osmania Arts College.


What the Boys saw




at Hyderabad.

Photos by K. K. Vijayan.

Charminar.



Golconda Fort.



Osman Sagar Lake.

പണ്ടത്തെപ്പോലെ സ്വതന്ത്രനായ് കഴിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിച്ചു. ഒരു പുതിയ കുടുംബം ഞങ്ങളുടെ അയൽപക്കത്തു് താമസമാക്കിയിട്ടുണ്ടായിരുന്നു. ഞാൻ ഒരു ദിവസം ആ വീടിന്റെ അരികെക്കൂടി നടന്നുപോകുകയായിരുന്നു. നാലുവയസ്സു പ്രായമുള്ള ഒരു ബാലൻ ഓടിവന്നു് എന്റെ കയ്യിൽ കേറി പിടിച്ചു് ''ച്ചാച്ചാ'' എന്നു വിളിച്ചു. ഞാൻ അത്ഭുതത്തോടുകൂടി ആ ബാലനെ നോക്കി നിന്നുപോയി.'' അയാൾ നിത്തിയിട്ടു് കസേര കുറച്ചുകൂടി നീക്കിയിട്ടുകൊണ്ടു് തുടർന്നു: ''അപ്പോഴേയ്ക്കും അവന്റെ അമ്മയാണെന്നു തോന്നുന്നു, വന്നു്, അവനെ എടുത്തുകൊണ്ടു് പറഞ്ഞു: ''കണ്ടവരെയൊക്കെ ചാച്ചനു് വിളിക്കും. മോന്റെ ചാച്ചൻ ഇനി വരില്ല്യുട്ടോ!'' ആ സ്ത്രീയുടെ മുഖത്തു് കണ്ണീർച്ചാലുകൾ ഒഴുകിത്തുടങ്ങി. ഞാൻ വേഗം തന്നെ വീട്ടിലേയ്ക്കു മടങ്ങി. അമ്മയോടു് ചോദിച്ചപ്പോഴാണു് വിവരമെല്ലാം അറിവാൻ സാധിച്ചതു്. ആ അമ്മയും മകനും രണ്ടു മാസമായി അവിടെ താമസിക്കാൻ വന്നിട്ടെന്നും, ആ സ്ത്രീയുടെ ഭർത്താവു് ടൈഫോയ്ഡ് പിടിച്ചാണു് മരിച്ചതെന്നുമുള്ള വാർത്തകൾ! അമ്മ ഒടുവിൽ ഇങ്ങനെ പറഞ്ഞു:—''ആ വേണുക്കൊച്ചൻ എന്തൊരു കുട്ടപ്പനാ! നിനക്കവനെ ചിലപ്പോഴൊക്കെ ഇങ്ങോട്ടു് കൊണ്ടുവന്നുകൂടെ!''

പിറേറന്നുമുതലാണു് ഞാനും വേണുവും മഹാ സുഹൃത്തുക്കളായതു്. ഞാൻ അവനു് മിഠായി സമ്മാനിച്ചു. ഞാനവനെ കയ്യിന്മേൽ തൂക്കിക്കൊണ്ടു് വീട്ടിലേയ്ക്കു് കൊണ്ടുവരും. അവൻ ഓരോ ചോദ്യങ്ങൾ ചോദിച്ചു് എന്നെ ബുദ്ധിമുട്ടിക്കും. ബാല്യത്തിന്റെ നിഷ്കളങ്കതയിൽനിന്നുത്ഭവിക്കുന്ന ചോദ്യങ്ങൾക്കെങ്ങിനെയാണു് ഉത്തരം കൊടുക്കുക? ദിവസങ്ങൾ കഴിഞ്ഞുപോകുംതോറും ഞങ്ങളുടെ ബന്ധത്തിനു് മാറ്റു കൂടിവന്നുകൊണ്ടിരുന്നു. അങ്ങിനെ ഒഴിവുദിവസങ്ങളും കഴിഞ്ഞു. വേണുവിനെ ഒരുവിധം പറഞ്ഞു സമ്മതിപ്പിച്ചു് ഞാൻ കോളേജിലേയ്ക്കു യാത്രയായി. ഇനി അവനു് ആരാണു് കൂട്ടുണ്ടാകുക? എനിക്കുജന്മാരില്ലാതെപോയല്ലൊ! ഒരു കൊല്ലം കഴിഞ്ഞുപോയതു് എത്ര വേഗമായിരുന്നു. ആ കൊല്ലത്തിൽ രണ്ടു മൂന്നു പ്രാവശ്യം ഞാൻ വീട്ടിൽ പോയി. പോയപ്പോഴെല്ലാം മിഠായിയും മറ്റും കൊടുത്തു് അവനെ തൃപ്തിപ്പെടുത്തും. ഞാൻ കോളേജിലേയ്ക്കു് മടങ്ങിപ്പോരുവാൻനേരത്തു് അവനെ അരികിൽ വിളിച്ചു് പറഞ്ഞു.—''വേണു, ഇനി ചാച്ചൻ വരുമ്പൊ നല്ല ചായംതേച്ച ഒരു മരക്കുതിരയെ കൊണ്ടുവരാം; ട്ടൊ!''

''ഇച്ചു് ഉട്ടപ്പം, മുട്ടായീം'' അവൻ പൂരിപ്പിച്ചു. എന്റെ കൈത്തണ്ടയിൽ തൂങ്ങി വേണു കുറച്ചിടപോന്നു. ഞാൻ അവനെ വീട്ടിലേക്കയച്ചു. ആ കൊച്ചു ടൌസ്സറുമിട്ടു് വേണു പോയ ആ കാഴ്ച, ഹാ! ഞാൻ അതിപ്പോഴും കാണുന്നു.'' അയാൾ വിദൂരതയിലേയ്ക്കു് നോക്കിക്കൊണ്ടു് തുടർന്നു: ''പരീക്ഷയെല്ലാം കഴിഞ്ഞു. നല്ല ഒരു മരക്കുതിരയും ഒന്നുരണ്ടു പട്ടുകുപ്പായങ്ങളും വാങ്ങിച്ചുകൊണ്ടു് ഞാൻ വീട്ടിലേയ്ക്കു മടങ്ങി. എന്നെ കാത്തു് വേണു ഇപ്പോൾ പടിക്കൽ നില്ക്കുന്നുണ്ടാകും എന്നും മറ്റും ഞാൻ വിചാരിച്ചു. അവരുടെ പടിക്കലെത്തിയിട്ടും വേണുവിനെ കണ്ടില്ല. വഴിക്കുവെച്ചു് ഒരു സ്ത്രീ പറയുന്നതു കേട്ടു, ''ആ കുട്ടി സതീശന്റെ കണ്ണിലുണ്ണിയായിരുന്നു! പക്ഷെ എന്തുചെയ്യാം. ദൈവം വിധിച്ചാൽ തടുക്കാനൊക്കുമോ? എങ്കിലും കഷ്ടമായിപ്പോയി.'' എന്തു്! ഞാനെന്താണീ കേട്ടതു്? വേണു എനിക്കു് നഷ്ടപ്പെട്ടുവെന്നോ? എനിക്കെന്റെ വേണു നഷ്ടപ്പെട്ടിരുന്നു. ഹാ! എന്റെ ആത്മ സുഹൃത്തു് വേണുവിനെപ്പറ്റി ഓർക്കുമ്പോൾ ഞാൻ ഞാനല്ലാതായിത്തീരുകയാണു്.

എന്റെ ശരീരത്തിൽനിന്നു് ഒരു ഭാഗം അടർന്നുപോലെയായി എന്റെ സ്ഥിതി. ഒരു ഉദ്യോഗം കിട്ടുമെന്നുവിചാരിച്ചു് ഞാൻ ഇവിടെ വന്നെത്തി. പക്ഷെ വേണുവിനെപ്പറ്റി ഓർക്കാത്ത നിമിഷങ്ങളും ചുരുക്കമായിരുന്നു. എന്റെ അച്ഛനെ പറഞ്ഞു വിശ്വസിപ്പിച്ചിരി

ക്കുന്നതു് എനിക്കു് ഒരുദ്യോഗം കിട്ടിയെന്നാണു്. പക്ഷെ വേണുവിനോടുകൂടി ചേരുവാൻ എന്റെ ഹൃദയം പിടയ്ക്കുകയാണു്. ജോലിയൊന്നുമില്ലാതായപ്പോഴും ഹൃദയവേദന കുറയ്ക്കാൻ ഞാൻ കവിതയിലേയ്ക്കു് തിരിച്ചു. അതാ ആ മേശപ്പുറത്തെ മഞ്ഞനിറത്തിലുള്ള Note Book നോക്കു; അതിലാണു് എന്റെ ജീവിതം മുഴുവനും. പോരാത്തതിനു് ഞാനൊരു രോഗിയുമായി. എങ്കിലും എനിക്കു് ചാരിതാർത്ഥ്യമുണ്ടു്. ഞാൻ വേണുവിനുവേണ്ടി കവിതയെഴുതി, അവനുവേണ്ടി മരിക്കും.....'' അയാൾ ആ മരക്കുതിരയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് തുടർന്നു:— ''അതേ, അതുതന്നെയാണു വേണുവിനുവേണ്ടി ഞാൻ വാങ്ങിയ മരക്കുതിര'', അയാൾ പറഞ്ഞു നിർത്തി.

ഞാൻ ആ നോട്ടുബുക്കു് എടുത്തു് തുറന്നുനോക്കി. അതിൽ കുറെ വരികൾ കുത്തിക്കുറിച്ചിട്ടുണ്ടായിരുന്നു. നല്ല വടിവൊത്ത അക്ഷരങ്ങളിൽ, ഒരു കൊച്ചു ജീവിതം—നിഷ്ക്കളങ്കനായ ആ കൊച്ചു ബാലന്റെ ജീവിതം—അതേപടി പകർത്തിയിരിക്കുന്നു. പക്ഷെ ആ കവിതകൾക്കെല്ലാറ്റിനും ഒരേ ഒരു കുറവു്. അവ കുറെ ചെല്ലുമ്പോൾ പെട്ടെന്നു് അവസാനിക്കുക. അതുകൊണ്ടുതന്നെയാണു് സതീശൻ പറഞ്ഞതു്: ''അതു മുഴുമിക്കാത്ത കവിതകളാണു്.'' നേരം വളരെയായതുകൊണ്ടു് ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു.

പിറേറദിവസവും ആ ഭീകരമായ ചുമ എനിക്കു കേൾക്കാൻ കഴിഞ്ഞു. നിഷ്ക്കളങ്കനായ ഒരു കലാകാരന്റെ തകർന്ന ജീവിതം പിന്നേയും ഇഞ്ചിഞ്ചായി തകരുകയായിരുന്നു. പക്ഷെ ആസ്വദിക്കാനും ആനന്ദിക്കാനും കഴിവുള്ള— ഒരു പിഞ്ചു പൈതലിന്റെ മരണത്താൽ ജീവിതശേഷം ദുഃഖിച്ചു കഴിച്ചുകൂട്ടുവാൻ മുതിർന്ന— ആ കലാകാരന്റെ അന്ത്യം അടുത്തു വന്നതായി എനിക്കു തോന്നി. ഞാൻ കമ്പികൊടുത്തു് സതീശന്റെ അച്ഛനേയും അമ്മയേയും വരുത്തി. മകന്റെ പരവശതകണ്ടു് അവർ പൊട്ടിക്കരഞ്ഞുപോയി. ഡോക്ടരെ കൊണ്ടുവന്നു് മരുന്നു കൊടുത്തിട്ടും യാതൊരു ഗുണവുമുണ്ടായില്ല. പിറേറദിവസം കാലത്തു് 8 മണിയായിക്കാണും. സതീശന്റെ അമ്മ വന്നു് സതീശൻ എന്നെ കാണണമെന്നു് പറയുന്നുവെന്നു് എന്നെ അറിയിച്ചു. ആ ദീപം പൊലിയുവാൻ ഇനി അധികം നേരമില്ലെന്നു് എനിക്കു മനസ്സിലായി. എന്നോടു് ആ മരക്കുതിരയെടുത്തു് ചുമരിൽ ആണിതറച്ചു് വെക്കുവാൻ സതീശൻ ആവശ്യപ്പെട്ടു. ഞാൻ അപ്രകാരം ചെയ്തു.

ഒരു മണിക്കൂർകൂടി കഴിഞ്ഞു. അയാൾ വളരെ വിഷമിച്ചു് ഇപ്രകാരം പറഞ്ഞു: ''എനിക്കു് ആ കുതിരയെ എപ്പോഴും കണ്ടുകൊണ്ടിരിക്കണം. ഹാ! എന്റെ വേണു! ആ കുതിര.... ഹാ, എന്റെ വേണു.....'' തുടർന്നു് സംസാരിക്കുവാൻ സതീശനു് സാധിച്ചില്ല. സതീശൻ ആ കുതിരയെ ഒന്നുകൂടി നോക്കി. ആ കണ്ണുകൾ പതുക്കെ അടഞ്ഞു.

സന്തോഷം.

രാമൻ കണക്കിൽ വളരെ മോശമാണു്. കൃഷ്ണൻ മാസ്റ്റർ വളരെ ബുദ്ധിമുട്ടുവുണ്ടു്, അവനെ കണക്കു മനസ്സിലാക്കാൻ. ഒരു ദിവസം മാസ്റ്റർ രാമനോടു്: ''രാമാ, നിനക്കു് രണ്ടു കയ്യിലുംകൂടി ആകെ പത്തു വിരലുണ്ടു്. അതിൽ വലതുകയ്യിന്റെ നാലെണ്ണം പോയാൽ ബാക്കി എത്രയുണ്ടാവും?''

രാമൻ: ''സന്തോഷമുണ്ടാവും, സാർ. പിന്നെ കണക്കു ചെയ്യേണ്ടല്ലോ?''

BHARAT STUDIO

PHONE NO. 374

NEAR BOAT JETTY

ERNAKULAM.

ഡീൻസ് ഇസ്ലാമിയ ഓപ്ടിക്കൽ സ്റ്റോഴ്സ്,

ഇരിങ്ങാലക്കുട.

ഡോക്ടർമാരുടെ ശിട്ടപ്രകാരമുള്ള കണ്ണടകളും,

ഇംഗ്ലീഷ് & അമേരിക്കൻ ക്രൂക്സ് ഗ്ലാസ്സുകളും,

ക്ലളിംഗ് ഗ്ലാസ്സുകളും, പരിഷ്കൃതരീതിയിലുള്ള

ഫ്രെയിമുകളും മുതലായവയ്ക്ക്

"ഡീൻസ് ഇസ്ലാമിയ ഓപ്ടിക്കൽ സ്റ്റോഴ്സ്"

സന്ദർശിക്കുക.

വസന്തരാവിൽ.

(വിജയൻ, II. B. A)


മാനം ചുറ്റിയ പട്ടടയാടയിൽ
മിന്നാമിന്നു നിറഞ്ഞപ്പോഴം,
മല്ലിപ്പൂവിന്നല്ലികയംതോഴം
തുള്ളിനടന്നൊരിളംകാറ്റീ—
മന്നിനെ മുഴുവൻ മാദകമാക്കാൻ
തെന്നിത്തെന്നിയകന്നപ്പോഴം,
ആമ്പൽപ്പൊയ്കയിലഴകൊഴുകും കുളി—
രമ്പിളിയിളകി നടന്നപ്പോഴം,
നിന്നെയുമോത്താ പൊൻമലരുതിരും
കൊന്നച്ചോട്ടിൽ നിന്നപ്പോഴം,
എന്തേവന്നെൻ ചുണ്ടിണയിൽ നീ—
യുമ്മപകർന്നു മിണ്ടാതെ?
നൊമ്പരമേല്പിച്ചെന്നുടലത്തിൻ
തുമ്പിൽ വിരിഞ്ഞൊരു രോമാഞ്ചം,
ഒപ്പിയെടുക്കാനോഷ്ഠവുമധരവു—
മൊരുക്കി നിൽക്കുള്ള, നീ, വേഗം,

മനുഷ്യരിലുള്ള വിശ്വാസം നശിക്കരുതു്.

സബ് ഇൻസ്പെക്ടർ:—"ഒരാഴ്ചയായി, ഈ സ്റ്റേഷനിലെ അതിർത്തിക്കുള്ളിൽ ഒരൊറ്റ കളവോ, കവർച്ചയോ, കള്ളുകുടിയോ, മറ്റക്രമമോ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല."


കോൺസ്റ്റബിൾ:—"അതു വിചാരിച്ചു് ബേജാറാവണ്ട, സാർ, എന്തെങ്കിലും ഉടനെ ഉണ്ടാവാതിരിക്കില്ല. മനുഷ്യസ്വഭാവത്തിൽ അങ്ങനെ വിശ്വാസം നശിക്കരുതല്ലൊ."

THEY DISTINGUISHED THEMSELVES:—




MANI EDWIN,

Kerala University Foot-ball Captain.




C. MOHAN DAS,

Represented Kerala University in the Inter University Youth Festival at Delhi.



P. K. KOCHUMOIDHEEN,

Cover Page Artist.



HOSTEL GROUP.

ശാകുന്തളത്തിലെ വിശ്വപ്രേമം.

(വി. വി. രാജൻ, P. U. C)

കലകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതാണല്ലൊ സാഹിത്യം. സാഹിത്യത്തിൽ വലിയ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരെല്ലാം കവികളായിത്തീരണമെന്നില്ല. വലിയ കവികളെല്ലാവരും പണ്ഡിതന്മാരുമല്ല. 'കവികൾ ജാതന്മാരാണ്; കൃതന്മാരല്ല.' ('Poets are born; not made') എന്ന് ആംഗ്ലേയ ഭാഷയിൽ ഒരു ചൊല്ലുണ്ട്. അഭ്യാസമല്ല, വാസനയാണ് ഒരുവനെ കവിയാക്കുന്നത് എന്നതത്രെ ഇതിന്റെ സാരം. കാളിദാസൻ ഒരു അഭ്യസ്തവിദ്യനായിരുന്നില്ല; ഒരാട്ടിടയനായിരുന്നു എന്നതത്രെ ഐതിഹ്യം. വിശ്വോത്തര മഹാകവിയായ ഷേക്സ്പീയറും പാണ്ഡിത്യത്തിന്നു പ്രസിദ്ധിനേടിയ ഒരാളായിരുന്നില്ല.

ലോക സാഹിത്യഗ്രന്ഥങ്ങളുടെ അഗ്രിമസ്ഥാനത്തു വിലസുന്നവയാണല്ലൊ കാളിദാസകാവ്യങ്ങൾ—പ്രത്യേകിച്ച് ശാകുന്തളം. ലോകസാഹിത്യത്തിൽ നാളിതുവരെയുണ്ടായിട്ടുള്ള സാഹിത്യഗ്രന്ഥങ്ങൾക്കൊന്നും ശാകുന്തളത്തെ കവച്ചുവെയ്ക്കുവാനോ, അല്ലെങ്കിൽ അതിന്റെ നിലവാരത്തിൽ എത്തിച്ചേരുവാനോ കഴിഞ്ഞിട്ടില്ല എന്നു് ചിലർ അഭിപ്രായപ്പെടുന്നു.

"വഷ്പ്പിറപ്പിലെ പൂക്കളും, വഷ്താന്തുത്തിലെ ഫലങ്ങളും, ആത്മാവിനെ മോഹിപ്പിക്കുന്നതെന്തും, ഭൂലോകവും, നാകലോകവും ഒരൊറ്റവാക്കിൽ ഉൾക്കൊള്ളിക്കണമൊ? — ഞാൻ പായാം—ശാകുന്തളം." ലോകമഹാകവിയായ ഗോയ്ഥെ പാശ്ചാത്യസാഹിത്യകാരന്മാർക്കു് ശാകുന്തളത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയാണിപ്രകാരം. ഇത്രമാത്രം പ്രശംസ വഷ്ിക്കുവാൻ കാളിദാസന്റെ ശാകുന്തളത്തിലുള്ള വൈശിഷ്ട്യമെന്താണ്? അതിൽ ഉടനീളം പ്രഭ വിതറുന്ന വിശാലമായ വിശ്വപ്രേമം തന്നെ. പരസ്പരസ്നേഹത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിച്ചിട്ടുള്ള പല കൃതികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ശാകുന്തളത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രേമത്തിന്റെ തപഃശുദ്ധിയും, ധാർമ്മിക തേജസ്സും ആത്മീയപ്രഭാവവും മറേതെങ്കിലും കാവ്യത്തിൽ കാണുന്നുണ്ടെങ്കിൽ അതു കുമാരസംഭവത്തിൽ മാത്രമാണ്.

പ്രേമം, ത്യാഗംകൊണ്ടാണ് വിശുദ്ധി നേടുന്നതു്. വികാരവിക്ഷോഭങ്ങളുടെ പുക തട്ടാത്ത മണിവിളക്കാണ് യഥാർത്ഥ പ്രേമം. കുമാരസംഭവത്തിലെ നായികാനായകന്മാരുടെ കഠിനതപസ്സിൽനിന്നെല്ലാം നമുക്കതു മനസ്സിലാക്കാം. എന്നാൽ ശാകുന്തളത്തിൽ അതു മാനുഷികലോകത്തുനിന്നു വിശാലമായ വിശ്വത്തിന്റെ എല്ലാകോണുകളിലേയ്ക്കും ഇറങ്ങിവരുന്നതായിട്ടാണ് നാം കാണുന്നതു്. മരത്തിലും, മൃഗത്തിലും, മത്സ്യനിലും ഒരേ ശക്തിതന്നെയാണ് പ്രവർത്തിക്കുന്നതെന്നും, അതിനാൽ എല്ലാം സഹോദരഭാവേന വർത്തിക്കേണ്ടതാണെന്നും നമ്മുടെ മഹാകവി വിളിച്ചുപറയുന്നു.

മഹാത്മാവായ കണ്വമുനിതന്നെ കഥാനായികയായ ശകുന്തളയുടെ നിഷ്കളങ്കസ്നേഹത്തെ അഭിനന്ദിക്കുന്നുണ്ട്. ഒരു ദിവസംപോലും ആ ആശ്രമപരിസരത്തുള്ള വൃക്ഷങ്ങളെ അവൾ നനയ്ക്കാതിരിക്കാറില്ല; കൗതുകമുണ്ടെങ്കിലും അവയിലുള്ള തളിരുകളെ വാത്സല്യാതിരേകത്താൽ ഇറുക്കാറില്ല. അവയുടെ പൂക്കാലമാണ് അവളുടെ മഹോത്സവക്കാലം. അതുപോലെ കണ്വാശ്രമത്തിലെ സുഖദുഃഖങ്ങളിൽ അവയും പങ്കു ചേരുന്നുണ്ട്. ഗർഭിണിയായ ശകുന്തള ദുഷ്യന്തന്റെ രാജധാനിയിലേയ്ക്കു പോകുമ്പോൾ ആ തപോവനത്തിന്റെ അവസ്ഥ നോക്കുക:—

"പുല്ലിനെ മാൻ തുപ്പുന്ന
നല്ലിളമയിൽ നത്തനം നിത്തുന്ന
വള്ളികളുംത്താപത്താൽ
വെള്ളില കണ്ണീർകണക്ക ചൊരിയുന്ന."

അങ്ങനെ കണ്വാശ്രമത്തിന്റെ സുഖദുഃഖങ്ങളിൽ അവരും പങ്കുകൊള്ളുകയാണു്.

പ്രകൃതിയും മനുഷ്യരുംതമ്മിലുള്ള് വിശാലമായ പ്രേമമല്ലെ ഇതു്. അത്തരത്തിലൊരു രംഗം നിർമ്മിക്കുവാൻ ഭാവനാസമ്പന്നനായ കാളിദാസ മഹാകവിക്കേ സാധിക്കൂ. അഭിജ്ഞാനശാകുന്തളം വെറും ശകുന്തളാദുഷ്യന്തന്മാരുടെ പ്രേമകഥ മാത്രമല്ല; പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ആത്മീയബന്ധത്തിന്റെ രോമാഞ്ചമുണ്ടാക്കുന്ന കഥകൂടിയാണു്. ശകുന്തളയുടെ യാത്രാസമയത്തു് തോഴിയായ പ്രിയംവദ അവളോടു് ചോദിക്കുകയാണു്:

"ശകുന്തളേ, നീ വനജ്യോൽസ്ന എന്നു വിളിക്കാറുള്ള ഇതിനെ മറന്നുപോയോ?" എന്നു്. അപ്പോഴും ശകുന്തളയുടെ മറുപടിയോ, "എന്നാൽ ഞാൻ എന്നെയും മറന്നുകളയുമെന്നു്." എത്രമാത്രം സ്നേഹസമ്പൂർണ്ണമാണാവാക്കുകൾ. വിശാലമായ വിശ്വപ്രേമത്തിന്റെ മാഹാത്മ്യമല്ലെ അതിൽ സ്ഫുടീകരിച്ചിരിക്കുന്നതു്. ഇങ്ങനെ മനുഷ്യരുംപ്പെടെയുള്ള സമസ്ത സൃഷ്ടികളും സഹോദരത്വേന വിശാലമായ വിശ്വപ്രേമത്തിൽ ലയിച്ചുചേരുന്ന ഒരു പുതിയ ലോകമാണു് നാം ശാകുന്തളത്തിൽ കാണുന്നതു്.

കൊച്ചുലതിക ഡ്രായിംഗ് ക്ലാസ്സിൽ പടം വരയ്ക്കുകയാണു്. ഡ്രായിംഗ് മാസ്റ്റർ ചോദിച്ചു: ലതിക എന്തിന്റെ പടമാണു് വരയ്ക്കുന്നതു്?

ലതിക: ദൈവത്തിന്റെ, സാർ.

മാസ്റ്റർ: പക്ഷെ, ദൈവം എങ്ങനെ ഇരിക്കുമെന്നു് ഇതുവരെ ആർക്കും മനസ്സിലായിട്ടില്ലല്ലൊ?

ലതിക: അതുകൊണ്ടുതന്നെയാണു് ഞാൻ അങ്ങോരുടെ പടം വരയ്ക്കുന്നതു്.

* * *

അസാധാരണമായ ഓർമ്മശക്തിയുള്ള ചില സ്ത്രീജനങ്ങളുണ്ടത്രെ. പക്ഷെ അവർ ഒന്നും മറന്നുപോകുന്നില്ലെന്നതല്ല പ്രധാനം, എല്ലാം ഓർമ്മിച്ചുകളയുന്നുവെന്നതാണു്.

Phone 77 Estd. 1896

ALENGHADEN'S VESSELS HOUSE,

MERCHANTS & MANUFACTURERS OF

STAINLESS STEEL, BELL-METAL, COPPER, BRASS & ALUMINIUM.

TANA & MARKET, IRINJALAKUDA

(KERALA STATE)

JHANKAR RADIOS

WITH MAGNIFICIENT MAGNATONE ARRANGEMENTS

DESIGNED BY R C A OF NEWYORK

HGLC RADIOS

MADE IN COLLABORATION WITH

SABA (WEST GERMANY)

DEALERS:—

THE HINDUSTAN RADIO CO.,

ERNAKULAM.

PHONE { Res: 433 / Shop: 433 A

MODERN FURNITURE STORES,

Manufacturers of

Up-To-Date and Attractive Designs of

Office & Household Furniture,

Catholic Syrian Bank Building, Swaraj Round,

TRICHUR.

ചെറുകഥ.

അണയാത്ത ദീപം.

(പി. കെ. ബാലൻ, P. U. C.)

അറബിക്കടലിൽനിന്നു് തിരമാലകൾ ഉയർന്നു. സഹ്യനിൽനിന്നു കൊടുങ്കാറ്റു വീശി. അങ്ങനെ കേരളത്തിന്റെ അന്തരീക്ഷം ആകെ കറുത്തിരിക്കുന്നു. ചിത്രശലഭങ്ങൾപോലെ പാറിനടന്നുകൊണ്ടിരുന്ന വിദ്യാർത്ഥികൾ ജയിലറകളിൽ അടയ്ക്കപ്പെട്ടു. നാടാകെ പടർന്നുപിടിച്ച ആ വിദ്യാർത്ഥിസമരം നടക്കുന്ന കാലം. നാട്ടിലൂടനീളം പോലീസും പട്ടാളവും നടമാടുന്നു. ചൂരലുകളും ലാത്തികളും ഞെരിയുന്നു. വിദ്യാർത്ഥികളുടെ ദീനരോദനങ്ങൾ വ്യാപിക്കുന്നു.

അല്പം ഭയത്തോടുകൂടിയാണെങ്കിലും ആവേശഭരിതനായിത്തന്നെ ഞാനും സമരത്തിൽ പങ്കുകൊണ്ടു. പലവിധ ചിന്തകളോടെയാണു് ഞാൻ ഹോസ്റ്റലിൽനിന്നും യാത്രയായതു്. കോളേജിൽ എന്നെയും പ്രതീക്ഷിച്ചു് ഒരെഴുത്തു കിടക്കുന്നുണ്ടായിരുന്നു. എന്റെ കൊച്ചു പെങ്ങൾ ലീലയുടേതായിരുന്നു അതു്.

തന്റെ രാഘവേട്ടൻ പഠിച്ചു വലിയൊരാളായിക്കാണാൻ അവൾ ആഗ്രഹിച്ചിരുന്നു. ഞാൻ കോളേജിലേയ്ക്കു പോന്നപ്പോൾ അവൾ ദുഃഖാകുലയായെങ്കിലും എന്റെ ഉയർച്ചയെ സ്വപ്നംകണ്ടുകൊണ്ടിരുന്ന അവൾ അതിൽ സമാധാനപ്പെട്ടു.

"എന്റെ കൊച്ചേട്ടൻ കോളേജിൽ പോകാണല്ലൊ," അവൾ സന്തോഷത്തോടെ കൂട്ടുകാരികളെ അറിയിച്ചു. അതു കേട്ടു് അവരിൽ ചിലർ അവളെ കളിയാക്കി: "ഓ, മതി പെണ്ണേ! ചേട്ടൻ കോളേജിപോകാന്നുവെച്ചു് അധികം തുള്ളണ്ട!"

ഇതു കേൾക്കുമ്പോൾ അധികം വാശിയോടെ അവൾ പറയും "നിങ്ങടെ ചേട്ടൻ പോണുണ്ടോ കോളേജിലു്."

"ഓ, ഇല്ല" ചില തോഴികളുടെ പരിഹാസസ്വരം. ലീല വീണ്ടും പറയും: "ചേട്ടനു് ജോലി കിട്ടുമ്പം എനിക്കു മാല വാങ്ങിത്തരുല്ലോ."

മാല ആരും കാണാത്തതല്ലേ എന്ന മട്ടിൽ തോഴികൾ ഒന്നും മിണ്ടാതെ നില്ക്കും. അപ്പോൾ അവൾ വീണ്ടും പറഞ്ഞുതുടങ്ങും: "ഓ! എന്തു നല്ല മാലയായിരിക്കും അതു്! നിങ്ങളതു കാണാൻ വരുമ്പം ഞാൻ കാട്ടിത്തരുല."

"നിന്റെ ചേട്ടനു് ജോലി കിട്ടീട്ടുവേണ്ടെ മാല വാങ്ങാൻ? ഞങ്ങക്കതു കാണേംവേണ്ട." ഇതു പറഞ്ഞു തോഴികൾ നടന്നുതുടങ്ങും.

അവൾ ഓടി എന്റെ അടുക്കലെത്തും. നൂറായിരം ചോദ്യവർഷങ്ങൾകൊണ്ടു് അവൾ എന്നെ പൊതിയും. "പോയി പാട്ട നോക്കുലീലേ" എന്നെങ്ങാൻ പറഞ്ഞുപോയാൽപ്പിന്നെ വഴക്കായി. കുറച്ചുനേരത്തേയ്ക്കെങ്കിലും ഞങ്ങളുടെ വഴക്കു നീണ്ടുനില്ക്കും. വീണ്ടും അവൾ എന്റെ അടുക്കൽ വരും; ഒരു കൊട്ട ചോദ്യങ്ങളുമായിട്ടുതന്നെ.

"ചേട്ടാ, ചേട്ടൻ പഠിച്ചുകഴിയുമ്പം ജോലി കിട്ടുലെ, ചേട്ടാ." അതാണവളുടെ പ്രധാന ചോദ്യം. കോളേജുവിദ്യാഭ്യാസം കഴിഞ്ഞാൽ തന്റെ രാഘവേട്ടനു് അപ്പോൾത്തന്നെ ജോലി കിട്ടുമെന്നാണവളുടെ വിചാരം. നാട്ടിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെക്കുറിച്ചു് അ

റിയാത്ത അവളോട് എന്താണ് ഉത്തരം പറയേണ്ടതെന്നു ഞാൻ ചിന്തിക്കാറുണ്ട്. പക്ഷേ ഉത്തരം ശരിക്കും കിട്ടാറില്ല. അതിനാൽ അവളുടെ ശല്യത്തിൽനിന്നു തല്ക്കാലം ഒഴിഞ്ഞുകിട്ടുവാൻവേണ്ടി, "ജോലികിട്ടും, ലീലേ" എന്നു മാത്രം പറയും. അവളുടെ മുഖം സന്തോഷംകൊണ്ടു വികസിക്കുകയുംചെയ്യും.

വീണ്ടും അവൾ ചോദ്യത്തിലേയ്ക്കു കടക്കും. "കൊച്ചേട്ടനു ജോലി കിട്ട്യാ....." അവൾ മുഴുവനാക്കിയില്ല.

"ഉം....എന്താ ജോലി കിട്ട്യാ?"

"എനിക്കെന്താ കാര്യം?" അവളുടെ ഒരു സംശയം. ഞാൻ ചിരിച്ചുകൊണ്ടു പറയും: നിനക്കല്ലേ എല്ലാം?"

അവൾക്കാഹ്ലാദമായി. "ചേട്ടൻ എനിക്കൊരു മാല വാങ്ങിത്തരോ?" അവളുടെ ഏറ്റവും വലിയ ആഗ്രഹം! ഞാൻ സമ്മതിച്ചു. അവൾ തുള്ളിച്ചാടി ഒരു ശലഭത്തെപ്പോലെ പറന്നുപോയി.

എനിക്കു കോളേജിൽ പോകേണ്ട ദിവസം അടുത്തുവന്നു. അതോടെ അവളുടെ വേർപാടിലുള്ള ദുഃഖവും കൂടി. അടുത്ത പ്രഭാതത്തിൽ എനിക്കു കോളേജിലേയ്ക്കു പോരണം. രാത്രിയിൽ ഞാൻ ഷർട്ടും മുണ്ടും മറ്റും പെട്ടിയിൽ അടുക്കിവയ്ക്കുകയാണ്. ലീല ഓടിവന്നു ഒരു ഷട്ടെടുത്തു് എന്റെ കയ്യിൽ തരുവാൻ നോക്കി. അതു താഴെ വീണു. ഞാൻ ദേഷ്യപ്പെട്ടു് അവളെ ശകാരിച്ചു. അവൾ ഒന്നും പറഞ്ഞില്ല. വിതുമ്പിവിതുമ്പി പോയി കിടന്നുറങ്ങി.

പിറേന്നു രാവിലെ എന്റെ പുറപ്പാടായി. ലീല നേരത്തേ ഉണർന്നിരിപ്പാണ്. ഞാൻ എല്ലാവരോടും യാത്രപറഞ്ഞു. ഒടുവിൽ ലീലയുടെ അടുത്തുചെന്നു. അവൾ പൊട്ടിക്കരഞ്ഞു. "ലീലേ, ചേട്ടൻ പോട്ടെ?" ഇതുയും പറഞ്ഞപ്പോഴേയ്ക്കും എന്റേയും കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ ഒന്നും പറഞ്ഞില്ല. കണ്ണുനീരോടെ എന്നെയും നോക്കി നില്ക്കുന്നുണ്ടായിരുന്നു. ഞാൻ പെട്ടിയുമെടുത്തു നടന്നു മറഞ്ഞു.

ഇന്നിതാ ആ കൊച്ചു പെങ്ങളുടെ ഒരെഴുത്തു് "കൊച്ചേട്ടനു" വന്നിരിക്കുന്നു. ഞാൻ വെമ്പലോടെ പൊട്ടിച്ചു വായിച്ചു.

"കൊച്ചേട്ടാ, ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും ഞാൻ പേടിക്കുന്നു. എന്റെ കൊച്ചേട്ടൻ ഒന്നിനും പോകരുതേ! അമ്മയും ഞാനും വെസനിച്ചിരിക്കുകയാണ്. ഈ എഴുത്തുകിട്ടിയാലുടൻ വീട്ടിലെത്തണം.

എന്നു് കൊച്ചുപെങ്ങൾ ലീല."

പക്ഷേ ഞാൻ വീട്ടിൽപ്പോയില്ല. വിയ്യൂക്കായിരുന്നു പോയതു്. പന്ത്രണ്ടാംദിവസം ജയിലിൽകിടന്നുകൊണ്ടു് ഞാൻ എന്റെ കൊച്ചു പെങ്ങൾ ലീലയെക്കുറിച്ചോർത്തു. അവൾ എന്നെക്കാണാതെ വ്യസനിച്ചിരിക്കുകയായിരിക്കും. അതോ, എന്നോടു പിണക്കമാണോ? ആ പന്ത്രണ്ടാംദിവസം ഒരു യുഗംപോലെ തോന്നി. അവസാനം ഞങ്ങൾ ജയിൽവിമുക്തരായി. ഹോസ്റ്റലിൽ വന്നു പിറേറാദിവസം രാവിലെതന്നെ ഞാൻ വീട്ടിലേയ്ക്കു പോയി.

വളരെ ആശയോടും ആശങ്കയോടുംകൂടിയാണ് ഞാൻ വീട്ടിലെത്തിയതു്. വീട്ടിൽ എന്തോ ഒരു ദുഃഖച്ഛായ പരന്നിരുന്നു. ഞാൻ പരിഭ്രമത്തോടെ അകത്തേയ്ക്കു കടന്നു. അയ്യോ! ഞാനെങ്ങനെ പറയും! എന്റെ കൊച്ചു ലീല അവിടെ വാടിയ താമരത്തണ്ടുപോലെ കിടക്കുന്നു. അരികിൽ അമ്മയും കരഞ്ഞുവീർത്ത കണ്ണുകളുമായി ഇരിപ്പുണ്ട്. അമ്മ ഗദ്ഗദത്തോടെ വിവരമെല്ലാം പറഞ്ഞു. ഞാൻ ജയിലിലാണെന്നറിഞ്ഞു് ലീല വ്യസനിച്ചെന്നും ഒന്നരമണ്ടലിവസത്തിനകം പനിയും ജ്വരവും തുടങ്ങിയെന്നും ഇന്നിതാ ഈ നിലയിലായിരിക്കുന്നുവെന്നും ഞാൻ കേട്ടു.

ഞാൻ കണ്ണീരോടെ അവളുടെ അരികിലേയ്ക്കു ചെന്നു. അവളുടെ മുഖം വിളറിക്കരിവാളിച്ചിരുന്നു. തൊണ്ടയിടറിക്കൊണ്ടു് ഞാൻ

വിളിച്ചു "ലീലേ...." അല്പം നിശ്ശബ്ദതയ്ക്കുശേഷം ലീലയൊന്നു മൂളി. എന്റെ കൊച്ചു ലീലയെ ആ നിലയിൽ കാണേണ്ടി വന്നല്ലോ എന്നോർത്തു് എന്റെ മനസ്സു നീറി.

പിറേറന്നുതന്നെ എനിക്കു കോളേജിലേയ്ക്കു മടങ്ങേണ്ടിവന്നു. യാത്രപറയാനായി ഞാൻ അവളുടെ കട്ടിലിനരികെ ചെന്നപ്പോൾ അവൾ ക്ലേശത്തോടെ എന്റെ കയ്യുപിടിച്ചു് അല്പ നേരം മുഖത്തേയ്ക്കു നോക്കിക്കിടന്നു. ക്രമേണ കണ്ണുനിറഞ്ഞു. ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടു് പലതും പറഞ്ഞു. അവളെ ആശ്വസിപ്പിച്ചു.

കണ്ണീരണിഞ്ഞ, സ്നേഹമൂറുന്ന, പരവശമെങ്കിലും മനോജ്ഞമായ ആ കണ്ണുകൾ എന്റെ മനസ്സിൽ ജ്വലിച്ചുനിന്നു. പിന്നീടൊരിക്കലും തമ്മിൽ കാണാൻ കഴിയാത്തവിധം ഞങ്ങൾ പിരിയുകയാണെന്നു് ആരറിഞ്ഞു?

ഇന്നതോർക്കുമ്പോൾ എന്റെ ഹൃദയം വെന്തുനീറുകയാണു്. ആലോചിക്കുന്തോറും തീ പടർന്നുപിടിക്കുന്നു. പ്രിയപ്പെട്ട കൊച്ചുലീലേ, മരണസമയത്തു് നിന്റെ കണ്ണുകൾ നിന്റെ കൊച്ചേട്ടനെ നാലുപാടും നോക്കിയിട്ടുണ്ടാകും. സ്നേഹമൂറിനില്ക്കുന്ന നിന്റെ നിഷ്കളങ്കളായ കണ്ണുകൾ! അവ എന്നന്നേയ്ക്കുമായി അടഞ്ഞു. അവിവേകിയായ ഈ ചേട്ടനാണു് അതിനു കാരണമെന്നോർക്കുമ്പോൾ എന്റെ ഹൃദയം പൊടിയുന്നു. എനിക്കു നീയൊരിക്കലും മാപ്പു തരികയില്ലെന്നു ഭയപ്പെടുന്നു. ഞാൻ വീഴ്ത്തുന്ന ഈ കണ്ണുനീർ ഒരിക്കലും തോരാതിരിക്കട്ടെ! ഈ കണ്ണീരിൽ കുളിച്ചെങ്കിലും എന്റെ ദുഃഖം ഒന്നു കുറയട്ടെ!

അവൾ മറഞ്ഞെങ്കിലും, എന്നും എന്റെ ഹൃദയത്തിൽ വേദനിപ്പിക്കുന്ന ഒരു സ്മരണയുടെ പൊൻതിരി അണയാതെ കത്തിനില്ക്കും!

കുറവല്ല!

പുതുതായി പിറന്ന കുട്ടി രാപ്പകലൊരുപോലെ കരയുകയാണു്. അവന്റെ സഹികെട്ട കൊച്ചേട്ടൻ ഒരുദിവസം അമ്മയോടു് ചോദിച്ചു: "ഉണ്ണി സ്വർഗ്ഗത്തിൽനിന്നു വന്നതല്ലെ അമ്മ പറഞ്ഞതു്?"

"അതെ, മോനെ."

"അപ്പോൾ, വെറുതല്ലാ അവിടത്തെ ദേവകൾ ഉണ്ണിയെപ്പിടിച്ചു് പുറത്താക്കിയതു്. എനിക്കവരെ കുറ്റംപറയാൻ തോന്നണില്ല്യ."

* * *

മകൻ: "ഞാനടുത്തവീട്ടിലെ കുട്ടിയുമായി പോയി കളിക്കട്ടെ, അമ്മേ?"

അമ്മ: "വേണ്ട. നിനക്കറിഞ്ഞുകൂടെ എനിക്കവനെ കണ്ടുകൂടെന്നു്?"

മകൻ: "എന്നാൽ ഞാനവനെ നാലിടിയിടിക്കട്ടെ?"



നിംബാ

ആയുർവേദിക് ടോയ്‌ലറ്റ് സോപ്പ്

ത്വഗ്രോഗ ചികിത്സയിൽ
നിദ്ധൗഷധങ്ങളും, ശുദ്ധിചെയ്തവേപ്പെണ്ണ
വരോട്ടി എണ്ണ, രാഗ്വത്തൈലം, തുളസിതൈലം,
ചന്ദനതൈലം, കുതലായ വേൽത്തരുനീരുകളും
ചേർത്തുണ്ടാക്കപ്പെട്ടത്.

എല്ലാത്തരം ചർമ്മരോഗങ്ങൾക്കും
ഏറ്റവും ഫലപ്രദം നിംബയുടെ പരിമളം
സ്നാനാനന്തരം അധികനേരം നിലനില്ക്കും.

LAL PRODUCTS,

ERNAKULAM-I

Balan.B Ph. CHITHRASALA

കലയും ശാസ്ത്രവും.

(എ. വി. ഔസേപ്പ്, II. B. Sc.)

മനുഷ്യനോടൊപ്പം ജനിച്ചതാണ് കലയും ശാസ്ത്രവും. അതു് മനുഷ്യനോടൊത്തു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. "ഭക്ഷണനിർമ്മിതിക്കുവേണ്ടി മനുഷ്യൻ ചെയ്ത, ചെയ്യുകൊണ്ടിരിക്കുന്ന ശ്രമങ്ങളാണ് മനുഷ്യന്റെ ഭൗതിക ചരിത്രം..... ഈ പരിശ്രമത്തിന്നിടയിൽ തല്ലിയും തട്ടത്തും മനുഷ്യർ നേടിയ അനുഭൂതികളെ ക്രമവൽകരിച്ചതാണ് ശാസ്ത്രം." (എൻ. വി. കൃഷ്ണവാരിയർ) മനുഷ്യന്റെ ഓരോ കാൽവെപ്പിലും ശാസ്ത്രം വളർന്നുകൊണ്ടിരിക്കുകയാണ്. 'ഭക്ഷണം' എന്നതുകൊണ്ടു് എൻ. വി. ഒരുപക്ഷേ ഉദ്ദേശിക്കുന്നതു് ജീവിതോപാധികളാ എന്നായിരിക്കാം. പ്രകൃതിയെ നിരീക്ഷിക്കയും ആ നിരീക്ഷണഫലങ്ങളും ജീവിതത്തെ കൂടുതൽ സുഗമമാക്കിത്തീർക്കാനുള്ള ഉപാധികളായി വളർത്തുകയും ചെയ്യുക മനുഷ്യന്റെ ഒരു പ്രത്യേകതയാണ്. അവിടെയാണ് ശാസ്ത്രത്തിന്റെ ഉറവിടം. വെറും ജിജ്ഞാസയാണ് കാര്യകാരണബോധമായി വളരുന്നതു്. വാനനിരീക്ഷണം ആദിമമനുഷ്യൻ തുടങ്ങിയതു് ഈ വെറും ജിജ്ഞാസയാൽ പ്രേരിതനായിട്ടാകാം. നക്ഷത്രങ്ങളുടെ ക്രമീകൃതമായ ചലനരീതിയും ചന്ദ്രന്റെ അനുക്രമമായ വൃദ്ധിയും ക്ഷയവും മനുഷ്യനെ അതിന്റെ കാരണങ്ങളാരായാൻ പ്രേരിപ്പിച്ചു. ഭൂമി ഒരു ഗോളമാണെന്നും, മറ്റു ഗോളങ്ങളും ഭൂമിയും ചില നിശ്ചിതപഥങ്ങളിലൂടെ കറങ്ങിക്കൊണ്ടിരിക്കയാണെന്നും, തന്മൂലം, കണ്ടെത്തി, ഈ കാരണാന്വേഷണം ഒരു ഫലത്തിലെത്തി. കാലത്തെ കൊല്ലങ്ങളും മാസങ്ങളുമായി തിരിക്കുവാൻ പ്രേരിപ്പിച്ചതു് ഈ നിരീക്ഷണമാണ്. മറ്റു ഭൗതികശാസ്ത്രങ്ങളും വളർന്നുവന്നതു് ഈ നിരീക്ഷണപാടവത്തിൽനിന്നാണ്. ഒരു ആപ്പിൾപ്പഴത്തിന്റെ വീഴ്ച ഒരു പുതിയ സിദ്ധാന്തം രൂപവൽക്കരിപ്പാൻ പ്രേരിപ്പിച്ച കഥ സുപ്രസിദ്ധമാണല്ലൊ.

ഈ അന്വേഷണബുദ്ധിയോടൊപ്പം മനുഷ്യനിൽ വേറൊരു കഴിവും ദൃശ്യമാണ്. സൗന്ദര്യബോധമാണതു്. ശാസ്ത്രജ്ഞനെക്കൊണ്ടു് അന്വേഷിപ്പിച്ച ആ ശക്തിവിശേഷത്തിൽനിന്നും ഉലോം വ്യത്യസ്തമാണ് ഈ ബോധം. നിലാവു നിറഞ്ഞ ഒരു രാത്രിയും, നക്ഷത്രങ്ങളണിഞ്ഞ നീലാകാശവും അതിന്റെ കോണിൽ നില്ക്കുന്ന അമ്പിളിക്കലയും ഒരു കലാകാരനിൽ ഉത്തേജിപ്പിക്കുന്ന വികാരങ്ങളും ഒരു പ്രത്യേകവിധമാണ്. അവ, അവയ്ക്കുള്ള കാരണത്തിന്റെ അന്വേഷണത്തിനല്ല അവനെ പ്രേരിപ്പിക്കുന്നതു്. പ്രത്യുത, ആ സൗന്ദര്യം ആസ്വദിച്ചു് ഒരു നിർവൃതിയിൽ ലയിക്കാനാണ് അവനെ പ്രേരിപ്പിക്കുന്നതു്. അങ്ങനെ നിർവൃതിദായകമായി മനുഷ്യനു തോന്നിയ അനുഭവങ്ങളെ സ്വയം നിർമ്മിക്കാനും അവയെ വീണ്ടും ആസ്വദിക്കാനും മനുഷ്യൻ തുടങ്ങി. കലയുടെ ആരംഭം അവിടെയാണ്.

സരളങ്ങളായ കാര്യങ്ങളാണ് മനുഷ്യനു കൂടുതൽ ആഹ്ലാദദായകം. പ്രപഞ്ചം, അതിന്റെ ശരിയായ സ്ഥിതിയിൽ, അതിസങ്കീർണ്ണമാണ്. പക്ഷേ, പ്രപഞ്ചത്തിന്റെ സങ്കീർണ്ണത മുഴുവനും ചില സാധാരണ തത്വങ്ങൾകൊണ്ടുണ്ടാക്കിയതാണ്. ഈ സങ്കീർണ്ണത മനുഷ്യസാധാരണമായ ബുദ്ധിക്കു മനസ്സിലാക്കാൻ വിഷമമുള്ളതത്രേ. അതുകൊണ്ടു് പ്രപഞ്ചത്തെ ഓരോ അടുക്കുകളായി തിരിച്ചു് അതിലെ സാധാരണ തത്വങ്ങളെ കണ്ടെത്തുകയാണ് ശാസ്ത്രം ചെയ്യുന്നതു്. ശാസ്ത്രത്തിന്റെ വഴി അപഗ്രഥനമാണ്. പദാർത്ഥത്തെ അണുക്കളായും, അണുക്കളെ പരമാണുക്കളായും, പരമാണുക്കളെ അവയുടെ അവാന്തരഘടകങ്ങളായും വിഭജിക്കുന്നു ശാസ്ത്രം. ഇവിടെ ലക്ഷ്യം പ്രപഞ്ചത്തിന്റെ അതിരുകൾ കണ്ടെത്തുകയെന്നതത്രേ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ പരിപൂർണ്ണതയെ ദർശിക്കുക എന്നതത്രേ.

കലയുടേയും ലക്ഷ്യം പരിപൂർണ്ണതയാണ്. എന്നാൽ അതിന്റെ വഴി അപഗ്രഥനമല്ലാ ഉൽഗ്രഥനമാണ്. ഉദാഹരണമായി സാഹിത്യമെടുക്കുക. വാക്കുകളെ തിരിച്ചുനിർത്തിയാൽ അവയ്ക്കു പറയത്തക്ക അർത്ഥമൊന്നുമില്ല. ചങ്ങമ്പുഴയുടെ "കാവ്യനർത്തകി"യിൽ നാം കേട്ട പഴകിയിട്ടുള്ള ഏതാനും ലളിതപദങ്ങളാണുള്ളതു്. പക്ഷേ, അവയെ ഒരു പ്രത്യേകവിധത്തിൽ ചിട്ടപ്പെടുത്തിയപ്പോൾ, ഒറ്റയ്ക്കൊറ്റയ്ക്കു നില്ക്കുമ്പോഴില്ലാത്ത, അർത്ഥവും ജീവനും കൈവന്നിരിക്കുന്നു. ചിത്രരചനയും, സംഗീതവും മറ്റും ഇതേരീതിയിൽത്തന്നെ. ഒരു നിശ്ചിതരൂപത്തിൽ കൊള്ളിക്കുമ്പോൾ മാത്രമെ കലയുണ്ടാകുന്നുള്ളൂ. മൂന്നു വരി ചൊല്ലി ഒരു ശ്ലോകം നിർത്തിയാൽ നമുക്കു രസിക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ സംവിധാനഭംഗിയാണ് കല.

ശാസ്ത്രം പൂർണ്ണതയെ അന്വേഷിക്കുകയാണെങ്കിൽ കല പൂർണ്ണതയെ സൃഷ്ടിക്കുന്നു. ശാസ്ത്രം പ്രപഞ്ചത്തിന്റെ അതിരുകളെ അന്വേഷിക്കുമ്പോൾ, കല പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു.

വൈയാകരണന്മാർ സാഹിത്യകാരന്മാരല്ല. ഭൗതികശാസ്ത്രജ്ഞൻ വെളിച്ചത്തെ അപഗ്രഥിക്കുകയും വെള്ളത്തെ ഓക്സിജനും ഹൈഡ്രജനുമായി വേർതിരിക്കുകയും ചെയ്യുമ്പോൾ വൈയാകരണൻ ഭാഷയെ അപഗ്രഥിക്കുന്നു. രണ്ടു കൂട്ടരും ശാസ്ത്രജ്ഞന്മാരാണ്. ഒരു കവിതയുടെ മനോഹാരിത വൈയാകരണന്റെ കണ്ണിൽപ്പെടാതെ പോകാം; എന്നാൽ അതിലെ വ്യാകരണം അയാളുടെ ശ്രദ്ധയുടെ വിഷയമാകുന്നു.

കലയും ശാസ്ത്രവും മനുഷ്യനിർമ്മിതമാണ്. രണ്ടും മനുഷ്യനുവേണ്ടി നിലകൊള്ളുകയുംചെയ്യുന്നു. കല മനുഷ്യനെ രസിപ്പിക്കുന്നു; ശാസ്ത്രം വിജ്ഞാനം നല്കുന്നു. നാടകദർശനത്തിൽനിന്നോ, ഗാനശ്രവണത്തിൽനിന്നോ ആനന്ദത്തിൽക്കവിഞ്ഞൊന്നും നാം പ്രതീക്ഷിക്കുന്നില്ല. കല രസിപ്പിക്കുക മാത്രമല്ല വിജ്ഞാനം നല്കുകയും ചെയ്യാറുണ്ട്. അതു കലാകാരന്റെ ഉന്നവും കഴിവുംപോലെ ഇരിക്കും. രാജ്യചരിത്രങ്ങൾതന്നെ മാറ്റിയെഴുതിക്കാൻ കലാകാരന്മാർക്കു കഴിഞ്ഞിട്ടുണ്ട്. മനുഷ്യനിൽ പുതിയ ആശയങ്ങൾ പകർത്താനും, അവരുടെ പ്രവർത്തനശക്തിയെ ഉത്തേജിപ്പിക്കാനും അവർക്കു കഴിയും. ആദ്യത്തെ ആവശ്യമായ രസിപ്പിക്കൽ നിർവ്വഹിച്ചു കഴിഞ്ഞതിനുശേഷമേ ഇതു നടക്കുകയുള്ളുവെന്നു മാത്രം. മനുഷ്യനെ ആനന്ദിപ്പിക്കുന്ന കല കലയാണ്; ആനന്ദിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന കല ഉത്തമകലയാണ്. ശാസ്ത്രത്തെ നാം സമീപിക്കുന്നതു് അനുദിനജീവിതത്തിനുതകുന്ന ചില ഉപാധികൾക്കുവേണ്ടിയാണ്. ശാസ്ത്രം മനുഷ്യനെ അധികം സ്വാധീനിക്കുന്നതും ആ വഴിക്കാകുന്നു. അവിഭാജ്യമെന്നു കരുതിയിരുന്ന ആറ്റത്തെ വിഭജിക്കാമെന്നും, അതിമഹത്തായ ഒരു ശക്തി അതിൽനിന്നുല്പാദിപ്പിക്കാമെന്നും കണ്ടെത്തിയ "റതർഫോർഡി"ന്റെ ആഹ്ലാദം അദ്വിതീയമായിരുന്നു. ഇലക്ട്രോൺസും പ്രോട്ടോൺസും മറ്റും ചേർന്താണ് ആറ്റം എന്നു് മനസ്സിലാക്കുമ്പോൾ ആ ആഹ്ലാദം ഒരു ചുരുങ്ങിയതോതിൽ നമ്മിലേയ്ക്കും സംക്രമിക്കുന്നു.

ശാസ്ത്രജ്ഞൻ ഒരു കലാകാരനായിരിക്കണമെന്നില്ല; ആയിക്കൂടെന്നുമില്ല. നല്ലൊരു കലാകാരനാകട്ടെ നല്ലൊരു ശാസ്ത്രജ്ഞൻകൂടി ആയിരിക്കണം. കലാകാരനിലെ ശാസ്ത്രജ്ഞന്റെ നിരീക്ഷണവസ്തുക്കൾ ഗ്രഹങ്ങളോ, നക്ഷത്രങ്ങളോ ആയിരിക്കുകയില്ല; മനുഷ്യനും അവന്റെ ജീവിതവുമായിരിക്കും. ജീവിതം അതിന്റെ വ്യത്യസ്തരൂപങ്ങളിൽ പ്രതിബിംബിപ്പിക്കുകയാണ് നല്ലൊരു കലാകാരൻ ചെയ്യുന്നതു്. സമുദായത്തെ നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ "ഷാ" ഇന്നത്തെ 'ഷാ' ആകുമായിരുന്നില്ല. മനസ്സിനെ അപഗ്രഥിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ടോൾസ്റ്റോയിക്ക് "അന്നാകരിനീന" എഴുതി വിജയിക്കാൻ പറ്റുമായിരുന്നില്ല.

കലയുടെ ചിത്രീകരണാവശ്യത്തെ ശാസ്ത്രം വളരെയധികം സഹായിച്ചിട്ടുണ്ട്. ഉദാഹരണമായി ചലച്ചിത്രങ്ങളും ഏറ്റവും ആധുനികമായ സജ്ജീകരണങ്ങളോടുകൂടിയ നാടകവേദിയും നോക്കിയാൽ മതി. അതുപോലെ ശബ്ദലേഖനവിദ്യ, സംഗീതം തുടങ്ങിയ കലകളെ വളരെയേറെ സഹായിച്ചിട്ടുണ്ട്. അച്ചടിവിദ്യ സാഹിത്യത്തെ എത്ര വളർത്തിയിട്ടുണ്ടെന്നുള്ളതു് സുവിദിതമാണല്ലൊ. കലയും ശാസ്ത്രവും കൈകോർത്തുപിടിച്ചാലെ മനുഷ്യപുരോഗതി പൂർണ്ണമായിരിക്കൂ. ഇതു് ഓരോ കലാകാരനും ശാസ്ത്രജ്ഞനും മറക്കാതിരിക്കട്ടെ!

കവിത.

ആദ്യത്തെ രക്തസാക്ഷി.

(പി. നാരായണൻകുട്ടി, II. B. Sc.)

[ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹ സമരകാലത്തു് മഹാത്മജിയോടൊപ്പം നിയമ ലംഘനംചെയ്തു് ജയിൽവാസമനുഷ്ഠിക്കുവാൻ "ഹർബൻസിങ്ങു്" എന്നൊരു വൃദ്ധനും തയ്യാറായി. അദ്ദേഹത്തോടു് ജയിൽ വിട്ടുപോകുവാനായി മഹാത്മജി വിനീതമായി അപേക്ഷിച്ചപ്പോഴും വേണ്ടിവന്നാൽ സ്വദേശീയക്കുവേണ്ടി ജയിലിൽക്കിടന്നു മരിക്കുകയാണു് തനിക്കിഷ്ടമെന്നായിരുന്നു ആ വൃദ്ധ സത്യാഗ്രഹിയുടെ ഉത്തരം. ഗാന്ധിജി അദ്ദേഹത്തിന്റെ മുൻപിൽ തല കുനിച്ചു. ആഗ്രഹിച്ചപോലെതന്നെ ആ ധന്യൻ ജയിലിൽവെച്ചന്തരിച്ചു. അങ്ങനെ ഗാന്ധിജിക്കുപോലും ആരാധ്യനായിത്തീർന്ന ആ ആദ്യത്തെ രക്തസാക്ഷിയുടെ പേർ മിക്കവാറും വിസ്മൃതമായിരിക്കുന്നു.]

സ്വരാജ്യസ്നേഹാലെരിഞ്ഞീടും ചെടവിളക്കായ്
വിരാജിക്കേണ്ടവനാണെങ്കിലും, ഹെർബൻസിങ്ങേ!
സ്വാതന്ത്ര്യചരിത്രത്തിന്നേടകം മറിക്കുമ്പോഴും
സ്നീതാഭിമാനോദ്ദീപ്തമായ്, ഗതനിമേഷമായ്,
തറയും മിഴികളാൽ നോക്കേണ്ടും തവ നാമം,
മറകയാണറിയാതക്ഷികം തങ്ങീടാതെ.
തൽത്യാഗസന്നദ്ധതതൻമുമ്പിൽ വിനീതനായ്
ഗാന്ധിയും തലതാഴ്ത്തീ, സത്യാഗ്രഹയുദ്ധത്തിൽ.
വിദേശമേധാവിതപക്കൊട്ടിലിന്നുള്ളിൽ വെച്ചു
സ്വദേശീയക്കായാദ്യം ജീവനപ്പിച്ചമൂലം,
സ്വസേവനൈൽകൃഷ്ണത്തുൽ ഗാന്ധിദേവനു പോലും
സമാരാധ്യനായ്ത്തീർന്നോ—രാദ്യത്തെ രക്തസാക്ഷേ!
അങ്ങയെ സ്മരിക്കുവാൻപോലുമിങ്ങനഹരാം
ഞങ്ങളെങ്കിലും, ധന്യനങ്ങ,വിസ്മരണീയൻ.

FOR ALL YOUR REQUIREMENTS IN:-

PAPERWARE, STUDENTS & OFFICE
REQUISITES, STATIONERY,
PRINTERS' & BINDERS' REQUISITES

ENQUIRE AT

GENERAL STORES (Reg.)
WARUNNY BUILDINGS
IRINJALAKUDA
(KERALA STATE)

GERVAS JOHN & Co.

PROCESS BLOCK MAKERS

ERNAKULAM.

സൗന്ദര്യബോധം.

(മാത്യൂസ്, ടി. എം. I. B. Sc.)


'സൗന്ദര്യം' എന്ന പദത്തിനു് ഒരു സാവ്വലൗകിക നിർവ്വചനം കൊടുക്കുവാൻ കലാനിരൂപകർ വളരെയധികം ശ്രമിച്ചിട്ടുണ്ടു്. നിരൂപകരുടെ ചാപ്പ്യസ്സു് ഇത്രമാത്രം വിധേയമായിട്ടുള്ള മറെറാരു കായ്മുണ്ടോ എന്നും സംശയമാണു്. വസ്തുക്കളുടെ കലാപരമായ ഏറെറക്കുറച്ചിലുകളും മനസ്സിലാക്കാൻ മേൽപ്പറയും പ്രകാരമുള്ള ചാപ്പുകളും വളരെയധികം സഹായിക്കും. വിവിധതരത്തിലുള്ള വാദഗതികളും സൗന്ദര്യത്തെപ്പററി പൊന്തിവന്നിട്ടുണ്ടു്. ഓരോവാദത്തിലും ഭാഗികമായ ശരിയും തെറെറും നമുക്കു ദർശിക്കുവാൻ സാധിക്കും.

വസന്തത്തിലെ പൂനിലാവിലും താരഗണങ്ങളുടെ ദീപ്തിപ്രചുരിമയിലും മറെറും മതിമറന്നു് കലാകാരൻ ഭാവനാമണ്ഡലത്തിലേക്കുയരുന്നു. തത്സമയം സർവ്വവിധ ദുഃഖങ്ങളിൽനിന്നും വിമുക്തനായി, സച്ചപ്പലോകത്തിൽ അയാളം ചരിക്കുന്നു. അയാളെ ഭാവനാലോകത്തിലേക്കു നയിക്കുന്ന ശക്തിയെ സൗന്ദര്യബോധമെന്നു വിളിക്കാം.

സൗന്ദര്യത്തെപ്പററി ചിന്തിക്കുമ്പോൾ 'വസ്തുപ്രതീതം,' 'ആത്മപ്രതീതം' എന്നീ പദങ്ങളെപ്പററിയുള്ള ചാപ്പുകളും അവസരോചിതമായിരിക്കും. സൗന്ദര്യം വസ്തു ഉൾക്കൊള്ളുന്ന ഒന്നല്ല, പ്രത്യുത മനുഷ്യഹൃദയങ്ങളിൽ കൂടികൊള്ളുന്ന ഒരു ഗുണമാണു്. ഒരു വസ്തുവിനും ഗുണമില്ല. കലാവിമർശകർ താന്താങ്ങളുടെ ഹൃദയങ്ങളെയാണു് വിമർശിക്കുന്നതു്. ഒരു വസ്തു മനുഷ്യഹൃദയത്തിൽ വരുത്തുന്ന വ്യതിയാനമാണു് സൗന്ദര്യത്തിനാസ്പദം. ഇപ്രകാരം പോകുന്നു ആത്മപ്രതീതവാദം. ആത്മപ്രതീതവാദികളും സൗന്ദര്യബോധത്തിന്റെ ഒരു വശം മാത്രമേ ദർശിക്കുന്നുള്ളൂ. മറുവശത്തേക്കു് അവർ കടക്കുന്നില്ല. സൗന്ദര്യം മനുഷ്യഹൃദയങ്ങളും മാത്രം ഉൾക്കൊള്ളുന്ന ഒന്നായിരുന്നെങ്കിൽ എല്ലാ വസ്തുവിലും ഒരുപോലെ സൗന്ദര്യത്തെ ദർശിക്കുവാൻ സാധിക്കുമായിരുന്നു. പക്ഷെ അനുഭവം മറിച്ചാണല്ലൊ. "സൗന്ദര്യത്തിന്റെ അധിഷ്ഠാനം കണ്ടെത്തണമെങ്കിൽ നമ്മുടെ അന്തരംഗങ്ങളിൽ മാത്രം ദത്താവധാനരായിരുന്നാൽപോരാ, ബഹിർലോകത്തിലേക്കു് ദൃഷ്ടികളും വ്യാപരിപ്പിക്കുകയും വേണം." (എം. പി. പോളം)

സൗന്ദര്യബോധത്തെപ്പററി വസ്തുപ്രതീതവാദികളുടെ നിലപാടെന്താണെന്നു നോക്കാം. സൗന്ദര്യം 'വസ്തു' ഉൾക്കൊള്ളുന്ന ഒരു ഗുണമാണു്. സൗന്ദര്യത്തിനു് മനുഷ്യഹൃദയവുമായിയാതൊരു ബന്ധവുമില്ല. കലാവിമർശകർ വസ്തുക്കളും ഉൾക്കൊള്ളുന്ന ഗുണത്തെ ദർശിക്കുകമാത്രമാണു് ചെയ്യുന്നതു്. ഇപ്രകാരമാണു് വസ്തുപ്രതീതവാദികളും സൗന്ദര്യത്തെപ്പററിപ്പറയുന്നതു്. ഈ വാദത്തിനും എതിപ്പുകളുണ്ടു്. ഒരു വസ്തുവിനെപ്പററി ഭിന്നാഭിപ്രായങ്ങളും ഉണ്ടാകുവാൻ കാരണമെന്താണു്? പോപ്പു ജനിച്ച രാജ്യത്തു് ഷേക്സ്പീയറിന്റെ കലാവികൃതികളെ അഭിനന്ദിക്കുന്നതു് ആശ്ചര്യകരമായിരിക്കുന്നുവെന്നു് വോൾട്ടയർ എഴുതുവാൻ കാരണമെന്താണു്? വസ്തുപ്രതീതവാദികളുംക്കും ആത്മപ്രതീതവാദികളുംക്കും ഉള്ള തെറെറു്; അവർക്കു പരസ്പരം ദർശിക്കുവാൻ സാധിക്കുന്നില്ലെന്നതാണു്.

ഭൗതികമണ്ഡലത്തിലേക്കു നമുക്കു കടന്നു നോക്കാം. ഭൗതികതയിൽ മാത്രം സൗന്ദര്യത്തെ ദർശിക്കുന്ന ഒരു കൂട്ടരുണ്ടു്. വസ്തുക്കളുടെ വലിപ്പചെറുപ്പങ്ങളെ ഇക്കൂട്ടർ സൗന്ദര്യമാനദണ്ഡങ്ങളായി സ്വീകരിക്കുന്നു. സുന്ദര വസ്തുക്കളും ചെറുതായിരിക്കും. ട്രൂരേഖാപ്രകൃതി അവയ്ക്കുണ്ടായിരിക്കുകയില്ല. വർണ്ണങ്ങളുടെ നാനാത്വവും ഉണ്ടു്




"ജീവിതഭാരം"

— പി. കെ. കൊച്ചുമൊയ്തീൻ.



"വയലിലേക്കു്."

— ഓബി.



"വെളിച്ചത്തിലേക്കു്."

— വി. കെ. കൊച്ചുമൊയ്തീൻ.

ലതയും അവയിൽ കാണണം. ഇപ്രകാരമുള്ള ഗുണങ്ങളും നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുമ്പോൾ ഉണ്ടാകുന്ന വികാരങ്ങളാണു് സൗന്ദര്യത്തിനാസ്പദമെന്നു് ഇല്ലട്ടർ പറയുന്നു. മുകളിൽ വിവരിച്ചിട്ടുള്ള ഗുണങ്ങളും മാത്രം ഒത്തിണങ്ങിയ ഒരു വസ്തുവിൽ മാത്രമേ സൗന്ദര്യത്തെ ദർശിക്കുവാൻ സാധിക്കുകയുള്ളുവെന്നു് ഇല്ലട്ടർ പറയുമ്പോൾ ഇവരോടു യോജിക്കുവാൻ നമുക്കു സാധിക്കുന്നില്ല. ഒരു പക്ഷേ ഈ ഗുണങ്ങളും ഒത്തിണങ്ങിയ ഒരു വസ്തു സുന്ദരമായിരിക്കുകയില്ല. സാധാരണ നാം കാണാറുള്ള ഒരു പാമ്പാണു് ചേര. മുകളിൽ പറഞ്ഞിരിക്കുന്ന ഗുണങ്ങളും ഏറെക്കുറെ ചേരയിൽ നമുക്കു ദർശിക്കുവാൻ സാധിക്കും. എന്നാൽ ചേരയെ കാണുമ്പോൾതന്നെ വെറുപ്പാണു് നമ്മിൽ ഉളവാകുന്നതു്. ശ്രമത്തിന്റെ അഭാവത്തിൽ സൗന്ദര്യത്തെ ദർശിക്കുവാൻ നമുക്കു സാധിക്കും. കമഴ്ന്നടിച്ചു കിടക്കുന്ന ഒരു സ്ത്രീയുടെ രൂപം കഴിവുള്ളൊരു കലാകാരനാൽ വിരചിതമാകുമ്പോൾ ആകർഷണീയമായിരിക്കും. ഇവിടെ ശ്രമത്തിന്റെ അഭാവം നമുക്കു കാണുവാൻ സാധിക്കും.

അഭൗതികമണ്ഡലത്തിൽ സൗന്ദര്യത്തെ ദർശിക്കുവാൻ ഒരു കൂട്ടർക്കു സാധിക്കുന്നു. ഭൗതികവസ്തുക്കൾ അഭൗതികവാദികളെ ആകർഷിക്കുന്നില്ല. പരമമായ സൗന്ദര്യത്തിന്റെ ഛായയാണു് ഭൗതിക സൗന്ദര്യമെന്നു് ഇല്ലട്ടർ പറയുന്നു. സൗന്ദര്യത്തിനാസ്പദം അതീന്ദ്രിയമണ്ഡലത്തിൽ ഇവർ കാണുന്നു.

വിവിധാവയവങ്ങളുടെ സ്ഥാനച്ചേർച്ചയാണു് സൗന്ദര്യത്തിനാസ്പദമെന്നുള്ള വാദത്തോടു വളരെപ്പേർ യോജിക്കുന്നു. സൗന്ദര്യമുള്ള ഏതുവസ്തുവിലും അവയവങ്ങളുടെ സ്ഥാനച്ചേർച്ചകാണും. ഓരോ അവയവത്തേയും പ്രത്യേകം പ്രത്യേകം നിരീക്ഷിക്കുമ്പോൾ ഒരു പക്ഷേ സൗന്ദര്യം അവയിൽ കണ്ടെന്നു വരികയില്ല. എന്നാൽ അവയെല്ലാം യഥാസ്ഥാനം കൂടിച്ചേരുമ്പോൾ ഒരു പ്രത്യേക സൗന്ദര്യം—അവയവങ്ങൾക്കില്ലാത്ത സൗന്ദര്യം—നമുക്കു കാണുവാൻ സാധിക്കും; ഒരു ചൈതന്യത്തിപ്പൂവിനാൽ നമ്മുടെ ഹൃദയങ്ങൾ ആകർഷിക്കപ്പെടുന്നു. റോസാപുഷ്പത്തെ ഇഷ്ടപ്പെടാത്തവർ വളരെ ചുരുക്കമായിരിക്കും. ഇതിന്റെയൊക്കെ കാരണം ആ പുഷ്പങ്ങളുടെ വിവിധാവയവങ്ങൾ യഥാസ്ഥാനം ചേർന്നിരിക്കുന്നതുകൊണ്ടാണു്. മൃഗങ്ങളിൽവച്ചു് വളരെയധികം ഭംഗിയുള്ള ഒന്നാണല്ലൊ ആന. ആനയുടെ ഓരോ അവയവവും വേർതിരിച്ചു നോക്കിയാൽ അവയിൽ പറയത്തക്ക സൗന്ദര്യം ദർശിക്കുവാൻ സാദ്ധ്യമല്ല. അവയവങ്ങൾ സ്ഥാനാനുസരണം കൂടിച്ചേർന്നിരിക്കുന്നതുകൊണ്ടു് ആനയിൽ നാം സൗന്ദര്യം കാണുന്നു. ആനയുടെ അവയവച്ചേർച്ചയിൽ നിന്നാണല്ലൊ മലയാളത്തിൽ 'ആനച്ചന്തം' എന്നുള്ള പ്രയോഗംതന്നെയുണ്ടായതു്. ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തി ചിലർ വസ്തുക്കളിൽ സൗന്ദര്യം കാണുന്നു. പൂവൻ കോഴിയുടെ ശിരസ്സിനെ അലങ്കരിക്കുന്ന പൂവുകൊണ്ടു് അതിനു് യാതൊരു ഉപയോഗവുമില്ല. എന്നാൽ പൂവൻകോഴിയുടെ സൗന്ദര്യത്തിന്റെ മർമ്മസ്ഥാനം ആ പൂവാണു്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വാദമുഖങ്ങളും സൗന്ദര്യാടിസ്ഥാനത്തിന്റെ വിവിധ ഘടകങ്ങളാണു്. ആന്തരീകവും ബാഹ്യവുമായ പ്രതീതികളും കൂടിച്ചേരുമ്പോൾ സൗന്ദര്യബോധം നമ്മിൽ ഉദയം ചെയ്യുന്നു. ഓരോ മനുഷ്യനും മാനസികമായൊരു ശക്തിവിശേഷമുണ്ടു്. കൂടാതെ മനുഷ്യസത്തയും പ്രപഞ്ച വസ്തുക്കളും

തമ്മിൽ ഏകീഭവിക്കുമ്പോഴാം അനുഭവവുമുണ്ടാകുന്നു. മനുഷ്യനിൽ അടങ്ങിയിരിക്കുന്ന ശക്തിവിശേഷവും അനുഭവവും കൂടിച്ചേരുമ്പോഴാം സൗന്ദര്യബോധമുണ്ടാകുന്നു. അനുഭവവും ശക്തിവിശേഷവും സൗന്ദര്യബോധത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്നുസാരം. സൗന്ദര്യനിരീക്ഷകനിൽ മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളും നമുക്കു കാണുവാൻ സാധിക്കും. ഓരോ വ്യക്തിക്കും വസ്തുക്കളിൽനിന്നു് ലഭിക്കുന്ന അനുഭവത്തിന്റെ തോതനുസരിച്ചു് സൗന്ദര്യ നിരീക്ഷണത്തിലും വ്യത്യാസം കാണും. കൂടാതെ മനുഷ്യനിൽ അടങ്ങിയിരിക്കുന്ന ശക്തിവിശേഷത്തിന്റെ വ്യത്യാസാനുസരണം സൗന്ദര്യ നിരീക്ഷണത്തോതും മാറികൊണ്ടിരിക്കും. ഒരേ വസ്തുവെക്കുറിച്ചു് പല വ്യക്തികൾക്കു് വ്യത്യസ്താനുഭവങ്ങളാം ഉണ്ടാവാനുള്ള കാരണം ഇവിടെ സ്പഷ്ടമാണു്.

കടന്നു ചിന്തിക്കുമ്പോഴാം സൗന്ദര്യവും സത്യവും നന്മയും ഒരു ഗുണത്തിന്റെ വ്യത്യസ്തഭാവങ്ങളാണെന്നു് മനസ്സിലാക്കാം. ഈ മഹാപ്രപഞ്ചം തന്നെ ഈ മൂന്നു ഗുണങ്ങളിൽ അധിഷ്ഠിതമാണു്. വ്യക്തികളുടെ ജീവിതത്തെ നയിക്കുന്നതു് ഈ മൂന്നു ഗുണങ്ങളാണു്. മഹത്തായ ഭാരതീയ ചിന്താഗതിയാണു് ഇവയെപ്പറ്റി കൂടുതൽ വിജ്ഞാനം ലോകത്തിനു പ്രദാനം ചെയ്തതു്.

ഇഷ്ടത്തിനു കാരണം.

ഭ്രാന്താശുപത്രിയിലെ പുതിയ ഡാക്ടരോടു് ഒരു രോഗി പറഞ്ഞു: "നിങ്ങളെ ഞങ്ങൾക്കു് ഇതിനു മുൻപത്തെ ഡാക്ടറേക്കാൾ വലിയ ഇഷ്ടമാണു്. അയാളൊരു വല്ലാത്ത മനുഷ്യനായിരുന്നു."

ഡോക്ടർ: "അതെന്താണങ്ങിനെ പറയുന്നതു്?"

രോഗി: "എന്തോ, എനിക്കറിഞ്ഞുകൂടാ. നിങ്ങളെ കാണുമ്പോഴും നിങ്ങളോടു സംസാരിക്കുമ്പോഴും ഒക്കെ നിങ്ങളും ഞങ്ങളിലൊരാളാണെന്നാണു് ഞങ്ങൾക്കു തോന്നാറുള്ളതു്."

* * *

"ഒരു ശിശു തികഞ്ഞ സ്വാർത്ഥിയാണു്. സ്വന്തം സുഖത്തിലും സംതൃപ്തിയിലുമല്ലാതെ മറ്റൊന്നിലും അതിന്റെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുകയില്ല." ഒരു മനഃശാസ്ത്രവിദഗ്ദ്ധൻ അഭിപ്രായപ്പെടുന്നു.

അപ്പോൾ, നമ്മുടെ ഇടയിൽ "ശൈശവം" കഴിഞ്ഞവരായി എത്ര പേരുണ്ടു്?

THE CATHOLIC SYRIAN BANK LTD.,

ESTD. 1920. H. O. TRICHUR.

BRANCHES:

Chalakudi	Irinjalakuda	Palathode
Chittur	Kandassankadavu	Singanallur
Cochin	Karur	Thoppumpadi
Coimbatore	Kodumudi	Trichur
Ernakulam	Koduvayur	Trippunithura
Erode	Kunnamkulam	Trivandrum
Feroke	Olavakkot	Valanjambalam

SAVINGS BANK A/C.	DEPOSIT RATES
Interest at 3% p. a.	6 Months Fixed Deposit 4¼%
Operation by Cheques	12 ,, ,, ,, 4½%
Maximum withdrawal allowed per week Rs. 1000.	24 ,, ,, ,, 4¾%
	3 Years Fixed Deposit for Rs. 10,000/- & above 5%

ALL TYPES OF BANKING BUSINESS TRANSACTED.

Varghese Kavalakat,
General Manager.

ALWAYS INSIST ON

LABORATORY AND FINE CHEMICALS

ANALYTICAL AND LABORATORY REAGENTS

AMINO-ACIDS, STAINS, DRUGS, VITAMINS ETC.

OF

E. MERCK AND OTHER RENOWNED MAKERS

Directly imported by

S. MATHURADAS & Co.,

Post Box No. 2113,

PRINCESS STREET,

BOMBAY-2.

Gram: **SMATHURCO.** Phone: **30273.**

യാത്ര ചോദിക്കട്ടേ.

(സി. കെ. ബി. പിഷാരടി, P. U. C.)

I

ആനന്ദം നശിക്കുന്നു നിന്നെ വേർപിരിഞ്ഞിട്ട–
മീനവപ്രഭാതത്തിൽ; വന്ദ്യയാം വിദ്യാശാലേ!
പൊങ്ങുന്നില്ലൊച്ച; നിന്നോടെന്തുരചെയ്യേണ്ടു ഞാൻ?
വിങ്ങുന്നു മമഹൃത്തിൽ ദുഃഖവും വിഷാദവും.
ഇടവം കണ്ണുത്തോടേ യാത്ര ചോദിക്കുന്നോരീ–
യടിയന്നനുഗ്രഹം നല്കുനീ മഹാശാലേ!

II

ഓമ്മയിൽത്തള്ളിക്കരേറീടുന്നു, നടാടെ ഞാൻ
വാന്മോദത്താൽ നിന്നെട്ടുരിച്ച സന്ധ്യാകാലം.
പ്രീതിയാൽ പ്രഭാകരനപ്പോഴുമിപ്പോഴും സ–
മ്മോദമോടേ നിൻമേനി തഴുകീടുന്നുണ്ടല്ലൊ.
ജ്ഞാനത്തിൻ പ്രഭാപൂരം സന്തതം വീശീടുന്ന
മാനിനീ! നിന്നെപ്പിരിഞ്ഞെങ്ങിനെ പോകേണ്ടു ഞാൻ?

III

നിത്യസമ്പർക്കംമൂലം നിന്നിലേയ്ക്കുമർന്നു ഞാൻ;
ആദ്യത്തെപ്പകപ്പുകളലിഞ്ഞു നിന്നിൽത്തന്നെ.
സ്നേഹവുമാഹ്ലാദവുമാന്നിതെൻ കരഠം,നിൻെറ
മോഹദായകമായ സൗന്ദര്യം നുകരവേ.
വിട്ടുപോകേണം നിന്നെയെന്നോ ഞാ,നാഹ്ലാദവും–
വിട്ടിഹ? ചിന്തിച്ചീടാൻ ശക്തിയില്ലിവന്നയ്യോ!


IV

എങ്ങിനെ നിന്നെപ്പിരിയേണ്ടുഞാൻ, കലാശാലേ?
എങ്ങിനെപിരിയും ഞാൻ വന്ദ്യരാം ഗുരുക്കളെ?
അജ്ഞാനാന്ധകാരത്തിൻ സാഗരപ്പരപ്പിൽ,സ–
പ്രജ്ഞാഹീനനായ് നീന്തികുഴഞ്ഞേൻ കുറേക്കാലം.
അന്നേരം കരേറ്റി,യെൻ പ്രാണരക്ഷണംചെയ്ത
പുണ്യവാന്മാരാം ഗുരുക്കന്മാരെപ്പിരിയാനോ?

V

പറ്റില്ല സുഖിച്ചീടാൻ വീണ്ടുമേ നിന്നിൽത്തന്നെ;
വിട്ടുപോകുന്നേനിവനെന്നെന്നേയ്ക്കുമായ് നിന്നെ,
ജീവിതാന്ധുവിൻ മറേറയറ്റത്തെത്തുവാനായ്, നീ
നല്കിയ ബലവത്താം തോണിയും സഹായമായ്.
വിജ്ഞരാം ഗുരുക്കളേ! മോഹന നികുഞ്ജമേ!
വന്ദ്യയാം കലാശാലേ! 'യാത്ര ചോദിക്കട്ടേ' ഞാൻ.

कला कुसुम





एक आस्वादन

गुप्तजी की काव्य कला, -पंचवटी के आधार पर।

(Joseph J. Kaithakadupil.)

"पंचवटी" हिन्दी का अमर-कवि और कलाकार श्री मैथिली शरण गुप्तजी की रचना है। राम-भक्त लक्ष्मण के तप, त्याग संयमादि उज्वल गुणों पर प्रकाश डालकर उन्हें आदर्शपुरुष चित्रित करना ही लेखक का उद्देश्य है। वाल्मीकी तुलसी आदि प्राचीन कवि राम के भक्त्यामृत को पीकर स्वयं कृतकृत्य हुए। राम की तीव्र भक्ति-प्रभा में इनकी आखें चका-चौंध-सी गयीं और तभी विविधादर्शों के रंग चढाये, लक्ष्मण के चरित्र के इद्रधनुष पर वे कैसे दृष्टि-पात कर सकें! रामभक्ति की पुण्य जलधारा में लक्ष्मण के अनुपम आदर्श-चरित्र को गुप्तजी ने बहने न दिया। पुराणों के उपेक्षित पात्रों के प्रति गुप्तजी की सहानुभूति अत्यंत महत्वपूर्ण है। समाज में भी उपेक्षित वर्ग के प्रति वे आठ आठ आंसू नहीं रोते, पर वे उन पर दया-वृष्टि कर, उन के शून्य हृदय-तल में मानवीयत्व, सत्विचारादि सतगुणों के फूल विकसाकर उन के हृदय को सुख-शान्ति का नन्दनोद्यान बना देते हैं।

पंचवटी-प्रसंग का वर्णन प्राचीन कवियों ने संक्षेप में करके उसे मानों सुप्त-सा बना रखा है, किन्तु वहाँ, गुप्तजी ने उस प्रसंग को अपनी विद्वत्ता और काव्य-सौंदर्य की संजीवनी देकर सजीव बना रखा है ही। शूर्पणखा-लक्ष्मण-संवाद, सीता की पंचायत आदि वर्णन कितने रसीले और मनोमोहक न हुए! गुप्तजी ने इस छोटे प्रसंग की मार्मिकता महसूस की है। ऐतिहासिक सत्य को अक्षुण्ण रखते हुए भी गुप्तजी ने अपनी तीखी प्रतिभा से इस काव्य की कथा-वस्तु में कुछ परिवर्तन किये हैं। अपनी सुन्दर कल्पना और उत्कृष्ट कवित्व-शक्ति का, कलात्मक रूप से, विविध मोहक रंग चढाकर इस प्राचीन कथा-वस्तु को उन्होंने अत्यंत आकर्षक और नवीन बनाया है।

गुप्तजी के काव्यों की सरसता स्वयं, कविता के हर वाक्य में गुप्त रहती है। अगर हम अपनी विद्वत्ता की खूबी से उन काव्यों के हर भावों को विश्लेषण करें तो उन के सजीव और ओजपूर्ण गुप्त काव्यत्व अपनी सहृदयता की दूरबीन से देखकर उन का आस्वादन

कर सकेंगे। जहाँ उन की भावनायें सरस रहेंगी वहाँ उन की भाषा भी स्वयमपि सरस और ओजपूर्ण होना स्वाभाविक है। उन के काव्य की कथा-वस्तु जो भी हो, वे उस में, आधुनिक शान्तिपूर्ण विचारों के साथ ही साथ राष्ट्रीयता की भी झलक दिखायेंगे। हाँ, वे निस्सन्देह राष्ट्रकवि भी हैं। तर्कयुक्त गंभीर भावों के लिये उन की भाषा भी अति गंभीर रहेगी। अपनी सुन्दर भावनाओं के प्रबल तागे में, जब वे विविधालंकारों और कोमल शब्दों के मनोमोहक फूलों से काव्य-माला बनाकर उन्हें सरस्वती का पदार्पण करते हैं तब सहृदय पाठक हर्षोन्मेष से पुलकित हुए बिना न रह सकते हैं। ऐसे, गुप्तजी का काव्य-सौन्दर्य किस कला-प्रेमी के हृदय को आनन्द के झूले में झुलायेगा नहीं?

यह तो स्पष्ट विदित है कि लक्ष्मण के महान गुणों का महत्व पदर्शित करने के लिये "पंचवटी" लिखी गयी है। वाल्मीकी, तुलसी आदि ने लक्ष्मण के साथ ही नहीं, किन्तु पंचवटी-प्रसंग तक का ही मानों अवहेलना की है। पंचवटी-प्रसंग का, राम-कथा में अपना स्थान अवश्य है। पंचवटी में राम-सीता-लक्ष्मण का पवित्र जीवन, शूर्पणखा-पराभव से सीता-हरण, इस के फलस्वरूप रावणादि राक्षसों का संहार, — क्या ये घटनायें कम महत्व की हैं? गुप्तजी ने अपनी भावुकता के मुकुर में पंचवटी-प्रसंग की महानता देखी और अपनी कल्पना के सुन्दर ढाँचे में ढालकर तथा कला के मोहक रंग भी देकर अपने इस पंचवटी काव्य को अत्यंत आकर्षक बनाया है। ऐतिहासिक सत्यों के साथ ही साथ इस में लोक सत्यों का भी चित्रण करने में वे विमुख रहे नहीं।

इस काव्य की कथावस्तु बहुत ही छोटी है। स्वार्थी कैकेयी की प्रेरणा से, पिता की प्रण-पूर्ति के लिये, — राम, सीता और लक्ष्मण के साथ चौदह वर्ष के वन-वास के लिये पंचवटी में आये। वहाँ — उस मोहन प्रकृति की गोद में, गोदावरी के तट पर ही एक पर्णशाला बनाकर तीनों वहीं रहे। उस कुटी के ही सामने एक स्वच्छ शिला पर धीर, वीर, धनुर्धारी लक्ष्मण निर्भीत होकर रात-दिन पहरा दे रहा है। प्रकृति की रमणीयता, भरत के त्यागी बनने पर कैकेयी की दयनीयता, भाई और भाभी के साथ उस का आनन्दपूर्ण जीवन आदि पर लक्ष्मण सोच रहा है। अयोध्या में अपनी प्रिय पत्नी ऊर्मिला और माताओं को भी वह भूला नहीं। ऐसे विचार-मग्न-लक्ष्मण के पास, चांदनी रात में शूर्पणखा एक सुन्दर रमणी का वेष धारण कर आती है और लक्ष्मण पर मुग्ध होकर उस से विवाह का प्रस्ताव करती है। किन्तु लक्ष्मण अपने को सपत्नीक कह कर उस के प्रस्ताव को अस्वीकृत करता है। राम से भी वह यही प्रस्ताव करती है और जब उन्होंने उसकी

प्रार्थना स्वीकार नहीं करते तभी वह विकराल राक्षसी का ही रूप धारण कर राम-लक्ष्मण-सीता को धमकी देती है। किन्तु तुरंत लक्ष्मण तलवार लेकर शूर्पणखा के नाक-कान काट डालता है। वह कोलाहल मचाती हुई वहां से भाग गयी। राम और लक्ष्मण, भयभीत सीता को सान्त्वना देते ही रहे। थोडी देर में वहाँ प्रसन्नता छा गयी और पौधों को पानी देने वाले सीता-लक्ष्मण के भ्रातृ-भाव पर मुग्ध हो राम उन पर पुष्पवृष्टि भी करते हैं। यही इस "पंचवटी" का कथानक है। इतना संक्षिप्त होने पर भी गुप्तजी ने अपनी उत्कृष्ट कवित्व-शक्ति से इस काव्य को अधिक रोचक बना दिया है।

इस में सन्देह नहीं कि गुप्तजी क्रान्तिकारी हैं। वे इतने क्रान्तिकारी हैं कि जब तक हिन्दी साहित्य रहेगा तब तक उनका नाम हिन्दी प्रेमियों के हृदय-पट में जग-मगाता चित्र-सा अंकित रहेगा। व्रज भाषा से मुक्त शुद्ध और परिमार्जित खडी बोली के आदर्श रूप को साहित्य-जगत में लाने का, गुप्तजी ने सराहनीय यत्न किये और संस्कृत-की-सी कोमल पदावली से खडीबोली को भी सर्वप्रिय बना रखा है। इन की ज्यादातर कविता-वस्तु प्राचीन है तो भी गुप्तजी ने उन्हीं में क्रान्तिकारी आधुनिक विचारों को यथेष्ट बहने दिया है। बहुत कम कवियों ने ही अपनी रचनाओं में राष्ट्रीयता को आने दिया है, किन्तु स्वयं क्रांतिकारी होने से अपने भाव, विचार, भाषा और शैली में भी गुप्तजी ने क्रान्ति की है और कर भी रहे हैं। प्रत्येक युग की छाप इन की रचनाओं में अवश्य रहेगी। इस समस्या-भरे संसार में सुख-शान्ति के सुनहले स्वप्न देखकर उन्हीं में वे भूले रहते नहीं, पर सब को अपने विशाल और ऊँचे हृदय से, आपसी प्रेम की अमृत धारा बहा देकर आधुनिक गरम संघर्षों को शांत-शीतल बनाने का यत्न भी करते हैं। वे अभी अपने साहित्य और युग का ही प्रतिनिधि कवि हैं।

काव्योचित सौन्दर्य देने के लिये गुप्तजी पंचवटी-प्रसंग में, (रामायण से) कई परिवर्तन लाये हैं। इसकी कथा चांदनी रात से ही प्रारंभ होती है। कवि की दृष्टि में, शायद दिन में प्रकृति का उतना सौन्दर्य न हो जितना चांदनी रात में। सस्यश्यामला प्रकृति, स्फटिक-जल-तरंग, श्वेत बालूका नदी-तट, निरभ्र आकाश और क्या २ नहीं प्रकृति में, सब की, चांदनी रात शोभा बढाती होगी। ऐसी चांदनी रात में धनुर्धारी लक्ष्मण अनेक प्रकार की बातें सोच रहा है; त्यागी लक्ष्मण को सांसारिक समस्याओं पर सोच क्यों हो? आधुनिक युग के प्रतिनिधि कवि की हौसियत पर, युग की मांग को पूरा करना, — आधुनिक समस्याओं का हल ढूँढना, गुप्तजी का कर्तव्य है, शायद इसलिये ही

लक्ष्मण के मुँह से कवि अपना शान्ति-संदेश जन समाज को देते होंगे। हाँ, निस्सन्देह गुप्तजी ने इस पंचवटी में आज की अनेक गरम २ समस्याओं का हल ढूँढ निकाला है। वे हमारी प्रगति के पथ पर मार्गदर्शक ही अवश्य रहेंगे।

राक्षसी शूर्पणखा को अनुपम और अलौकिक वेश देकर गुप्तजी ने उसे एक लावण्यवती का रूप दिया है। उस के राक्षसी होने का भेद यहाँ प्रकट ही नहीं किया है। अगर उस के राक्षसीय कराल रूप और वेश का चित्रण करते तो पंचवटी की भाषा भी जटिल और क्लिष्ट होती; किन्तु गुप्तजी अपने काव्य में सौन्दर्य और ओज चाहते हैं। भावों का स्पष्टीकरण भी केवल सुन्दर और ओज पूर्ण भाषा से संभव हो सकता है। यही कारण होगा कि उन्होंने शूर्पणखा को सुन्दरी चित्रित किया है।

मानवीय भावों में गुप्तजी प्रेम को ही अधिक महत्व देते हैं। ऐसा प्रेम-भाव संसार में शान्ति और सुख ला सकता है। प्रेम के निर्मल और नैसर्गिक प्रवाह में शीतलता का होना स्वाभाविक है। इस काव्य में शूर्पणखा राम-लक्ष्मण से एक सहृदय और साधारण-मानव-रमणी-सी प्रेम का प्रस्ताव करती है। उस के राक्षसी होने की बात यहां कहते तो, प्रेम का इतना कलापूर्ण और स्वाभाविक चित्रण न हो सकता! शूर्पणखा के रूप-सौन्दर्य के जैसे ही उस के भावों में भी कोमलता लायी गयी है। पंचवटी-प्रसंग और लक्ष्मण का ही महत्व दिखाना यद्यपि कवि का उद्देश्य है तो भी राम के महत्व को उन्होंने कम किया नहीं। लक्ष्मण से तिरस्कृत होने पर भी शूर्पणखा राम की सहृदयता और कोमलता अपने अनुभव से जान उन से भी विवाह का — प्रेम का — वही प्रस्ताव करती है। ऐसे, शूर्पणखा के राक्षसी होने की बात न कह, सुन्दरी चित्रित करने से "पंचवटी" में राम-लक्ष्मण के साथ ही भाषा और भावों का भी महत्व बढ गया है।

चरित्र-चित्रण में भी गुप्तजी ने विजय पायी है। 'पंचवटी' का नायक लक्ष्मण है। सीता-राम के कथन, शूर्पणखा-लक्ष्मण-संवाद आदि द्वारा ही गुप्तजी ने इन का चरित्र-चित्रण किया है। इस में लक्ष्मण धीर, वीर और निर्भीक-मना है। कुसुमायुध-धारी कामदेव के जैसे अत्यंत सुन्दर है। वे संयमी और इंद्रिय-जती भी हैं। सब कहीं उन्हें स्वजनों की चिन्ता है। प्रकृति-सौन्दर्य पर वे इतने मुग्ध हैं कि उस की चिंता में क्षण भर के लिये वे अपने को भूल भी जाते हैं। उन का विचार है कि, कष्ट-कटकों में अगर जीवन-कुसुम विकसे तो उस की गौरव-गंध उतनी ही बढी चढी होगी। लोकोपकार के लिये अपना सर्वस्व त्यागने को वे तैयार हैं। तर्क, व्यंग्य और विनोद में भी वे कम समर्थ नहीं। विधि

की ज़रा भी परवाह न कर पुरुषार्थ से (धीरता से) काम करनेवाले हैं वे। ऐसे, सुलक्षण लक्ष्मण अपने महान गुणों से पंचवटी में शोभित हैं।

पंचवटी में रामायण के जैसे राम अति मानव नहीं, किन्तु पितृ-भक्त, भ्रातृ-प्रेमी एक-पत्नीव्रतधारी, और मधुर-भाषी के रूप में वे पंचवटी में आते हैं। अपनी वंश-रीति के अनुसार पिता की प्रण-पूर्ति के लिये राम ने अपनी सारी भौतिक संपत्ति छोडकर वन-वास किया। वे राजत्व से प्रसन्न और वन-वास से दुःखी भी न होते। वे दूसरों को अपने दुःखों में भाग लेने न देते; इसलिये ही वे पहले लक्ष्मण को अपने साथ वन आने से रोकते हैं। वन-वास के समय भी वे श्री-संपन्न हैं। अपने राजत्व से राम जहाँ जायें वहाँ वे राज करेंगें। वन के राम-राज्य में पशु-पक्षी, सब सुख से जीवन बिताते नहीं क्या? निशाचरी राक्षसी शूर्पणखा तक राम की सहृदयता और मधुरवाणी से मोहित हो गयी। अपने साथ सुख-दुःख भोगनेवाले सीता-लक्ष्मण पर उन का कैसा स्नेह है। हाँ, गुप्तजी का राम लौकिक है तो भी उन के प्रेमादि दिव्य भावों से उन की अलौकिकता भी स्पष्ट झलकती है।

गुप्तजी के स्त्री-पात्र भी आदर्श-युक्त है। राज्य को छोड सीता अपने प्रिय पति और प्राणानुज के साथ वन आयी है। अपने पति के साथ वन में भी वह संतुष्ट है। प्रेम, ममता, सहानुभूति आदि सब मानवीय सतगुण उस में मौजूद हैं। वन के पशु-पक्षियों को भी वह अपनी संतान मानकर खिलाती है। उस की सुन्दरता उषा से भी बढकर है। स्त्री-सहज सरलता सीता को मानों आभूहण है। पति-सेवा ही उस के लिये जीवन में अमूल्य संपत्ति है। पंचवटी में गुप्तजी की शूर्पधखा प्रेम, सहृदयता आदि मानवीय गुणों से श्रीसंपन्न है। वार्तालाप में इस की चतुराई और तर्क-कुशलता अधिक सराहनीय हुई हैं।


पंचवटी का प्रकृति-चित्रण भी अत्यंत महत्व-पूर्ण है। गुप्तजी के पंचवटी-काव्य की कथा रात के तीसरे पहर से प्रातःकाल तक हो जाती है। रात में चांदनी छिडकती है (पद्य-न. १) जल-तट में चंद्र की चारु किरणें खेल रही हैं। शीतलता पाकर हरित तृणाग्र अपनी खुशी प्रकट करते हैं। मंदानिल में तरु-लताएँ भी डवां डोल होती हैं। जब सुबह होने लगता है तभी भूमि पर बिखरी मोती-रूपी ओस-बिन्दुओं को रवि अपने किरण-हाथों से बटोर लेता है और वह अपनी, विश्राम देनेवाली संध्या को भेट के तौर पर देता है। संध्या

देवी उन रत्न-रूपी नक्षत्रों से माला बनाकर नीलाकाश के अपने श्याम शरीर में पहन लेती है। कितना सजीव प्रकृति-चित्रण है वह। तुहिन कणों से हमारे साथ प्रकृति का रोना और हंसना भी अधिक सुचारु हुए हैं। प्रकृति के रंग-मंज पर, प्रपंच का नाटक, हवा से तरू-लताओं का और पत्रों का नाचना, रागालाप के लिये पक्षी और निर्झरिणियों का कल-गान साथ ही लहरों से गोदावरी नदी का ताल-लय भी कितने ओजस्वी चित्रण हैं! ऐसे इसका प्रकृति-चित्रण मनोमुग्धकारी हुआ है।

आधुनिक युग के प्रतिनिधि कवि होने के कारण उन की कृतियों में भी आधुनिकता की छाप होना स्वाभाविक है। गुप्तजी ने प्राचीन चरित्रों में नवीन आदर्शों को भर कर उन्हें वर्तमान युग का ही बना लेने का सराहनीय यत्न किया है। वे 'स्वावलंबन' के पक्षपाती हैं। अत: कवि यहाँ कहते हैं कि सब को — चाहे वे धनी हों या गरीब — अपने काम करने में हिचकना न चाहिये। देखिये, पंचवटी की सीताजी राजरानी होने पर भी अपने हाथों 'खुरपी लेकर खेत निराती' है। वे कहते हैं कि यह सुम्राटों का युग नहीं, प्रजातंत्र-युग है — सब अपने में काम में स्वतंत्र हैं। 'मनुष्यता सुरत्व की जननी है; इसलिये, जो मनुष्यता से काम करता है वह देव भी बन सकता है। मनुष्य सब सह सकते हैं, किन्तु 'पतित को पशु कहना कभी नहीं सह सकते' हर व्यक्ति को व्यापक प्रेम-भाव का बर्ताव करना चाहिये। शहर में जिन पशु-पक्षियों को हम पिंजडों में बन्द कर रखते हैं वैसे पशु-पक्षि स्वतन्त्रता से भाभी सीताजी से हिल-मिल सानन्द पंचवटी में रहते हैं। कैसा महान भ्रातृ-भाव है! राम-राज्य में — शान्ति और प्रेम द्वारा ऐश्वर्य-पूर्ण उस लोक में, — क्या सिंह और क्या मृग, 'सब एक घाट पर आकर पानी पीकर सुख पूर्वक जीते हैं'। कैसी शान्ति, कैसा स्नेह — संसार में इन दोनों का मंगलोदय नहीं होगा क्या? वहाँ एच वम नहीं, स्पुटनिक नहीं, सब कहीं प्रेम-भाव और ऐक्य-भाव!

आज के इन कृत्रिम सुखभोगों पर गुप्तजी का मन नहीं लगता। देखिये, — पंचवटी में बिजली के पंखों की आवश्यकता नहीं। वहाँ सुगन्धमयी मन्दानिल है न? कृत्रिम "टीन-फूड"! क्यों? पंचवटी में अकृत्रिम, — कंद, मूल, फल, मधु, निर्मल जल और क्या २ नहीं, सब स्वादिष्ट भोजन और पेय हैं। प्रकृति ही स्वयं विभव-संपन्न है न? फिर प्रकृति से अति दूर नगर और अट्टालिका, किसलिए? — वहाँ है असंतोष, — धन में

और स्थान-महिमा में; "मन प्रसाद चाहिये केवल" तो फिर 'क्या कुटीर और क्या प्रसाद'! इस वन में भी भाभी सीता का आहलाद अतुल्य है; किन्तु महल में — अयोध्या में कैकेयी की अवस्था तो क्या, वह दुखाग्नि में मानों जल मर रही है। इस समस्या-भरे संसार में हमें बाधाओं का धीरता से सामना करना चाहिये 'जिस से बाधा-बोध न हो' और साथ ही 'सहन-शक्ति भी हाथ आये'। ऐसे, सहन-शक्ति होने से, अगर आगे हमें 'बाधायें न भी रहें' तो भी प्रतिरोधन-शक्ति हम में स्थायी रहेगी। इस प्रकार विश्लेषण कर देखें तो गुप्तजी ने "पंचवटी" में किस समस्या का हल देखा नहीं!! संक्षेप में गुप्तजी ने पंचवटी द्वारा गागर में सागर भर दिया है।



कहानी

किस्मत का खेल।

(V. O. Varghese, I B. Com. (93)


सुबह का करीब करीब छः बज रहा था। रोशनी, छिप-छिपकर एक नववधु जैसे, वृक्षलताओं के पीछे से आ रही थी। उस समय 'पोरणूर' स्टेशन पर एक रेलगाडी आ खडी हो गयी।

मजीद उसी स्टेशन पर उतरा। एक हाथ में अपना 'बाग' लिए हुए वह बाहर आया। उसको एक दूसरी गाडी में सवार करना था। इसलिए उसने जल्दी एक चाय पी और अपने हाथ-पाँव धोकर, फिर दूसरी गाडी में आ बैठा। धीरे धीरे गाडी निकलने लगी।

प्रभात-सूर्य की लाल किरणें उसपर पड रही थीं। सूरज की वह लालिमा देखकर उसको ऐसा लगा मानों सूरज उससे पूछ रहा है :— "क्या तुम्हारी राजनी के गाल इतने लाल हैं?" आहिस्ता आहिस्ता उसकी निगाह में, मुस्कुराती हुई अपनी प्यारी 'सखीना' का मोहन-रूप नृत्य करने लगा। उसकी प्रेमपूर्ण आँखें, प्रभात-सूर्य की सी लालिमा भरे कोमल गाल और होंठों पर की मधुर मुस्कान, सब चित्र-पट-से उसके सामने आ गये। गाडी तेज़ी से चलती रही। झट एक दूसरा दृश्य उसके मन में आया, देखता क्या है,— सखीना की आँखों में आनन्द के बदले आँसू भर आये और अधरों की वह मनोमोहक मधुर मुस्कान भी नहीं। गदगद-भरी आवाज़ में वह कहती है, — "प्यारे, पैसे कमाकर जल्दी आना"। कैसी अभिलाषा, कैसा माधुर्य है उन वचनों में, भूलाया नहीं जाता।

"ज़रूर, ज़रूर," मजीद ने कहा, "तुम्हें यहीं छोडकर मैं कहाँ जा सकता हूँ? मेरा सब कुछ, तेरे लिए है, न?" — वर्षों पहले उसने कहा था। मधुर स्मृति अभी उसे रोमांचित करती है। इन सब के हुए अब तीन साल हो गये।

मजीद ने सोचा, कासीं हाजी, — सखीना के पिता — ने अपने गंभीर स्वर में कहा था — "मैं अपनी बेटी को उसे दूँगा, जिसके पास पैसे हों"। पैसे! कासींहाजी, वह कौन हो? धनी! मैं कैसा! जेब में हैं, अभी पैसे, किन्तु .....



"സപരരാഗസുധ."

— ഓബി.

"സഖികൾ."

— പി. കെ. കൊമ്മുമൊയ്തീൻ.





"നിശ്ചലരംഗം."

— എ. ജെ. ജോസ്.



"നിഴലും നിലാവും."

— ഒബി.

यात्रा में वह चिन्तित है। इतने में एक बच्चे के चिल्लाने की आवाज़ उसे जगाया। गाडी एक स्टेशन पर खडी थी। कुछ आ रहे थे, और कुछ जा भी। किसी ने बाहर देखा और कहा — "यह तो 'वटक्कांचेरी' स्टेशन है"।

गाडी अभी-अभी जानेवाली थी। दरवाजे के पास एक आदमी, खडा होकर, एक 'बीडी' पी रहा था। उसने, अंतिम बार, बहुत यत्न से वह पीकर उसका टुकटा खिडकी से बाहर फेंका और बैठने लगा तो कहीं जगह नहीं। दूसरी ओर मुडा तो उसने देखा कि अपना पुराना दोस्त, मजीद वहीं बैठा है और अचरज में उसने पूछा — "बापरे! तुम यहाँ कैसे? किधर जाते हो?"

"घर" — मजीद बोला।

"किधर छिपे रहे, तुम इतने दिन?" — हुसैन ने पूछा।

"मद्रास में था, भाई साहब; वहां एक काम मिला भी"।

"बहुत कमाया है, न?"

"क्या कमाना, भाई? ..... है कुछ"। मजीद ने जवाब दिया।

"तो फिर बात ही क्या? पहले शादी करना, फिर बडे साहब और मेम बनकर ....."

"मज़ाक न उडाओ, जी" — मजीद ने बात काटकर कहा, और पूछा — "क्या तुम आजकल घर जाया करते हो?"

"जी हाँ, पिछले हफ्ते में भी"।

"कैसी है मेरी, ... की हालत?" — मजीद ने पूछा।

"अच्छी है; मुझसे पिछले हफ्ते में भी बोली, तुम्हारे रहन-सहन के बारे में"।

"और कासीं हाजी ....."

यकायक हुसैन बोला — "अच्छा, वह तो बडा साहब बन गया है"।

फिर कुछ देर के लिए दोनों चुप रहे।

"मेरी प्यारी सकीना की क्या हालत होगी" — मजीद विचार कर रहा था।

गाडी बहुत तेजी से दौड रही थी। बेचारी क्या जानती थी, मनुष्य की चिंताएँ! अवस्थाएँ!!

मजीद ने पुकारा — "हुसैन"। परंतु उसको सकीने की बात पूछने में हिचक हुई।

"क्यों चुप हो? किसका हाल जानना, तुमको? मुझे मालूम; डरो मत, तुम्हारी सजनी को किसी ने छीन तो न लिया है"। हुसैन ने व्यंग्य-भरे शब्दों में कहा। मजीद वैसे ही चिंतामग्न रहा।

खडे-खडे हुसैन ऊब गया था तभी तक। उसने चारों तरफ देखा और पास ही देखी एक पेटी। "यह किसकी होगी? लोहे की बनाई हुई अच्छी पेटी है" — हुसैन ने मन ही मन कहा। कमरे के कोने में कोट-पतलून पहने एक आदमी बैठा था, उसकी होगी, शायद। जो भी हो, वह उस पेटी पर बैठा।

अगले स्टेशन पर उस कमरे के अधिक लोग उतरे; वह कोट-पतलूनवाला भी! अब हुसैन अपने दोस्त के पास आ बैठा और बोला — "अच्छी पेटी है, किसकी होगी?"। मजीद की दृष्टि भी उसपर पडी। जब गाडी अगले स्टेशन पहुँची, तो गाडी में चवे चार आदमी भी उतरे। वहाँ कुछ नये यात्री आये।

हुसैन ने सोचा कि किसी ने भूलकर छोडी हो, यह पेटी। वह सावधान हुआ। "हे भगवान! इसके अन्दर दस हज़ार रूपये हो ..... न .... न ..... कुछ सोने भी .....; सकीना तुम भाग्यशाली हो।" — मजीद सोच रहा था। दोनों अगले स्टेशन पर उतरे। हुसैन ने वह पेटी भी ली थी। दोनों ने सोचा कि किसी लाडज (lodge) का एक कमरा किराये पर ले और देखें, उसके अन्दर क्या है। हुसैन ने रास्ते में मजीद से कहा — "भारी लगती है, यह"। खुशी से दोनों आगे चले।

शाम का वक्त था। सूरज की शोभा मन-मोहक प्रतीत होती थी। हुसैन और मजीद चलते ही रहे। धीरे धीरे अंधकार छा गया। प्रकृति मौन थी, किंतु दोनों जागृत हैं।


आधी रात का वक्त! दोनों ने पेटी खोली। बिजली की रोशनी में उन्होंने साफ-साफ देखा। क्या??? — बापरे!!! नन्हे बच्चे का मुर्दा शरीर! देखने से ऐसा लगता है, कि किसी ने गले दबाकर उसे मारा हो।

धीरे से दोनों ने आपस में पूछा — "क्या करें?"

अब मजीद को एक युक्ति सुझी। उसने जेब में हाथ डाला तो देखा कि जेब ही वहाँ नहीं। उसे पैसे के साथ कोई काट ले गया था। उसे संसार चक्कर काटता-सा मालूम पडा।

उसके मन में रोती हुई सकीना, उसके बाप की लाल आँखें, पैसे, माँ-बाप, सब एक-साथ-आ-गये और ऐसा लगा कि सिर पर भूत सवार हो रहा हो। 'हा, मेरे जीवन-धन!, प्यारी!!, वह कह-रहा था। संसार, तुम ऐसे धोखे बाज हो? निर्दयी हो? मेरी सकीना!!' — वह पागल हो गया, न .... न, — हे, बेहोश!!!

"अल्लाहो ....." वह नीचे गिर पडा। वह आवाज़ उस लाडज (lodge) के सारे कमरों में गूँज उठी — "अल्लाहो ...."।



ऐक्य राष्ट्रसभा और विश्वशान्ति।

(Sreedharan S. Menon, I B. Sc.)

संसार शीघ्र गति से प्रगति की ओर बढता जा रहा है। शिला-युग और लोह-युग को पीछे कर हम आज 'आंतर मौगोलिक मारफा युध-युग' में प्रवेश कर चुके हैं। अमरिका के 'आलफा-तीटा-पैनीर' और रूस के 'स्पुटनिक' आदि बाह्याकाश में अनुक्षण, प्रतिक्षण कर रहे हैं। यह देख तारा-गण मानों चकित से हो गये हैं। विज्ञान में, संसार अधिक उन्नति कर चुका, पर यह विश्व शांति के लिये किस हद तक सहायक हो, यह देख-समझने की बात है।

लोक-राष्ट्र आज दो मुख्य मार्गों में बंट गये हैं। एक तरफ पूंजी पतित्व में पूरा-पूरा विश्वास रखनेवाला अमेरिकन ब्लॉक और दूसरी तरफ साम्यवाद में अपने सब कुछ को न्योछावर करनेवाला रूस। अभी हाल, इन दोनों को एकता की डोरी में बांधने के लिये, शांति का संदेश लेकर संसार के कोने कोने में चलते फिरने वाला भारत और उसके साथ करनेवाला, बाँदूँग शक्ति। ये विभिन्न आदर्श रखनेवाले तीनों राष्ट्र अन्तरदेशीय संघर्ष के निवारण के लिये यु: एन: ओ: में सम्मिलित होना साधारण है। संसार को युद्ध के मुँह तक ले जानेवाली अनेक परिस्थितियां यहाँ हुई है। मगर इन सब को हटाकर संसार को विनाश से बचाने के लिये U. N. O. करीब करीब विजयी हुआ है।

ईजित में स्वेज़ नहर के देशीकरण के साथ साथ जो संघर्ष हुआ था, उसे ही ले। उन अरब राज्यों के लिये शायद यह देशीकरण लाभदायक भी हो, किन्तु अमेरिका, ब्रिटन, फ्रान्स आदि ने इस यत्न को एक युद्ध में परिणत करना चाहा। U. N. O. ने यहाँ यथायोग्य, अपने कर्तव्य का पालन किया और संसार में अपने लिये बडा सम्मान प्राप्त किया। इसी तरह, इराक में पाश्चात्यानुकूल वहाँ के शासक को पदच्युत करके सेना ने अधिकार ले लिया था और अभी हाल ही में जोर्दान में जो धरेलू संघर्ष हुआ था, उस समय ब्रिटन ने अपनी सेना वहाँ भेजी, पर U. N. O. के निरीक्षकों ने वहाँ भी शांति की स्थापना की। ऐसे, संसार में जहाँ २ अशांति के बीज बोये जायें, तभी वहाँ उसका विनाश कर शांति स्थापित करने में यु. एन. ओ. सफलता प्राप्त कर रहा है।

ऐक्य राष्ट्रसभा के शांति-स्थापन के यत्नों के लिए भारत सभी तरह की सहायतायें पहुँचा रहा है। कोरियन युद्ध के समय भारत ने सभा की सैनिक सहायता की और आगे भी सभा के परिश्रमों में, भारत की हार्दिक सहायता मिलेगी भी। भारत ने अभी काश्मीर समस्या U. N. O. में पेश किया है और, हम विचार कर सकेंगे कि इस का, अतिशीघ्र ही हल हो जायेगा।

इन सब गुणों के होते हुए भी, इस का, अवगुण भी होना स्वाभाविक है। सभा का सब से बडा दोष यह है कि इस में संसार की सभी जनता का प्रतिनिधित्व नहीं, यही कारण है कि, कुछ लोग कहते हैं, — यह एक अंतराष्ट्रीय सभा न हो सकती। दूसरा दोष कुछ मुख्य राष्ट्रों के होने वाला Veto-Power है। अगर कोई भी अन्ताराष्ट्रीय कार्य सभा में चर्चा के लिये आ जाय और, चाहे वह लाभप्रद भी हो, तो भी, इस वी. टो. शक्ति के कारण उस का सफल होना कैसे संभव हो? अत: पहले, संसार की सारी जनता को इस में भाग लेने दें और वी. टो. शक्ति को हटाकर, शीघ्र ही इस के नियमों का पुन: निर्माण कर इस को सुशक्त बनायें और उस के बाद ही शांति के लिये यत्न करने लगें। ऐसा करने से ही इस सभा की पूर्ण विजय हो सकती है।

निरायुधीकरण विश्व-शांति का एक मुख्य अंग है। इस मामले पर सभा में लंबे २ व्याख्यान देनेवाले राष्ट्र ही, सभा के बाहर, अपने शस्त्रों के बढाने की भरसक कोशिश कर रहे हैं, ऐसी अपस्था में विश्व-शांति असंभव है। सैनिक-शक्ति बढाने में, वैज्ञानिक अन्वेषण करने में, और अन्तराष्ट्रीय संघर्षों के लिये भी, रूस, अमेरिका आदि संसार के मुख्य-शक्तिशाली राष्ट्र, एक दूसरे को दोषी ठहराते हैं, यह उचित ही नहीं, पर वह, इन संघर्षों को और भी बढायेगा। देखिये, — अभी रूस और अमेरिका अपने २ रोकट-परीक्षण चालु करते रहते हैं न? जब तक राष्ट्र अपने में और उसी प्रकार आपस में विश्वास न कर सकता तब तक विश्व-शांति का होना असंभव ही है।

सीटो, नाटो, वाँग्सै संधि, आदि शक्ति-हीन संघ-समितियाँ हैं। हम यह कह सकते हैं कि जब इन सभा-समितियों को मिटाकर, राष्ट्र आपस में विश्वास रख, जनता की सुख-शांति अपना लक्ष्य बनायेगा, तभी विश्वशांति संभव है। उस मंगल-शांति का, हम कब तक प्रतीक्षा करते रहें!!

विद्यार्थी और समाज सेवा।

(C. R. Kunjayyappan, II B. Sc.)

सामाजिक जीव हैं मनुष्य, समाज से उन का घनिष्ट संबध भी है। समाज की उन्नति के लिये अपनी शक्ति के अनुसार काम करना हरेक व्यक्ति का कर्तव्य है। आपस में प्यार कर एक दूसरे की सहायता करने पर ही संसार का स्थायी अस्तित्व हो सकता है। समाज में शांति और सुख स्थापित करने के लिये जब से हम कोशिश करने लगेंगे तभी समाज की उन्नति भी संभव है। समाज के एक व्यक्ति की हैसियत पर, विद्यार्थियों को भी अपने इन कर्तव्यों से पीछे न हटना चाहिये। अपनी, वैयक्तिक बातों के होने पर भी उन्हीं के साथ साथ समाज की सेवा करना भी उन्हें अपना अलग कर्तव्य समझना चाहिये।

समाज-सेवा करनेवालों में अच्छे गुण भी हों। उन का हृदय विशाल होना चाहिये। समाज-सेवा करते समय सब को अपने भाई-बहिन समझें। क्षमा, दया, सहानुभूति आदि के मूर्तिमान देश-भक्त नेताओं को देश-सेवा में पथ-प्रदर्शक बनाकर उन के आदर्शों के अनुसार देश-सेवा में लग जायँ तो हमारा पराजय कब हो सकता है? — कभी न हो सकता। हम जिस प्रकार दूसरों को बनाना चाहते है, उसी प्रकार हमें पहले बनना चाहिये। तभी हम सच्चे समाज-सेवक बन सकते हैं।

इस स्वतंत्र भारत में ऐसे कितने भी आदमी हैं जो साधारणत: गरीब हैं; उन लोगों को खाने के लिये भोजन, पहनने के लिये वस्त्र और रहने के लिये शायद मकान भी न हो, किन्तु हम लोगों का कर्तव्य है उन असहायों की सेवा करना, उन को उचित सहायता पहुँचाकर उन्हें राज्य के योग्य पुरूष बनाना। इन गरीबों को सहायता पहुँचाने के लिए विद्यार्थियों को अधिक समय मिलता है। छुट्टी के समय इन बेचारों के घर जाकर उन्हें लिखा-पढा सकते हैं, अखबार पढ-सुना सकते हैं; ऐसे वे शिक्षित बनने पर सफाई की बातें उन से बताकर उन्हें तन्दुरुस्त और सुखी भी बना सकते हैं। ये सब समाज की ही बडी सेवा रहेगी।

गाँवों में घूम-फिरकर, उन की बुरी दशा में सुधार लाने के लिये, उन की ही सहायता से रास्ते बनायें और सभाएँ बुलवाकर, उन में देश की उन्नति के लिये ज़रूरी योजनायें पेशकर उन के अनुसार हम कई सुधारात्मक कार्य भी कर सकते हैं। ग्रामीणों को नये २ धरेलू धंधे सिखाकर उन की आय में वृद्धि कर सकते हैं। इस प्रकार करने से, ज्ञान प्राप्त होने के साथ साथ वे बडे ही प्रगतिशील हो जायेंगे; उन में नयी ज्योति आ जायेगी; जब एक व्यक्ति की सहायता करते हैं, तब हम समाज और राष्ट्र की सहायता करते हैं।

समाज की सेवा के लिये विद्यार्थी-मंडलों की स्थापना होनी चाहिये। समाज-सेवा में जोश लाने के लिये बडे अनुभवी लोगों का अमूल्य उपदेश हमें अनिवार्य है। देश-सेवा से, अनेकों बडे भी हुए हैं। निस्वार्थ भाव की सेवा-वृत्ति और उस से समाज की उन्नति ही हम अपना लक्ष्य मानें। समाज में जहाँ कहीं चूषण, अकाल आदि से लोग पीडित हों वहाँ जाकर उन कुचेलों की सेवा करना सब अपना धर्म ही मानें और उस के अनुसार समाज-सेवा करें तो समाज में शांति और सुख की स्थापना ज़रूर संभव होगी।



STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER (THE MAGAZINE, CHRIST COLLEGE.)

See Rule 8.

1.	Place of Publication	—	Irinjalakuda.
2.	Periodicity of Publication	—	Annual.
3.	Printer's Name	—	Stanley Paul.
	Nationality	—	Indian.
	Address	—	Christ College, Irinjalakuda.
4.	Publisher's Name	—	Stanley Paul.
	Nationality	—	Indian.
	Address	—	Christ College, Irinjalakuda.
5.	Editor's Name	—	T. V. Ouseph.
	Nationality	—	Indian.
	Address	—	Christ College, Irinjalakuda.
6.	Name and Address of the individual who owns the Newspaper	—	Christ College, Irinjalakuda.

I, Stanley Paul, hereby declare that the particulars given are true to the best of my knowledge and belief.

Sd. (Stanley Paul)
Signature of Publisher.

8—6—1959.

PRINTED AT THE ST. MARY'S ORPHANAGE PRESS,
FATIMA NAGAR, TRICHUR. SOUTH INDIA.

NOW TRY YOUR WASH WITH LAVNDA'S

CHANDNI
LILY
VENUS
} BAR SOAPS

LAVANDA Laboratories

(REGD.)

IRINJALAKUDA

GRAM: LAVANDA P. B. No. 8

Printed at the St. Mary's Orphanage Press, Fatima Nagar, Trichur.